"വിദ്വത്ത്വമോ, സ്വാതന്ത്ര്യമോ, സ്വതേനല്ലതും ഈശ്വരവിഹിതവുമായ യാതൊന്നിനേയുംപററിയുള്ള കേവലമായ ജ്ഞാനമോ ആക്ഷേപാർഹമല്ല... എന്നാൽ ഒരു നല്ല മനസ്സാക്ഷിയും ഗുണഭൂയിഷ്ഠമായ ജീവിതവും എല്ലായ്പോഴും അതിനേക്കാൾ ആദരണീയമാണ്"—ക്രിസ്ത്വാനുകരണം

# സത്യദീപം

"നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും, സർവ്വശക്തിയോടും, പൂർണ്ണമനസ്സോടുംകൂടി സ്നേഹിക്കണം.... നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണം"—മത്തായി XXII: 37, 39.

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 സെപ്റ്റംബർ 12—ബുധനാഴ്ച | Vol. 30, No. 5

## ആധുനിക ഇംഗ്ലണ്ടിലെ
# കത്തോലിക്കാ പുനരുത്ഥാനം

(എ. എഫ്. വെള്ളാനിക്കാരൻ)


ഏതാണ്ട് നാലു ശതാബ്ദങ്ങൾക്കു മുമ്പ് ഇംഗ്ലണ്ട്, പാപ്പാധിപത്യത്തോടു തല്ലിട്ട് കത്തോലിക്കാ സന്മാർഗ്ഗനിബന്ധനകളെയെല്ലാം വലിച്ചെറിഞ്ഞു, ദീപാളി കുളിക്കുകയാണല്ലോ ഉണ്ടായതു്. ഈ ദുരന്തനാടകത്തിലെ പ്രധാന നടൻ, "വിശ്വാസസംരക്ഷകൻ"(Defender of Faith) എന്ന ഉന്നത ബഹുമതിസ്ഥാനം മാർപ്പാപ്പായിൽനിന്നു ലഭിച്ചിരുന്ന ഹെൻറി എട്ടാമനുമായിരുന്നു. രാജസ്ഥാനത്തുനിന്നു മുൻകൈയെടുത്തു സഭയോടും മാർപ്പാപ്പായോടും മത്സരിക്കുവാൻ തുടങ്ങിയതോടുകൂടി ഇംഗ്ലണ്ടിലെ ഭൂരിപക്ഷം ജനങ്ങളും സഭാവിദ്വേഷികളായി പരിണമിക്കുന്നതിനുള്ള സാഹചര്യം ഉൽഭൂതമായിത്തീർന്നു. തൽഫലമായി 16-ാം നൂററാണ്ടിനുശേഷം ഇംഗ്ലണ്ട്, കത്തോലിക്കാവിദ്ധ്വംസക മനോഭാവത്തോടുകൂടിയ തനി ഒരു പ്രൊട്ടസ്റ്റൻറ് രാജ്യമായിത്തീരുകയാണുണ്ടായതു്. ഇതിനെത്തുടർന്നു കത്തോലിക്കാസഭയ്ക്കും അതിനോടനുബന്ധപ്പെട്ടിരുന്ന സർവ്വഘടകങ്ങൾക്കും ആദർശങ്ങൾക്കും അനുഭവിക്കേണ്ടിവന്നിട്ടുള്ള മർദ്ദനങ്ങളും അസ്വാതന്ത്ര്യങ്ങളും ആരേയും അമ്പരപ്പിക്കുന്നതാണ്. ആദ്യശതകങ്ങളിലെ ക്രിസ്തുമതപീഡനങ്ങളോടു കിടപിടിക്കത്തക്ക തോതിൽ തന്നെയായിരുന്നു ഇംഗ്ലണ്ടിലെ അന്നത്തെ കത്തോലിക്കാ മതപീഡനങ്ങളെന്നു പറയാവുന്നതാണ്.

ഇങ്ങനെയെല്ലാം ഇംഗ്ലണ്ടിലെ കത്തോലിക്കാസഭ രണ്ടു മൂന്നു ശതാബ്ദത്തോളം ദുരന്തദുരിതങ്ങൾക്കു് വിധേയമായെങ്കിലും, ഇന്നവൾ ചൈതന്യസമ്പന്നതയോടെ പുനർജ്ജീവൻ പ്രാപിച്ചുവരുന്ന മനോഹരകാഴ്ചയാണ് നാം അവിടെ ദർശിക്കുന്നതു്. ക്രിസ്തുവിനെ യഹൂദർ കുരിശിൽ തറച്ചു വധിച്ചു; കുഴിയിൽ സംസ്കരിച്ചു; പാറക്കല്ലുകൊണ്ടു മൂടി മുദ്രവച്ചു; എന്നിട്ടോ? അവിടുന്നു മൂന്നാം നാൾ വിജയശ്രീലാളിതനായി ഉയിർത്തെഴുന്നേല്ക്കുകതന്നെ ചെയ്തു. ഇതേ പ്രതീതി തന്നെയാണ്, ഇംഗ്ലണ്ടിലെ കത്തോലിക്കാ സഭയെ പററിയും നമുക്ക് അനുഭവപ്പെടുന്നതു്; ഹെൻറി അവിടത്തെ കത്തോലിക്കാ സഭയെ കുഴിച്ചു മൂടി; അനന്തരഗാമികൾ മർദ്ദനശിലകൊണ്ടു അടച്ചുകെട്ടി, എന്നിട്ടും മൂന്നു നൂററാണ്ടുകൾക്കുശേഷം സഭാമാതാവു് നവോന്മേഷത്തോടുകൂടി ഇംഗ്ലണ്ടിൽ പുനരുത്ഥാനം ചെയ്തിരിക്കുന്നു. സഭയുടെ അജയ്യമായ സജീവതത്വമാണ് ഇംഗ്ലണ്ട് നമുക്ക് നൽകുന്ന സുന്ദരപാഠം.

### ഇന്നത്തെ നില

ഇന്നവിടെ അമ്പതു ലക്ഷത്തിൽപരമുള്ള ഒരു ജനസഞ്ചയമാണ് സത്യവിശ്വാസദീപത്തെ പ്രോജ്ജ്വലിപ്പിച്ചു വിരാജിച്ചുകൊണ്ടിരിക്കുന്നതു്. സംഘടിതമായ കത്തോലിക്കാ പ്രവർത്തനങ്ങൾ ഇംഗ്ലണ്ടിൽ ഇന്നു ഊർജ്ജസ്വലമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. വൈദികരും അൽമായരും ഒരുപോലെ ഈ വിഷയത്തിൽ പങ്കെടുക്കുന്നുണ്ട്. കത്തോലിക്കേതരന്മാർക്ക് സഭാസംബന്ധമായ വിജ്ഞാനം നൽകുന്നതിനുപയുക്തമായ ഒരു കേന്ദ്രം (Catholic Enquiry Centre) അവിടെ രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രവർത്തനദ്വാര നിരവധി പ്രൊട്ടസ്റ്റൻറ് വ്യക്തികൾ സഭയിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു; എന്നുമാത്രമല്ല മററു വിവിധ പ്രവർത്തനങ്ങൾ വഴിയായും പ്രതിവർഷം സഭാപ്രവേശം ചെയ്യുന്നവർ പതിനായിരത്തിൽ കുറവല്ല. ഇവരെല്ലാം തന്നെ നല്ല വിശ്വാസദാർഢ്യമുള്ള പ്രായോഗിക കത്തോലിക്കാജീവിതം നയിക്കുന്നവരുമാണ്. പണ്ടൊക്കെ ഇംഗ്ലണ്ടിൽ കത്തോലിക്കരെന്നറിയപ്പെടുന്നതുതന്നെ ഒരു രണ്ടാം തരമായിരുന്നു. എന്നാൽ ഇന്നു മട്ടെല്ലാം മാറി; കത്തോലിക്കർക്കു ഇന്നു എവിടേയും ബഹുമാന്യമായ ഒരു നിലയാണുള്ളതു്. ബ്രഹ്മാണ്ഡങ്ങളായ കത്തോലിക്കാ ദേവാലയങ്ങളും സ്ഥാപനങ്ങളും രാജ്യത്തിന്റെ സുപ്രധാന സ്ഥാനങ്ങളിൽ പോലും അഭിമാനപൂർവ്വം പരിലസിച്ചുകൊണ്ടു നില്ക്കുന്നതു കാണാവുന്നതാണ്. പണ്ടത്തെ ഒളിഞ്ഞും മറഞ്ഞുമുള്ള പിന്നണിജീവിതത്തിൽനിന്നു ഇംഗ്ലീഷ് കത്തോലിക്കർ ഇന്നു മുന്നണിയിലേക്ക് മാർച്ച് ചെയ്യുകയാണ്. വ്യവസായ ശാലകളിലും മററു തൊഴിൽ രംഗങ്ങളിലും കത്തോലിക്കാ യുവജനങ്ങൾ ഉശിരോടും അഭിമാനാവേശത്തോടുംകൂടി തങ്ങളുടെ കത്തോലിക്കത്വത്തെ പ്രകടിപ്പിക്കുവാൻ സർവ്വദാ സന്നദ്ധരായികാണപ്പെടുന്നു. അകത്തോലിക്കരുടെ അവഹേളനമോ അലക്ഷ്യഭാവമോ ഇവരെ ഒരുതരത്തിലും നിരുന്മേഷരാക്കിത്തീർക്കുന്നില്ല.

ഈ കത്തോലിക്കാ മുന്നേററത്തിന്റെ പ്രത്യക്ഷഫലങ്ങൾ ഇംഗ്ലീഷ് ജീവിതാന്തരീക്ഷത്തിൽ സർവ്വത്ര തെളിഞ്ഞു കാണുന്നുമുണ്ട്. പ്രവചനങ്ങളായ പലേ തൊഴിൽ സംഘടനകളും കത്തോലിക്കാസാമൂഹ്യസിദ്ധാന്തങ്ങളെ അംഗീകരിക്കുന്നതിനുള്ള ഒരു സന്മനോഭാവം പ്രദർശിപ്പിക്കുവാൻ തുടങ്ങിയിരിക്കുകയാണ്. തൊഴിൽ നേതാക്കന്മാരിൽ പല ഉന്നതവ്യക്തികളും കത്തോലിക്കാദർശങ്ങളേയും സിദ്ധാന്തങ്ങളേയും ബഹുമാനിക്കുന്നവരുമാണ്.



വിശുദ്ധ പത്താം പീയൂസ്

(തിരുനാൾ—സെപ്റ്റംബർ 6)

### രാഷ്ട്രീയപരിഗണന

16-ാം ശതകത്തിലെ മതവിപ്ലവഘട്ടത്തിലും അതിനുശേഷവും നിയമംമൂലം നിരവധി അസ്വാതന്ത്ര്യങ്ങളും അവശതകളും കത്തോലിക്കരുടെമേൽ അടിച്ചേല്പിച്ചിരുന്നു. എന്നാൽ ഇന്നു ആവക നിയമങ്ങളെല്ലാം റദ്ദു ചെയ്യപ്പെട്ടിരിക്കുകയാണ്. കത്തോലിക്കർക്കനുകൂലമായൊരു വീക്ഷണഗതിയാണ് ഇന്നു ഇംഗ്ലണ്ടിൽ പ്രചരിച്ചുവരുന്നതു്. 1829-ൽ "കത്തോലിക്കാ സ്വാതന്ത്ര്യ ആക്ട്" (Catholic Emancipation Act) പാസ്സാക്കിയ അവസരത്തിൽ പാർലമെൻറിൽ കലശലായ എതിർപ്പു പ്രത്യക്ഷപ്പെട്ടിരുന്നു. എന്നാൽ 1926 ലെ "കത്തോലിക്കാ സമാശ്വാസ ആക്ട്"(Catholic Relief Act) പാർലമെൻറിൽ അവതരിപ്പിച്ചപ്പോൾ അതിനു ഐകമത്യമായൊരു സ്വീകരണമാണു ലഭിച്ചതു്.

ഒരു പ്രധാന ഉദ്യോഗസ്ഥാനം ഇന്നും കത്തോലിക്കർക്കു നിരോധിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതു വാസ്തവംതന്നെ. നമ്മുടെ ധനകാര്യമന്ത്രിയുടെ സ്ഥാനത്തോട് ഏതാണ്ടു സമാനമായ ലോർഡ് ചാൻസലർ (Lord Chancellor) സ്ഥാനമാണതു്. (സർ തോമസ് മൂർ ആ സ്ഥാനത്തിരിക്കുമ്പോഴാണ് നിഷ്കാസിതനായതും ശിരഃഛേദം ചെയ്യപ്പെട്ടതും) പ്രധാനമന്ത്രിപദവും ഇതേവരെ ഒരു കത്തോലിക്കനലങ്കരിക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ളതും ഒരു പ്രത്യേക അവശതയാണ്. എന്നിരുന്നാലും രണ്ടാംലോകമഹായുദ്ധത്തിനുമുമ്പും അതിനുശേഷവും മന്ത്രിസഭയിലും മററു പ്രധാന ഉദ്യോഗമണ്ഡലങ്ങളിലും രംഗങ്ങളിലും കത്തോലിക്കർ ഉന്നതസ്ഥാനങ്ങൾ വഹിച്ചുപോരുന്നുണ്ട്. ഹൈക്കോർട്ട് ജഡ്ജിമാർ, നഗരാധിപന്മാർ മുതലായവർ ഇക്കൂട്ടത്തിൽ പെടുന്നവരാണ്. കത്തോലിക്കാ എം. പി. മാർ താരതമ്യേന കുറവുതന്നെയാണെന്നു പറയണം. ഏതാണ്ടു ഇരുപതോളംപേർ മാത്രമാണിപ്പോളുള്ളതു്.

ഭരണംനടത്തുന്ന ബ്രിട്ടീഷ്‌രാജാവ് ഇംഗ്ലണ്ടിലെ പ്രൊട്ടസ്റ്റണ്ട് സഭാവിഭാഗത്തിലെ (Church of England) ഒരംഗമായിരിക്കണമെന്നു നിയമം അനുശാസിക്കുന്നുണ്ട്. എന്നാൽ അദ്ദേഹത്തിനു ദിവ്യബലി തുടങ്ങിയ കത്തോലിക്കാ തിരുക്കർമ്മാദികളിലും മററും സംബന്ധിക്കുന്നതിനു പ്രതിബന്ധങ്ങളൊന്നുമില്ലതാനും. രാജകൊട്ടാരത്തിൽ വിവിധ വകുപ്പുകളിലായി പലേ കത്തോലിക്കാ ഉദ്യോഗസ്ഥന്മാർ അധിവസിക്കുന്നുമുണ്ട്.

### വത്തിക്കാനുമായുള്ള ബന്ധം

പരി. സിംഹാസനവും ബ്രിട്ടീഷ്ഗവമ്മെൻറും തമ്മിൽ നയതന്ത്രബന്ധത്തിൽ ഏർപ്പെട്ടിട്ടുണ്ട്. പരി. പിതാവിന്റെ പ്രതിനിധിയായി ലണ്ടനിൽ ഒരു ഡലഗാദപ്പസ്തോലിക്കാ നിയമിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ആ സ്ഥാനം വഹിക്കുന്നതു് ഒരു അമേരിക്കൻ ആർച്ചുബിഷപ്പായ ജരാൾഡ് ഒഹാരിയാണ്. ഇതിന്റെയെല്ലാം ഫലമായി സഭയ്ക്കും രാഷ്ട്രത്തിനും തമ്മിൽ സൗഹാർദ്ദപരമായ ഒരു പരസ്പരധാരണ ഇംഗ്ലണ്ടിൽ ഇന്നു സംജാതമായിട്ടുണ്ടെന്നുള്ളതു് ആനന്ദപ്രദമാണ്.

പരി. സിംഹാസനവും രാജകുടുംബവും തമ്മിൽ കുറേ കാലങ്ങളായി വളരെ മൈത്രിയിലും രഞ്ജിപ്പിലുമാണ് വർത്തിച്ചുകൊണ്ടിരി

(ശേഷം 3-ാംപേജിൽ)

# മുടന്തൻ ന്യായങ്ങൾ

[ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.]

അടുപ്പിച്ചു ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു വൈമനസ്യം പ്രകടിപ്പിക്കുന്നവരെ ആധുനികകാലത്തു ധാരാളമായി കാണാവുന്നതാണ്. അവർ തങ്ങളെത്തന്നെ നീതീകരിക്കുന്നതിനു കൊണ്ടുവരുന്ന ചില മുടന്തൻ ന്യായങ്ങൾ താഴെ ചേർക്കുന്നു.

1) "ആവശ്യത്തിനുള്ള ഭക്തി എനിക്കുണ്ട്. ജനങ്ങളുടെ മുമ്പിൽ ഞാൻ നല്ലവനാണ്. ഞാൻ ആരെയും ഉപദ്രവിക്കുന്നില്ല. ചുരുക്കത്തിൽ അടുപ്പിച്ചു കുർബാന കൈക്കൊള്ളുന്നവരേക്കാൾ ഞാൻ വളരെ ഭേദമാണ്."

ഇപ്രകാരം പറയുന്നവർ ക്രിസ്തുവിന്റെ ഇഷ്ടമനുസരിച്ചല്ലാ ക്രിസ്തുമതം പോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത്. പ്രത്യുത മററുള്ളവരുടെ പാപജീവിതത്തെപ്പററി സങ്കുചിതമനഃസ്ഥിതിയോടുകൂടിയുള്ള വിമർശനം വഴിയാണ്. അടുപ്പിച്ചു കുർബാന കൈക്കൊള്ളുന്നതു കൊണ്ടാണ് പാപം ചെയ്യുന്നതെന്നു ഈ കൂട്ടർ പറയുന്നതു ദൈവദോഷമാകുന്നു.

2) അടുപ്പിച്ചു കുർബാന കൈക്കൊള്ളാത്തതിനു വേറൊരു കൂട്ടർ പറയുന്ന ന്യായം അവർ അതിനു യോഗ്യരല്ലായെന്നാണ്. അവർ ഇപ്രകാരം പറയുന്നു "അടുപ്പിച്ചു കുർബാന കൈക്കൊള്ളുന്നതിനു ഞാൻ യോഗ്യനല്ല. ചാവുദോഷം ഞാൻ ചെയ്യുന്നില്ലായെങ്കിലും അനിയന്ത്രിതമായ അരിശവും തന്ന്യവിചാരങ്ങളും ഇപ്രകാരമുള്ള ദിവ്യകാരുണ്യസ്വീകരണത്തിനു എന്നെ അധൈര്യപ്പെടുത്തുന്നു കൂടാതെ ഞാൻ ഒരു തീരുമാനവും ചെയ്തിട്ടുണ്ട്. അതായതു് കുമ്പസാരിക്കാതെ കുർബാന കൈക്കൊള്ളുകയില്ലെന്നു്."

ഇയാൾ ജാൻസനിസ സിദ്ധാന്തങ്ങളോടു കൂടുതൽ യോജിക്കുന്നു. കാരണം ജാൻസനിസക്കാർ പഠിപ്പിക്കുന്നു അടുപ്പിച്ചുള്ള കുർബാന കൈക്കൊള്ളൽ നടത്തുന്നതിനു ആരുംതന്നെ യോഗ്യരല്ലെന്നു്. കത്തോലിക്കാസഭയാകട്ടെ ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചു താഴെപ്പറയുന്ന ആനുകൂല്യങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. (എ) സഭ നിർദ്ദേശിച്ചിരിക്കുന്ന ഉപവാസമനുഷ്ഠിച്ചു് ചാവുദോഷത്തിലല്ലാ സ്ഥിതിചെയ്യുന്നതെന്നു ബോദ്ധ്യമുള്ള ഏതൊരു കത്തോലിക്കനും ദിവസവും കുർബാന കൈക്കൊള്ളാം. (ബി) ഓരോ ദിവ്യകാരുണ്യസ്വീകരണത്തിനും മുമ്പു കുമ്പസാരിക്കണമെന്നില്ല. ആഴ്ചയിലൊന്നോ രണ്ടാഴ്ചയിലൊരിക്കലോ കുമ്പസാരിച്ചാൽ മതി. (സി) പാവദോഷമുണ്ടെന്നു വിചാരിച്ചു വിശുദ്ധ കുർബാന ദിവസവും കൈക്കൊള്ളുന്നതിൽ ഉപേക്ഷ വിചാരിക്കരുതു്, കാരണം അടുപ്പിച്ചുള്ള കുർബാന സ്വീകരണം പാവദോഷങ്ങളെ പിഴുതുകളയുവാൻ പര്യാപ്തമായ ഔഷധമാണ്. "യോഗ്യരല്ല" എന്നു പറയുന്നവർ കാലു കഴുകുന്നതിൽ തടസ്സം പറഞ്ഞ പത്രോസിനു സദൃശരാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവു് പത്രോസിന്റെ കാൽ കഴുകുന്നതിനു മുട്ടുകുത്തിയപ്പോൾ പത്രോസ് തന്റെ അയോഗ്യത വിളിച്ചു പറഞ്ഞു. അപ്പോൾ കർത്താവു് പറഞ്ഞു് "നിന്റെ കാൽ കഴുകുന്നതിനു എന്നെ അനുവദിച്ചില്ലെങ്കിൽ എന്നോടു നിനക്കു പങ്കില്ല" എന്നാണ്. അതിനാൽ കുർബാന അടുപ്പിച്ചു കൈക്കൊള്ളുന്നതിനു യോഗ്യരല്ലെന്നു പുലമ്പുന്നവരോടു കർത്താവു് പറയുന്നുണ്ടു് "നിന്റെ പക്കൽ വരുവാൻ എന്നെ അനുവദിക്കുന്നില്ലെങ്കിൽ നിനക്കു എന്നോടുകൂടി പങ്കില്ല" എന്നു്.

3) "എന്റെ തഴക്കദോഷങ്ങൾ ഇല്ലാതാക്കുവാൻ സാദ്ധ്യമല്ല" എന്നു പറയുന്നവരാണ് മൂന്നാമത്തെ ഗണത്തിൽ പെട്ടവർ. ഇവർ അടുപ്പിച്ചു കുർബാന കൈക്കൊള്ളുന്നതിനു അവരുടെ ആത്മീയപിതാക്കന്മാരുടെ നിർദ്ദേശം സ്വീകരിക്കുന്നതാണു നല്ലതു്.

4 "ഭക്തനായി അഥവാ പുണ്യവാനായി മററുള്ളവരുടെ ദൃഷ്ടിയിൽ കാണപ്പെടുന്നതു എനിക്കിഷ്ടമില്ല. അതുകൊണ്ടാണ് അടുപ്പിച്ചു കുർബാന കൈക്കൊള്ളാത്തതു്." ഇപ്രകാരം പറയുന്നവർ പരോക്ഷമായി സമ്മതിക്കുന്നു ദൈവത്തെ കൂടുതലായി സ്നേഹിക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നു്. ഇയാളുടെ ചിന്തയും ദൈവത്തോടുള്ള സ്നേഹവും തമ്മിൽ പൊരുത്തം കല്പിക്കുന്നുവെങ്കിൽ ക്രിസ്തുമതത്തിന്റെ പ്രധാനതത്വം ഇയാൾ മനസ്സിലാക്കിയിട്ടില്ലെന്നാണ് അനുമാനിക്കേണ്ടതു്. അതായതു് ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയണമെങ്കിൽ ദൈവം ഇഷ്ടപ്പെടുന്നതു ദൈവത്തെ സ്നേഹിക്കുന്ന ആളും ഇഷ്ടപ്പെടണം. ദൈവം കല്പിക്കുന്നതു അയാൾ ചെയ്യുകയും വേണം. അയാളുടെ ചിന്തകളും സങ്കല്പങ്ങളും എന്തു പറയുന്നുവെന്നു നോക്കേണ്ട ആവശ്യമില്ല. കുബുദ്ധികളായ ചില കത്തോലിക്കരുടെ വിമർശനങ്ങളും അവഹേളനങ്ങളും ഭയന്നു നല്ല കത്തോലിക്കർ പോലും ഭക്തരായി നടക്കുന്നതിനു ലജ്ജിക്കുന്നതു സാധാരണ സംഭവമാണ്.

5) "എന്റെ ജോലിത്തിരക്കുമൂലം തുടർച്ചയായ ദിവ്യകാരുണ്യസ്വീകരണത്തിനു സൗകര്യവും സമയവുമില്ല." ഇപ്രകാരമുള്ള അഭിപ്രായക്കാരുടെ പിമ്പിൽ 99 ശതമാനവും "സമയമില്ലാ" എന്നതിനേക്കാൾ വേറേ ചിലതു ഒളിഞ്ഞു കിടപ്പുണ്ട്. ഒരു കുർബാന കൈക്കൊള്ളപ്പാടിനു എത്ര സമയം വേണ്ടിവരുമെന്നു നമുക്കറിയാവുന്നതാണ്. പള്ളിയിൽ പോകുന്നതും അവിടെ ചെലവഴിക്കുന്നതും കൂടി കൂടിയാൽ ഒരു മണിക്കൂറാകും. അത്രയും സമയം ചെലവാക്കുന്നവർക്കു എന്തു സമയനഷ്ടമാണുണ്ടാകുന്നതെന്നു ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. വാസ്തവം പറഞ്ഞാൽ "സമയമില്ലാ കത്തോലിക്കർ" ഒന്നുകിൽ പാപത്തിൽനിന്നും മാറി ജീവിക്കുവാൻ സമ്മതമില്ലാത്തവർ, അല്ലെങ്കിൽ ആവശ്യത്തിനു നല്ലവരെന്നഭിപ്രായമുള്ളവരായിരിക്കും. അവർ അചഞ്ചലവും സജീവവുമായ വിശ്വാസമില്ലാത്തവരും മിശിഹായോടു അല്പം മാത്രം സ്നേഹമുള്ളവരുമായിരിക്കും.

6, "ആണ്ടിൽ വളരെ ചുരുക്കം ദിവസങ്ങളിൽ മാത്രം കുർബാന കൈക്കൊള്ളുക, അതു വളരെ ഭക്തിയോടും തീക്ഷ്ണതയോടും കൂടിയായിരിക്കണം. എന്നാകുന്നു വേറൊരു കൂട്ടരുടെ അഭിപ്രായം. ചുരുക്കം ദിവസങ്ങളിൽ മാത്രം മതിയെന്നു പറയുന്നവർ സഭയുടെ നിയമത്തിനും മിശിഹായുടെ ഇഷ്ടത്തിനുമെതിരാണ്. കൂടാതെ "കൂടുതൽ ഭക്തിയോടുകൂടി വേണം" എന്ന അഭിപ്രായത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നതു്. അതിനാൽ അതു നല്ല ഒരു കാരണമല്ല. മിശിഹാ അപ്പത്തിന്റെ രൂപമെടുക്കുന്നതിനു തന്നെ കാരണം എല്ലാ ദിവസവും സ്വീകരിക്കേണ്ട ഒന്നാണ് വിശുദ്ധ കുർബാന എന്ന അഭിപ്രായം വിശ്വാസികൾക്കു നൽകുന്നതിനുവേണ്ടി ആയിരുന്നു. ഭൗതികാശയത്തിൽ അപ്പം ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഭക്ഷണത്തിന്റെ സാദൃശ്യമാണ്. എല്ലാദിവസവും ശരീരത്തിനു അത്യാവശ്യവുമാണ്. വിശുദ്ധ കുർബാനയാകുന്ന അപ്പത്തെക്കുറിച്ചും വിശ്വാസികളുടെ ഇടയിൽ ഈ അഭിപ്രായമുണ്ടാകണമെന്നാണ് അവിടുത്തെ ആഗ്രഹം.

7) "അടുപ്പിച്ചുള്ള കുർബാന കൈക്കൊള്ളലിനെപ്പററി നല്ല അഭിപ്രായം എനിക്കില്ലാത്തതിന്റെ കാരണം എനിക്കു മനസ്സിലാകുന്നില്ല. ഇതു പ്രവൃത്തിയിൽ വരുത്തിയാൽ കൊള്ളാമെന്നു എനിക്കാഗ്രഹമുണ്ട്. എന്നാൽ അതു ഞാൻ ചെയ്യുന്നില്ലായെന്നു മാത്രമേ എനിക്കു പറയുവാൻ നിവൃത്തിയുള്ളൂ." ഈ ഗണത്തിൽ പെട്ട കത്തോലിക്കർ ലോകസുഖമെന്ന രോഗം ബാധിച്ചവരാണ്. ആത്മീയ സത്യങ്ങളെപ്പററിയുള്ള വിശ്വാസവും ഉറപ്പും അവർക്കില്ല. ഇപ്രകാരമുള്ളവർക്കു ദൈവാലയത്തിൽ വച്ചു അടുപ്പിച്ചുള്ള കുർബാന കൈക്കൊള്ളലിന്റെ പ്രാധാന്യത്തെപ്പററിയുള്ള പ്രസംഗം കേൾക്കുമ്പോൾ അതു നടപ്പിലാക്കണമെന്നുള്ള ഒരു നല്ല ആഗ്രഹം മനസ്സിൽ ഉദയം ചെയ്യും. എന്നാൽ അന്നേദിവസം സൂര്യാസ്തമനസമയം അതു് അസ്തമിക്കും. ക്ഷണികമെങ്കിലും അഭികാമ്യവും സുഖപ്രദവുമായ ഒരു ലോകം അവരെ ആവരണം ചെയ്തിരിക്കുന്നു. തന്മൂലം ദൈവത്തിനുവേണ്ടി എന്തെങ്കിലും കൂടുതലായി ചെയ്യണമെന്നുള്ള ചിന്ത അവർക്കു ലോകം നൽകുന്നില്ല. അവർക്കില്ലാത്തതു എന്താണെന്നു അവർ മനസ്സിലാക്കുന്നില്ല, അവസാനംവരെ മനസ്സിലാക്കുകയുമില്ല.

# "20 കൊല്ലത്തിനകം ദൈവത്തിന്റെ കഥ കഴിഞ്ഞിരിക്കും"

(ഫാദർ തോമസ് മണക്കാട്ട്)

നിരീശ്വരപ്രമാണിയായിരുന്ന സുപ്രസിദ്ധനായ വോൾട്ടയർ 1758-ൽ ഉച്ചത്തിൽ പ്രഖ്യാപിച്ച ഒരു പ്രവചനമാണ് ഈ ലേഖനത്തിന്റെ അഭിധാനം. എന്നാൽ വോൾട്ടയർ മരിച്ചു. ദൈവം ഇന്നും ജീവിക്കുന്നു. മറെറാരു നിരീശ്വരപ്രമാണിയായ ഷേമറു പറഞ്ഞു: "ദൈവമേ! നീ അങ്ങനെ ഒരാളുണ്ടെങ്കിൽ അതു തെളിയിക്കുന്നതിനായി എന്റെമേൽ ഇടിവെട്ടട്ടെ" എന്നു്. ക്ഷമാനിധിയായ ദൈവം ഉടനെ അയാളെ ശിക്ഷിച്ചില്ലെങ്കിലും അയാളും കാലക്കടലിൽ മറഞ്ഞു. അവിടുന്നാകട്ടെ ഇന്നും ജീവിക്കുന്നു. ഇനിയും വേറൊരു നാസ്തികപ്രധാനി ധിക്കാരമായി പ്രസ്താവിച്ചു: "പുരാതനദൈവം മരിച്ചിരിക്കുന്നു. ഞങ്ങളാണ് അവനെ കൊന്നതു്" എന്നു്. അയാളും മൺമറഞ്ഞു. ദൈവം ഇന്നും ജീവിക്കുന്നു. ഇങ്ങനെ ദൈവത്തെ വെല്ലുവിളിക്കുകയും കൊല്ലാൻ ശ്രമിക്കുകയും ചെയ്തവരെല്ലാംതന്നെ എന്നേക്കുമായി കടന്നുപോയിട്ടും അവരുടെ ചരിത്രം അതിനെല്ലാം സാക്ഷ്യം വഹിച്ചിട്ടും ഇന്നും പ്രസ്തുത സമരകോലാഹലം മുഴങ്ങിക്കൊണ്ടിരിക്കുന്നതാണ് അത്ഭുതകരം. ഈ അടുത്ത അവസരത്തിൽ പുരോഗമനചേരിയിൽ ഉൾപ്പെട്ട ഒരു ഗ്രന്ഥകാരൻ ഇങ്ങനെ എഴുതിയിരിക്കുന്നു. "നിർദ്ദയനായ സർവ്വശക്താ! ദാരിദ്ര്യത്തേയും വ്യാധികളേയും ദുഃഖത്തേയും സൃഷ്ടിച്ച നീയോ സ്നേഹസ്വരൂപൻ! അധികാരികളേയും അധികാരേച്ഛുക്കളേയും സൃഷ്ടിച്ച നീയോ നീതിമാൻ! എല്ലാ കൊള്ളകൾക്കും അഴിമതികൾക്കും കൂട്ടുനില്ക്കുന്ന നീയോ ന്യായാധിപൻ! നീ മനസ്സിലാക്കണം! നൂറു നൂറായിരം സന്താനങ്ങൾ ഞങ്ങൾ ഇവിടെയുണ്ട്; എരിപൊരി കൊള്ളുന്നവർ; നിത്യദുരിതം അനുഭവിക്കുന്നവർ; നിന്റെ നരകവും സ്വർഗ്ഗവും; വേണമെങ്കിൽ തീമഴ പെയ്യിച്ചു് നീ ഞങ്ങളെ നശിപ്പിക്കുക" എന്നു്. നോക്കുക! മനുഷ്യന്റെ മുഴുത്ത ധിക്കാരത്തിന്റേയും കടുത്ത അഹങ്കാരത്തിന്റേയും വിചിത്രചിത്രങ്ങൾ! അവൻ ഭൗതികാഭിലാഷങ്ങളിൽ മുങ്ങിമറിയുമ്പോൾ സ്വയം വിസ്മരിച്ചുപോകുന്നു. സൂര്യനെ മേഘങ്ങളെന്നപോലെ ഭോഗസുഖങ്ങൾ അവന്റെ ബുദ്ധിയെ നിഷ്പ്രഭമാക്കുന്നു. അവൻ മൃഗത്തെപ്പോലെ ജീവിക്കുവാനും പ്രവർത്തിക്കുവാനും മുതിരുന്നു. അവൻ ചിന്തിക്കുന്നില്ല, ലോകത്തിലെ സമസ്ത ജനങ്ങളും ലോകാരംഭംമുതൽ എക്കാലത്തും ദൈവാസ്തികൃത്തിൽ വിശ്വസിച്ചിട്ടുള്ളവരാണെന്നു്. മഹാസമുദ്രത്തിലെ ജലകണങ്ങൾ പോലെ ചിലപ്പോൾ ചിലരെല്ലാം ദൈവത്തിനെതിരായി സ്വരം ഉയർത്തിയിട്ടുണ്ടായിരിക്കാം. പക്ഷേ അവരുടെ സംഖ്യ കൈവിരലിൽ എണ്ണുവാൻമാത്രം അത്ര തുച്ഛമാണ്. ദൈവമില്ലെന്നു് പെരുമ്പറയടിക്കുന്ന റഷ്യയിൽപോലും വ്യക്തിപരമായി ചോദ്യം ചെയ്യുന്നപക്ഷം ദൈവസാന്നിദ്ധ്യം അവർ ഏററുപറയുകതന്നെ ചെയ്യും. "മനുഷ്യകുലത്തിന്റെ ഒന്നാകെയുള്ള സാക്ഷ്യമനുസരിച്ചു് സകല മനുഷ്യരുടേയും ആദികാരണം ഈശ്വരനാണ്" എന്നു് മഹാ താത്വികനായ അരിസ്റ്റോട്ടൽ പ്രസ്താവിക്കുന്നു.

മഹാ ശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ ഹ്യൂംസ്, അദ്ദേഹം ഒരു മതാനുകൂലിയല്ലായിരുന്നെങ്കിലും ദൈവാസ്തികൃത്തെ ഏററുപറയുന്നതിപ്രകാരമാണ്. "പ്രകൃതിയുടെ

---

ആദ്ധ്യാത്മികവീഥി

# പരിത്യാഗം—അഭ്യാസം

ദൈവത്തിന്റെ വത്സലമക്കളേ,

സജീവമായ വിശ്വാസചൈതന്യമാണു കടുത്ത പരിത്യാഗപൂർണ്ണമായ സന്യാസജീവിതത്തിനു മനുഷ്യരെ പ്രേരിപ്പിക്കുന്നതെന്നു കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിക്കുകയുണ്ടായി. സ്വന്തം കുരിശുവഹിക്കാതെ അഥവാ സ്വയം പരിത്യജിക്കാതെ ആർക്കും ഒരു വെറും സാധാരണ ക്രിസ്ത്യാനിയായിപോലും ജീവിക്കുക സാദ്ധ്യമല്ല. ആ സ്ഥിതിക്കു സന്യാസജീവിതത്തെ കാംക്ഷിക്കാത്തവർപോലും പരിത്യാഗം അഭ്യസിക്കുന്നതിനു ശ്രമിക്കേണ്ടതാണെന്നുവരുന്നു.

മറെറല്ലാക്കാര്യങ്ങളേയും പോലെ പരിത്യാഗവും എത്ര ചെറുപ്പംമുതൽ അഭ്യസിക്കുന്നുവോ അത്രയും നല്ലതാണ് മെഴുകുപോലെ എന്തുരേഖയും സ്വീകരിക്കാൻ എളുപ്പമുള്ള ശൈശവത്തിൽ ലഭിക്കുന്ന ശീലങ്ങൾ പ്രായമാകുമ്പോഴേക്കും പാറപോലെ ഉറയ്ക്കുമെന്നു നമുക്കറിയാം അതിനാൽ നമ്മുടെ കുഞ്ഞുങ്ങൾ ഉത്തമക്രിസ്ത്യാനികളായി വളർന്നുവരണമെന്നു നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ വളരെ ചെറുപ്പംമുതൽതന്നെ വിശ്വാസത്താൽ പ്രേരിതരായി ചെറിയ ചെറിയ പരിത്യാഗങ്ങൾ അഭ്യസിക്കുന്നതിനു അവരെ പഠിപ്പിക്കണം.

വി. കൊച്ചുത്രേസ്യായുടെയും മററും ജീവചരിത്രങ്ങൾ വായിച്ചുനോക്കുമ്പോൾ അവർക്കു ലഭിച്ചതുപോലുള്ള ഒരു പരിശീലനം ശൈശവംമുതൽ ലഭിക്കാനുള്ള ഭാഗ്യം നമുക്കുണ്ടായില്ലല്ലോ എന്നു നാം ഖേദിക്കുന്നു. നമ്മുടെ മക്കളും നമ്മുടെ ശിക്ഷണത്തിലുള്ള കുട്ടികളും അങ്ങനെ സംഘടപ്പെടാതിരിക്കുന്നതിനായി ഇപ്പോൾതന്നെ നമുക്കു കരുതാം. മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരും പറയുന്നതെന്തും കുഞ്ഞുങ്ങൾ കണ്ണുമടച്ചു വിശ്വസിച്ചുകൊള്ളും. ദൈവത്തെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും, ഉണ്ണിയീശോയേയും മാതാവിനേയുംകുറിച്ചും കാക്കുന്ന മാലാഖായെക്കുറിച്ചും മററും പറഞ്ഞാൽ കൊച്ചുകുട്ടികൾ കൗതുകത്തോടുകൂടി കേൾക്കുകയും അവയെല്ലാം വിശ്വസിച്ചു് അവരെ പ്രസാദിപ്പിക്കുന്നതിനും സ്വർഗ്ഗത്തിൽ നൂറിരട്ടി സമ്മാനം കിട്ടുന്നതിനുമായി അവരുടെ പ്രാപ്തിക്കൊത്തവണ്ണം ത്യാഗങ്ങൾ അഭ്യസിക്കയും ചെയ്യുന്നതായി കാണുന്നുണ്ട്.

വി. കൊച്ചുത്രേസ്യാ മൂന്നുവയസ്സിനു മുൻപുതന്നെ ഒരാശയടക്കക്കൊന്ത എപ്പോഴും കൈയിൽ കൊണ്ടുനടക്കുകയും ദിവസേന ചെയ്തിരുന്ന ത്യാഗങ്ങളുടെ കണക്കെടുക്കുകയും ചെയ്തിരുന്നതായി അവരുടെ ചരിത്രത്തിൽ നാം കാണുന്നുണ്ടല്ലോ. സ്വയം കണക്കെഴുതാൻ പ്രാപ്തിയില്ലാതിരുന്നതുകൊണ്ടു ജ്യേഷ്ഠസഹോദരികളെക്കൊണ്ടാണു ആ കൃത്യം നിർവ്വഹിപ്പിച്ചിരുന്നതു്. എല്ലാ ദിവസവും രാത്രി കിടക്കുന്നതിനു മുൻപു "ഇന്നു ഞാൻ ഒരു നല്ല കുട്ടിയായിരുന്നോ? ഈശോയ്ക്കും മാതാവിനും എന്നോടു തൃപ്തിയായിരിക്കുമോ? കാക്കുന്ന മാലാഖ ഈ രാത്രി എന്റെ കട്ടിലിനരികെ എന്നെ രക്ഷിച്ചുകൊണ്ടുനിന്നുകൊള്ളുമോ?" എന്നും മററും സഹോദരികളോടു ചോദിച്ചു് അനുകൂലമറുപടി കിട്ടിയെങ്കിൽ മാത്രമേ സമാധാനമായി കിടന്നുറങ്ങിയിരുന്നുള്ളൂ. നിശ്ചയമായും അവളുടെ അന്നത്തെ പരിത്യാഗങ്ങളുടെ എണ്ണംകൂടി അവരുടെ ശ്രദ്ധയിൽ പെടുത്തുമായിരുന്നു.

നമുക്കും ഇങ്ങനെ വിശ്വാസത്തിന്റെ ചൈതന്യത്താൽ പ്രേരിതരായി പരിത്യാഗം അഭ്യസിക്കുന്നതിനു ശ്രമിക്കാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

---


തൈക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷൻ സമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ

ഡി. എം. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

ഘടന ബുദ്ധിമാനായ ഒരു സ്രഷ്ടാവിൻെറ ആവശ്യകതയെ പ്രസ്പഷ്ടമാക്കുന്നു. ആസ്തികൃത്തേയും മതത്തേയും ബന്ധിക്കുന്ന മൗലികതത്വങ്ങളെ ഒരു നിമിഷത്തേക്കു പോലും സംശയസ്ഥാനത്തു നിറുത്തുവാൻ ഒരു യഥാർത്ഥചിന്തകനായ സത്യാന്വേഷിക്കു കഴിയുന്നതല്ല."

ലോകപ്രസിദ്ധ നിയമനിർമ്മാതാവായ സോളൻ പ്രസ്താവിക്കുന്നതു് പ്രത്യേകം ശ്രദ്ധാർഹമാണ്. "ഈ ലോകത്തിലെ വിവിധങ്ങളായ സൃഷ്ടിജാലങ്ങളെ കാണുമ്പോൾ അവയുടെ സ്രഷ്ടാവിനെക്കുറിച്ചുള്ള ബോധം സ്വാഭാവികമായി നമ്മുടെ ബുദ്ധിയിൽ ഉദിച്ചുയരുന്നു. ദിവ്യനായ ഒരു ശില്പിയെക്കുറിച്ചുള്ള ഓർമ്മകൂടാതെ ആകാശഗോളങ്ങളെപ്പററിയും അവയുടെ ചലനങ്ങളെപ്പററിയുമുള്ള ചിന്ത എങ്ങനെ നമ്മിൽ ഉളവാകും. സൃഷ്ടികർത്താവിനെ സൃഷ്ടിയിൽനിന്നു വേർതിരിക്കുവാൻ നിവൃത്തിയില്ല. ഒരു കലാവിശേഷത്തെ നാം ശ്ലാഘിക്കുമ്പോൾ അതിൻെറ നിർമ്മാതാവിനെ നാം സ്തുതിക്കാതിരിക്കയില്ല. അവ തമ്മിലുള്ള ബന്ധം അത്ര അഭേദ്യമാണ്. സൃഷ്ടവസ്തുക്കൾവഴി അദൃശ്യനായ സ്രഷ്ടാവിനെ തെളിവായി കാണുകയും പൂർണ്ണമായി അറിയുകയുംചെയ്യുന്നു." ആധുനികലോകത്തിലെ നാസ്തികന്മാർ—അവർ യഥാർത്ഥത്തിൽ നാസ്തികരായിരിക്കാൻ ഇടയില്ല—അവർ ചുഴിഞ്ഞു ചിന്തിക്കട്ടെ ഈ ദശകാര്യങ്ങളെക്കുറിച്ചു്. മനുഷ്യൻ പരിമിതബുദ്ധിജീവിയാണെന്നും അനന്തബുദ്ധിമാനായ ഒരു അദൃശ്യനിയന്താവിൻെറ അധീനതയിലാണവനെന്നും ഇനിയെങ്കിലും നാസ്തികർ മനസ്സിലാക്കട്ടെ. അല്ലെങ്കിൽ അങ്ങനെ ഒരാളില്ലെന്നു് സയുക്തികം തെളിയിക്കട്ടെ.

(1-ാംപേജ് തുടർച്ച)

ക്കുന്നതു്. വിക്ടോറിയരാജ്ഞി ലെയോ മാർപ്പാപ്പായുടെ ജൂബിലിപ്രമാണിച്ചു് നോർഫോക്കു് പ്രഭുവശം ഒരു സമ്മാനം തിരുമനസ്സിലേക്കു കൊടുത്തയക്കുകയുണ്ടായിട്ടുണ്ടു്. (വെള്ളമെടുക്കുന്നതിനുള്ള ഒരു സ്വർണ്ണ ബെയിസിനും പാത്രവുമായിരുന്നു സമ്മാനം) രാജ്ഞിയുടെ പുത്രൻ എഡ്വേഡ് ഏഴാമൻ പ്രിൻസ് ഓഫ് വെയിൽസ് ആയിരുന്ന കാലത്തു ലെയോ മാർപ്പാപ്പാ തിരുമേനിയെ വത്തിക്കാനിൽചെന്നു സന്ദർശിക്കുകയുണ്ടായി. അങ്ങനെ മാർപ്പാപ്പായും ബ്രിട്ടീഷ് രാജകുടുംബവും തമ്മിൽ അനുസ്യൂതമായ ഒരു സൗഹാർദ്ദബന്ധം പുലർത്തിപ്പോരുന്ന ഒരു സുന്ദരവഴക്കം നിലനിന്നുപോരുന്നുണ്ടു്. ഇപ്പോൾ രാജ്യഭരണം നടത്തിപ്പോരുന്ന എലിസബത്തു രാജ്ഞിയും ഭരണം ഏല്ക്കുന്നതിനുമുമ്പു് ഭർത്താവും മാർഗ്ഗരററു് രാജകുമാരിയുമൊന്നിച്ചു ഇപ്പോഴത്തെ മാർപ്പാപ്പാ 12-ാം പീയൂസ് തിരുമേനിയെ ചെന്നു സന്ദർശിച്ചിട്ടുണ്ടു്. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായാകട്ടെ ലണ്ടനിൽ ജോർജ്ജ് പഞ്ചമൻെറ കിരീടധാരണമഹോത്സവാവസരത്തിൽ, അന്നത്തെ മാർപ്പാപ്പായുടെ പ്രതിനിധിസംഘത്തിലെ ഒരംഗമെന്ന നിലയിൽ, പങ്കുകൊണ്ടിട്ടുണ്ടു്. തിരുമനസ്സുകൊണ്ടു് ആ സംഭവം ഇന്നും ആഹ്ലാദപൂർവ്വം അനുസ്മരിക്കാറുണ്ടു്.

### പുരോഗമനപദ്ധതികൾ

കത്തോലിക്കാസഭയുടെ സുസ്ഥിതിക്കും പുരോഗതിക്കുമുതകുന്ന നല്ലൊരു സംഘടനാവാസന ഇംഗ്ലണ്ടിൽ നിലനില്ക്കുന്നുണ്ടു്. ഡോക്ടർമാർ, അഭിഭാഷകന്മാർ, നേഴ്സുമാർ, പത്രപ്രവർത്തകന്മാർ, പോലീസുകാർ, ഗ്രന്ഥകാരന്മാർ തുടങ്ങി വിവിധ തുറകളിൽപ്പെട്ടവർക്കു പ്രത്യേകംപ്രത്യേകം സംഘടനകളാണുള്ളതു്. ഇവയ്ക്കും പുറമെ രൂപതാടിസ്ഥാനത്തിലും ഇടവകാടിസ്ഥാനത്തിലും സ്ഥാപിതങ്ങളായിട്ടുള്ള സംഘങ്ങളും സാമൂഹ്യപ്രവർത്തനകേന്ദ്രങ്ങളുമുണ്ടു്. ഇങ്ങനെ കത്തോലിക്കാ പൊതുജീവിതം സംഘടനകളാൽ പരിപുഷ്ടമായിരിക്കുകയാണ്.

കത്തോലിക്കരുടെ യിടയിൽ വൈദികരും അൽമായരുമായ ഉന്നതവ്യക്തികൾ വിവിധരംഗങ്ങളിൽ പ്രശോഭിക്കുന്നുണ്ടു്. ഫാ. മാർട്ടിൻ, ഫാ. കോപ്ലിസ്റ്റൻ, ഫാ. ക്രിസ്റ്റോഫർ ബെട്ട്ളർ മുതലായ വൈദികപ്രവീണരും, ക്രിസ്റ്റോഫർ ഡൗസൻ, ഗ്രഹാംഗ്രീൻ, എവിലിൻ മുതലായ നിരവധി അൽമായരും, സാഹിത്യം, ശാസ്ത്രം, ചരിത്രം മുതലായ മണ്ഡലങ്ങളിൽ അഭിമാനസ്തംഭങ്ങളായി പരിലസിക്കുന്ന കത്തോലിക്കാ വിജ്ഞാനികളാണ്. കമ്മ്യൂണിസത്തോടു സുധീരം പടവെട്ടിക്കൊണ്ടിരിക്കുന്ന മറെറാരു പ്രസിദ്ധ കത്തോലിക്കനാണ് മി. ഡഗ്ലസ് ഹൈഡ്. ആഗോളപ്രസിദ്ധി നേടിയിട്ടുള്ള ചെസ്റ്റർട്ടൻേറയും ഹില്ലയർ ബെല്ലക്കിൻേറയും ശാശ്വതനാമങ്ങൾ ഇവിടെ അനുസ്മരിക്കാതെ നിർവ്വാഹമില്ല. ഇവർ ഇന്നു ജീവിച്ചിരിക്കുന്നില്ലായെങ്കിലും ഇംഗ്ലണ്ടിലെ എന്നല്ലാ സാർവ്വത്രികസഭയുടെതന്നെ പ്രശസ്തിയും സ്വാധീനവും സുദൃഢമാക്കുന്നതിനു ഇവർ ചെയ്തിട്ടുള്ള പണ്ഡിതോചിതമായ സേവനങ്ങളും ഗ്രന്ഥരചനയും എന്നും സജീവമായി നിലനില്ക്കുന്നതാണ്.

മതപരിവർത്തനാനന്തരം ഇംഗ്ലണ്ടിൽ, കത്തോലിക്കാ സന്യാസാശ്രമങ്ങളും മററു സ്ഥാപനങ്ങളും ഗവമ്മെൻറു കണ്ടുകെട്ടുകയാണല്ലൊ ഉണ്ടായതു്. എന്നാൽ ഇന്നു അവിടെ സ്വതന്ത്രമായി പ്രവർത്തനം നടത്തുന്ന വിവിധ സന്യാസസമൂഹങ്ങളും അവരുടെ വകയായി നടത്തപ്പെടുന്ന വിദ്യാലയങ്ങളും കോളേജുകളും മററു സ്ഥാപനങ്ങളും സുലഭങ്ങളാണ്.

കത്തോലിക്കരുടെ പത്രപ്രവർത്തനവും മുൻപന്തിയിൽതന്നെയാണു നില്ക്കുന്നതു്. നാലു ദേശീയ കത്തോലിക്കാപത്രങ്ങൾ അവിടെയുണ്ടു്; ദി കാത്തലിക്ക് ഹെറൾഡ്, ദി കാത്തലിക്ക് ടൈംസ്, ദി ടാബ്ളററ്, ദി യൂനിവേർസ് ഇവയാണാ പത്രങ്ങൾ. പ്രതിവാരം ഇവയുടെ മൂന്നു ലക്ഷത്തോളം പ്രതികൾ ഇംഗ്ലണ്ടിലും ഒരു ലക്ഷത്തോളം പുറമേയും പ്രചരിക്കുന്നുണ്ടു്.

## ചെറുകഥ

# ജീവിതം അവസാനിച്ചില്ല

(തൂക്കൊടിത്താനം ചാക്കൊ)

അന്നു് ആ ദേവാലയം നിറയെ ആളുകൾ തിങ്ങിക്കൂടിയിരുന്ന ഒരു ദിവസമായിരുന്നു. ഏതാണ്ടു് വാർദ്ധക്യത്തിൻെറ പടിവാതുക്കൽ എത്തിനോക്കുന്ന വൈദികൻ പ്രസംഗപീഠത്തിലേക്കു കയറി. ആ പ്രേഷിതവര്യൻെറ നയനങ്ങൾ തിളങ്ങി.

ഉദയസൂര്യൻെറ തങ്കക്കതിരുകൾ പച്ചയും, നീലയും, ചുവപ്പും കലന്ന കണ്ണാടിച്ചില്ലുകളിൽ തട്ടിയപ്പോൾ ദേവാലയത്തിൻെറ ഉൾഭാഗം കൂടുതൽ പ്രശോഭിതമായിത്തീന്നു.

ചുറുചുറുക്കുള്ള ഫാദർ ജോൺ ഉത്തരീപ്പുകടത്തെക്കുറിച്ചു സംസാരിക്കുകയായിരുന്നു. "ജീവിതം ഒരു യാത്രയാണ്. സ്വർഗ്ഗലോകത്തേക്കുള്ള ഒരു നീണ്ട യാത്ര. മുള്ളും വേദനയും അനുഭവപ്പെടുത്തുന്നപാതയിൽക്കൂടി സഞ്ചരിക്കണം. ആ യാത്രയിൽ നമ്മുടെ ഭാരങ്ങൾ കഴിവതും ലഘുവായിരിക്കണം. പിറകോട്ടു തിരിഞ്ഞു് നമ്മുടെ ഭൂതകാലചെയ്തികളെ നമുക്കൊന്നു പരിശോധിക്കാം. എന്തെങ്കിലും മാലിന്യങ്ങൾ ഹൃദയത്തിൽ പററിപ്പിടിച്ചിട്ടുണ്ടോ എന്നു ചിന്തിക്കാം. അന്യൻെറ വസ്തുവകകളോ സ്വർണ്ണഉരുപ്പടികളോ പണമോ ഇവപോലെ മറെറന്തെങ്കിലുമോ നാം വഞ്ചനകാട്ടി കൈയടക്കിവച്ചിട്ടുണ്ടോ? ഇവയൊക്കെ നിങ്ങൾ ആലോചിക്കണം. എന്തെങ്കിലും മാലിന്യങ്ങളുണ്ടെങ്കിൽ ലക്ഷ്യത്തിലേക്കുള്ള ഗമനം വെറുതേയാണ്. വിധിയാളൻെറമുമ്പിൽ അന്നു കണ്ണുനീർപൊഴിച്ചാൽ ഫലമില്ല, ദൈവം നീതിമാനാണ്. തെററുകളെല്ലാം അവിടുന്നു പൊറുക്കും. ഇപ്പോൾ നിങ്ങൾ ആത്മാർത്ഥതയോടുകൂടി പശ്ചാത്തപിക്കുവിൻ, കണ്ണുനീർ വീഴ്ത്തിക്കൊണ്ടു പ്രാർത്ഥിക്കുവിൻ.

"കണ്ണുനീർ വീണിട്ടുള്ള അന്യൻെറ സ്വത്തുക്കൾ കൈയടക്കരുതേ. സ്വപ്രയത്നംകൊണ്ടു നാം ഉയരുവാൻ ശ്രമിക്കണം. മരണം, അതേ അതു നിശ്ചയമാണ്. പക്ഷേ സമയം നിശ്ചയമില്ല. അതിൽനിന്നും ഒഴിഞ്ഞുമാറുവാൻ എനിക്കോ നിങ്ങൾക്കോ സാദ്ധ്യമല്ല. അതിനാൽ ഈ യാത്ര തുടരുന്നിടത്തോളം നമ്മുടെ ഹൃദയം വെടിപ്പായിരിക്കണം. "ലോകം മുഴുവൻ നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ എന്തു പ്രയോജനം?......"

ദേവാലയം മുഴുവൻ ഒരു നീണ്ട നിശ്ശബ്ദത പടന്നുനിന്നു. ഫാദർ ജോണിൻെറ വാക്കുകൾ പതറി: "നിങ്ങൾ ദൈവകോപത്തിനു ഇരയാകാതെ പരിശുദ്ധരായിത്തന്നെ ജീവിതം തുടരണേ......" അദ്ദേഹം വാക്കുകൾ ഉപസംഹരിച്ചു. അതിനുശേഷം കർമ്മാദികളിലേക്കു പ്രവേശിച്ചു.

വിശ്വാസികളിൽ ചിലരുടെ കണ്ണുകൾ ദേവാലയത്തിൻെറ വടക്കുപടിഞ്ഞാറെ മൂലയിൽ പതുങ്ങിയിരിക്കുന്ന കുട്ടച്ചായനിലേക്കു പതിഞ്ഞു. കുട്ടച്ചായൻെറ മുഖം ചുവന്നു. അയാൾ തലകുനിച്ചിരുന്നുപോയി.

കർമ്മാദികൾക്കുശേഷം ആളുകൾ ഓരോരുത്തരോരോന്നായി പുറത്തിറങ്ങി. കുട്ടച്ചായൻമാത്രം കുറച്ചുസമയംകൂടി പള്ളിയിൽ ചിലവഴിച്ചു. ആളുകൾ എല്ലാവരും പോയെന്നറിഞ്ഞപ്പോൾ അയാളും ഇറങ്ങി വീട്ടിലേക്കു തിരിച്ചു.

അയാളുടെ ഹൃദയത്തിൽ എന്തോ വല്ലായ്മ. പുറത്തുപറയുവാൻ വഹിയാത്ത ഒരു വേദന. അയാൾ വീട്ടിലെത്തി. ഒന്നിനും ഒരു ഉത്സാഹമില്ല. ഫാദർ ജോണിൻെറ അർത്ഥഗർഭവും, സ്നേഹമസൃണവുമായ വാക്കുകൾ അയാളുടെ ഹൃദയത്തിൽ ഇളകിമറിയുകയാണ്. ഇന്നുവരെയുള്ള ജീവിതത്തിൽ അയാൾ ചെയ്തുപോയിട്ടുള്ള വഞ്ചനകളുടേയും അസത്യത്തിൻേറയും നീർകുഴിയിൽ കുമിഞ്ഞുകിടക്കുന്ന കൊള്ളരുതായ്മകൾ ഓരോന്നോരോന്നായി ഹൃദയത്തിൽ വട്ടമിട്ടുപറക്കുകയാണ്. അയാളുടെ ആഭിജാത്യത്തിലും തറവാടിത്വത്തിലും തികഞ്ഞ ഭക്തിനാട്യത്തിലും വിശ്വസിച്ചു് വഞ്ചിതരായ പലരും ഇന്നാ ഗ്രാമത്തിൽ തോരാത്ത കണ്ണീരിലും കൊടുമ്പിരിക്കൊള്ളുന്ന പട്ടിണിയിലും കഴിയുന്നുണ്ടു്. പക്ഷെ അവർക്കു വിശ്വാസമുണ്ടു്, ഒരുകാലത്തു ഇതെല്ലാം ചോദ്യംചെയ്യപ്പെടുന്ന അവസരം ഉണ്ടാകുമെന്നു്.

പിച്ചപ്പാളയിൽനിന്നു കവന്നെടുത്തും, വിശ്വാസവഞ്ചനയിൽ പാവപ്പെട്ടവരെ കുടുക്കി കള്ളക്കേസ്സും മററും സൃഷ്ടിച്ചു് അന്യരുടെ മുതൽ കരസ്ഥമാക്കിയും സമ്പാദിച്ച ധനം തലമുറകൾ അനുഭവിച്ചിട്ടുള്ള ഒരു ചരിത്രവും ഈ ഭൂമുഖത്തുണ്ടെന്നു തോന്നുന്നില്ല.

കുട്ടച്ചായൻ സ്വയം വിയത്തു. അയാൾ ഇലക്ട്രിക്കുഫാനിൻെറ സ്വിച്ചൊന്നമത്തി. പക്ഷെ കറങ്ങുന്നതിനാവശ്യമായ കറൻറില്ലാതെ അതു നിശ്ചലമായിത്തന്നെ നിന്നു കുട്ടച്ചായനെ പരിഹസിച്ചു. അയാൾക്കു ദേഷ്യംവന്നു. കുട്ടച്ചായൻ അലറി: "എടീ തറുതീ!"

അല്പസമയത്തിനുള്ളിൽ ആ സ്ത്രീ പൂമുഖത്താഞ്ഞോട്ടമിഞ്ഞോട്ടും ഉലാത്തുന്ന കുട്ടച്ചായൻെറ മുമ്പിൽ വന്നുനിന്നുകൊണ്ടു പതിഞ്ഞ സ്വരത്തിൽ ചോദിച്ചു: "എന്താ?"

"നിൻെറ തല" കുട്ടച്ചായൻ കക്കശമായി മറുപടിപറഞ്ഞു.

"നിങ്ങള് പള്ളീപ്പോയില്ലേ?"

"ഓ...പള്ളീലും പോയി......"

"ങ്ഹേ...?"

"എന്തോ പറയാനാ, പള്ളീപ്പോകുന്നതു കുർബാനകാണാനാ. അവിടെ ഈ പ്രസംഗവും പാട്ടും ...അല്പംവല്ലതുമാണെങ്കിൽ ക്ഷമിക്കാം. തുടങ്ങിയാൽ ഒന്നു നിർത്തണ്ടേ. ഓ, എന്തൊരു പടാത്! മലവെള്ളം ഒഴുകിവരുന്നതുപോലെയാ പ്രസംഗം. ഇന്നാണെങ്കിൽ, വാങ്ങിച്ചാൽ തിരികെ കൊടുക്കണമെന്നും കളിപ്പിച്ചു് ആരുടേയും മുതൽ കൈയിൽ വച്ചുകൊണ്ടിരിക്കരുതെന്നും മരിച്ചുചെല്ലുമ്പോൾ ദൈവം ചോദിക്കുമെന്നും മററുമായിരുന്നു."

"ശരിയല്ലേ അച്ചൻ പറഞ്ഞതു്?" തറുതി അച്ചൻെറ അഭിപ്രായത്തെ പിൻതാങ്ങി.

"ഓ, മറന്നുപോയല്ലോ, പിന്നേംപറഞ്ഞു, ജീവിതം ഒരു യാത്രയാണെന്നു്; സ്വർഗ്ഗലോകത്തേക്കുപോകുന്ന ഒരു വലിയ യാത്രയാണെന്നു്. പോകുന്ന അവസരത്തിൽ നമ്മുടെ തലയിൽ ഒരു ചുമടും കാണരുതെന്നാണ് പ്രത്യേകം പറഞ്ഞതു്."

"ഈ പറയുന്നതിൻെറ ഒക്കെ അത്ഥം മനസ്സിലായോ?" തറുതി തെല്ലാശ്ചര്യത്തോടുകൂടി ഒരു സൂചനനൽകി.

"എന്തോ പറയാനാ. ഞാൻ നാണിച്ചുപോയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. തീർച്ചയായും നമ്മെ കുത്തിത്തന്നയാ അങ്ങേരുടെ പ്രസംഗം."

"നിങ്ങൾക്കതിനെന്താ? കുട്ടവനേ കഴുക്കു അച്ചനു തിരുസഭയുടെ നിയമങ്ങളെക്കുറിച്ചു പള്ളീൽ പറയണ്ടേ?"

"എടീ തറുതീ, നമ്മൾ പണ്ടു കാലംമുതലേ നല്ല വിശ്വാസമുള്ളവരാ. നിനക്കറിയാമോ? ആ പള്ളി പണികഴിപ്പിച്ചതിനു് നമ്മൾ അൻപതുരൂപാ പിരിവുകൊടുത്തില്ലേ? ദിവസവും നമ്മൾ പള്ളീലും പോകുന്നുണ്ടു്. ഇതൊക്കെ ചെയ്തിട്ടും നമ്മെക്കുറിച്ചു് അച്ചൻ പറഞ്ഞതു കേട്ടില്ലേ!"

"നിങ്ങളുടെ പേരുപറഞ്ഞു് വല്ലതും അദ്ദേഹം പറഞ്ഞോ?"

"എടീ, ബുദ്ധിവേണം, ബുദ്ധി. നമ്മളെക്കുറിച്ചുതന്നയാ ആ പറഞ്ഞതെല്ലാം. അതിനു യാതൊരു അപ്പീലുമില്ല."

"നിങ്ങൾക്കങ്ങനെ തോന്നിയതാ."

"അതേ, എനിക്കു ചുമ്മാതങ്ങനെ തോന്നി. പോടീ"

"ദൈവകാര്യത്തെക്കുറിച്ചു അറിവുള്ളവർ പറയാതെ നിങ്ങളാണോ അതൊക്കെ പറയുന്നേ?"

തറുതിയുടെ അഭിപ്രായം കുട്ടച്ചായനു പിടിച്ചില്ല. "എടീ, പൊയ്ക്കോ എൻെറ മുന്നിൽനിന്നു്" കുട്ടച്ചായൻ ചീറി.

"നിങ്ങളുവന്നു വല്ലോം കഴിക്കു" തറുതി അടുക്കളയിലേക്കു പോയി.

സൂര്യൻ കിഴക്കെ കളത്തിൽനിന്നും പടിഞ്ഞാറെ കളത്തിലേക്കു ഇഴഞ്ഞുമാറി.

× × ×

വിവേകശൂന്യമായ ചിന്ത അയാളെ പല കുബുദ്ധികൾക്കും പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഫാദർ ജോണിൻെറ ഇടവകഭരണത്തെക്കുറിച്ചു വിമർശിക്കുവാനും ജനതാമദ്ധ്യത്തിൽ അദ്ദേഹത്തെ ചെളിവാരി എറിയുന്നതിനും അയാൾ ശ്രമിച്ചു.

ദിവസങ്ങൾ മുറതെററാതെ ഇരുളും വെളിച്ചവുമായി ഓടിയകന്നു.

ചന്ദ്രിക REGD. ഔഷധസോപ്പ്
ചൊറി, ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V. PRODUCTS, IRINJALAKUDA



കുട്ടച്ചായൻ ദേവാലയത്തിലേക്കുള്ള പോക്കുതന്നെ ചുരുക്കി. എന്താണു കാരണമെന്ന സംഗതി ആർക്കും അറിഞ്ഞുകൂടാ.

സാന്മാർഗ്ഗികമൂല്യങ്ങളെ മാനിക്കണം; കളവും വഞ്ചനയും ചെയ്യുന്നതു പാപമാണു് എന്നു തുറന്നു പറഞ്ഞതിനു കുട്ടച്ചായൻ ദേവാലയത്തോടും കർത്താവിൻെറ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുന്ന പട്ടക്കാരോടും സമരം പ്രഖ്യാപിച്ചിരിക്കുകയാണു്.

നീതിമാനെ കുരിശിൽ കയററുന്ന, പ്രവാചകരുടെ തല ഛേദിച്ചു സ്വർണ്ണത്തളികയിൽവച്ചു സന്തോഷിച്ചു പ്രതികാരം തീർക്കുന്ന ദുഷ്പ്രഭുക്കന്മാരുടെ ലോകമല്ലേ! അക്കൂട്ടരുടെ അവശിഷ്ടമായി ഇന്നും കാണുന്നവരാണു് കുട്ടച്ചായനെപ്പോലുള്ള ചിന്താഗതിക്കാർ. അവർ ഇതും ഇതിനപ്പുറവും ചെയ്യുവാൻ മടിക്കയില്ല. മരണാസന്നനായി ഇരുമ്പാണികളിൽ ജീവൻ നുറുങ്ങിയ അവസരത്തിൽ "പിതാവേ, ഇവരോടു ക്ഷമിക്കേണമേ...ഇവർ ചെയ്യുന്നതെന്തെന്നു് ഇവരറിയുന്നില്ല..." എന്നു് ത്യാഗത്തിൻെറ മണിവീണയുടെ തന്ത്രികൾ മീട്ടിയ ആ വാക്കുകൾ ലോകമെങ്ങും ഇന്നും അലയടിച്ചുകൊണ്ടിരിക്കുന്നു. ലോകം കണ്ടിട്ടില്ലാത്ത ഒരു പുതിയ മനുഷ്യൻ കാൽവരിക്കുന്നിൽവച്ചു അന്നു ജീവിതം മുഴുമിപ്പിച്ചു. ആ പുതിയ മനുഷ്യൻെറ പിൻഗാമികളായി ഇന്നും അവർ വേലചെയ്യുകയാണു്. നിസ്സാരകാരണങ്ങളുടെ മറവിൽനിന്നുകൊണ്ടു് അവരെ പരിഹസിക്കുകയും, അവരുടെ ഉപദേശങ്ങളെ കൊഞ്ഞനം കാട്ടുകയും ചെയ്യുന്നവരുടെ നീതിശാസ്ത്രത്തിൻെറ ഏടുകളിൽ കുട്ടച്ചായനും എന്തൊക്കെയോ കുത്തിക്കുറിക്കുവാൻ ആരംഭിക്കുകയാണു്.

× × ×

"നിങ്ങളെന്ത്യേ ഇങ്ങിനിരിക്കുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ... നിഴൽകണ്ടു യുദ്ധത്തിനു ഒരുമ്പെടുന്നതു് അത്ര നല്ലതല്ല, കേട്ടോ."

"എടീ പള്ളീലച്ചന്മാർക്കു് അവരുടെ കാര്യം മാത്രം നോക്കിയാൽ പോരേ? ഏതെങ്കിലും രൂപത്തിൽ മനുഷ്യർ ജീവിക്കുന്നതിനെക്കുറിച്ചു അവരെന്തിനു തിരക്കുന്നു?"

"ഇതൊക്കെ കൊറേ മോശമാ. അച്ചനോടു നാം എന്തിനു പിണങ്ങുന്നു. ദേവാലയത്തിൽ എന്തുകൊണ്ടു പോകാതിരിക്കുന്നു? അദ്ദേഹം മനഃപൂർവ്വം ഒരാളേയും ഉദ്ദേശിച്ചു പറഞ്ഞതല്ല. നാം പ്രമാണങ്ങൾ കാത്തുസൂക്ഷിക്കുകയും, അതനുസരിച്ചു് ജീവിതംനയിക്കുകയും ചെയ്യുന്നതിനു് നമ്മേ ഓർമ്മപ്പെടുത്തിയതു തെററാണോ ...? അവർ എത്ര വേദനകളും, ത്യാഗങ്ങളും സഹിച്ചാണു് ഇളകിമറിയുന്ന ഈ കാലസന്ധിയിൽ ജീവിക്കുന്നതു്. പള്ളിയേയും പരിസരത്തേയും ചുടലക്കളമായി മാററുവാൻ ഒരുമ്പെടുന്നവർക്കു നിങ്ങളുടെ ഈ പ്രവൃത്തി തീർച്ചയായും ഒരു താങ്ങായിത്തീരും. നമുക്കു് ഒരുകാലത്തും ഇതൊന്നും ചെയ്യുവാൻ പാടില്ല..." തരുതിയുടെ ഹൃദയത്തിൽ കെട്ടിനിന്ന വേദന ഏതാനും വാക്കുകളിൽക്കൂടി പറഞ്ഞുതീർത്തു.

"നിനക്കൊക്കെ ഒന്നും അറിഞ്ഞുകൂടാ. സ്ത്രീ എന്ന വർഗ്ഗത്തിനു തന്നെ ഒരു ചുക്കും അറിയാമേലാ. നീയൊക്കെ വീട്ടിൽ കഴിയുന്ന ജന്തുക്കളാ. കാര്യത്തിൻെറ ഗൗരവം നിനക്കു വല്ലതും അറിയാമോ...?"

"ഞാനൊന്നു ചോദിക്കട്ടെ. പത്തഞ്ഞൂറു വീട്ടുകാരുള്ള ഈ ഇടവകയിൽ നമുക്കുമാത്രം അച്ചൻെറ പ്രസംഗംകൊണ്ടു ഇത്ര വിഷമം തോന്നാനുള്ള കാര്യമെന്താ...? ഇതൊക്കെ നല്ല കാര്യമാ. വല്ല മനുഷ്യരും അറിഞ്ഞാൽ കൊറച്ചിലല്ലേ ...?"


മാസങ്ങൾ രണ്ടു ചിറകുംതല്ലി പറന്നുപോയി ഒന്നിനു പുറകെ ഒന്നായി.

(തുടരും)

ആത്മകഥാകഥനം

# എൻെറ ഭൂതകാലസ്മരണകൾ

[ഫാദർ വി. ററി. തോമസ് എൽ. ററി. എച്ച്.]



"ധീമാൻ ഗുരോ നിൻ ചരിതം ഗ്രഹിപ്പാൻ
പാരം കൊതിക്കുന്നിഹലോകമെല്ലാം,
ത്യാഗം സഹിപ്പാനതിരില്ല ധന്യൻ
ധീരൻ മഹാത്മൻ നിജകർമ്മപാലൻ."

മാർ ഈവാനിയോസ് തിരുമേനിയെ എൻെറ ബാല്യംമുതലെ എനിക്കു പരിചയമാണു്. ഞങ്ങൾ രണ്ടുപേരും മാവേലിക്കര സ്വദേശികളാണു്. ഞാൻ മാവേലിക്കര ബി. എച്ച്. ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തു അദ്ദേഹം എം. എ. ശെമ്മാശ്ശൻ എന്ന പേരിനാലാണു അറിയപ്പെട്ടിരുന്നതു്. യാക്കോബായ സുറിയാനിസമുദായത്തിൽനിന്നും പ്രശംസാർഹമാംവിധം ആദ്യമായി എം. എ. ബിരുദം കരസ്ഥമാക്കിയതുകൊണ്ടായിരിക്കണം ഇപ്രകാരമുള്ള നാമത്തിൽ അദ്ദേഹം സുപ്രസിദ്ധനായിത്തീർന്നതു്.

കേരളത്തിൽ 1910-ൽ അബ്ദുള്ളാപാത്രിയർക്കീസിൻെറ ചിരകാലപ്രതീക്ഷിതമായ ആഗമനകാലത്താണു് എം. എ. ശെമ്മാശ്ശനു പൗരോഹിത്യം ലഭിച്ചതും, റവ. ഫാദർ പി. ടി. ഗീവർഗ്ഗീസ് എം. എ എന്ന പേരിനാൽ എല്ലാവർക്കും സുപരിചിതനായിത്തീർന്നതും. അന്നു അദ്ദേഹം കോട്ടയത്തു എം. ഡി. സെമ്മിനാരി ഹൈസ്കൂളിൽ പ്രിൻസിപ്പൽഉദ്യോഗം നിർവ്വഹിച്ചുവരികയായിരുന്നു. ഈ കാലത്താണു് യാക്കോബായസമുദായത്തിലെ വട്ടിപ്പണക്കേസു്, സെമ്മിനാരിക്കേസ് മുതലായ കേസുകളും വ്യവഹാരങ്ങളും മൂർദ്ധന്യാവസ്ഥയിലെത്തിയതു്. ഈ കേസുകളിൽ മററുള്ളവരോടൊപ്പം ധീരതയോടും ബുദ്ധിപൂർവ്വകമായും പങ്കെടുത്തു സമുദായത്തിൽ സമാധാനം കൈവരുത്തുവാനുള്ള ശ്രമത്തിൽ ഒരു വലിയ പങ്കു അദ്ദേഹം വഹിച്ചിട്ടുള്ളതാണു്.

1913-ൽ ഉദ്യോഗംസംബന്ധിച്ചു് ഫാദർ ഗീവർഗ്ഗീസ് സെറാമ്പൂരിലേക്കുപോയി. അന്നുമുതൽ വർഷംതോറും യാക്കോബായസമുദായത്തിൽനിന്നും രണ്ടും മൂന്നും തിരഞ്ഞെടുക്കപ്പെട്ട ശെമ്മാശ്ശന്മാരെ ഉന്നതവിദ്യാഭ്യാസത്തിനായി അദ്ദേഹം കൊണ്ടുപോക പതിവായിരുന്നു.

അങ്ങനെ ആദ്യമായി തന്നോടുകൂടെ കൊണ്ടുപോയതു ഒളശയിൽ യാക്കോബു ശെമ്മാശ്ശനെ (പിന്നീടു് മാർ. തിയോഫിലോസ് തിരുമേനി) യും മാന്നാത്തു തച്ചേരിൽ വറുഗീസ് ശെമ്മാശ്ശനേയുമാണു്. വറുഗീസ്ശെമ്മാശ്ശൻ ബി. എ. ബി. ടി. പാസാകയും തൻെറ ഗുരുവായ റവ. ഫാദർ ഗീവർഗ്ഗീസ് ബഥനിപ്രസ്ഥാനത്തിനായി 1918-ൽ ബഥനിമലയിലേക്കു പോയപ്പോൾ അദ്ദേഹത്തിനു പകരം പ്രഫസറായി സെറാംപൂരിൽ നിയമിക്കപ്പെടുകയും ചെയ്തു. ഏതാനും വർഷങ്ങൾ അവിടെ ജോലി നിർവ്വഹിച്ചശേഷം വിവാഹിതനായി സ്വദേശത്തുവച്ചു യുവദശയിൽതന്നെ ചരമമടയുകയാണുണ്ടായതു്.

മലങ്കരമെത്രാപ്പോലീത്ത മാർ ദിവന്നാസ്യോസിനു എന്നേയും എൻെറ മാതാപിതാക്കന്മാരേയും പററി വളരെ താല്പര്യവും നല്ല അഭിപ്രായവുമായിരുന്നതിനാൽ ഫാദർ ഗീവർഗ്ഗീസ് അദ്ദേഹം മുഖാന്തരം പരുമല പള്ളിയിൽവച്ചു എനിക്കു (കൊറൂയോ) ശെമ്മാശുപട്ടം തരുവിക്കുകയും എന്നേയും ശൂരനാട്ടു കോശി ശെമ്മാശ്ശനേയും 1914 ജൂൺ മാസത്തിൽ സെറാമ്പൂർ കോളേജിലേക്കു കൊണ്ടുപോകയുംചെയ്തു. സെറാമ്പൂർ കോളേജിൽ പഠിച്ചിരുന്ന ഞങ്ങളുടെ കൂട്ടത്തിൽനിന്നും ആദ്യമായി ധീരതയോടുകൂടി കത്തോലിക്കാസഭയെ ആശ്ലേഷിച്ചതു കോശിശെമ്മാശ്ശനാണു്. അതിനായി ബിഷപ്പു് ഡോക്ടർ ബൻസിഗറിനെ കാണ്മാനായി കൊല്ലത്തേക്കുപോകയും തിരുസഭയുമായി പുനരൈക്യപ്പെട്ടശേഷം സെൻറു് അലോഷ്യസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമിക്കപ്പെടുകയുംചെയ്തു. ഒടുവിൽ സന്യാസപരമായ ജീവിതം നയിക്കുന്നതിനുള്ള അതിയായ ആഗ്രഹംനിമിത്തം ചങ്ങനാശ്ശേരിയിൽ ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ ചേരുകയും അവിടെനിന്നും മാന്നാനത്തേക്കു മാറിപ്പോകയും ഇപ്പോഴും അവിടെ ധ്യാനപരമായ ആശ്രമജീവിതം നയിച്ചുവരുകയുംചെയ്യുന്നു.

ഞങ്ങളിൽ പലരും ആറു സംവത്സരങ്ങൾവരെ സെറാമ്പൂരിൽ സാഹിത്യപരവും വേദശാസ്ത്രപരവുമായ വിഷയങ്ങളിൽ പരിശീലനവും വൈദഗ്ദ്ധ്യവും സമ്പാദിച്ചും, ബങ്കാളിലെ ഹൂഗ്ലിനദിതീരത്തു സ്ഥിതിചെയ്യുന്ന സിറിയൻഹോസ്റ്റലിൽ, വാർദ്ധനും പ്രൊഫസറുമായ ഫാദർ ഗീവർഗ്ഗീസിൻെറ മേൽനോട്ടത്തിൽ സ്നേഹസൗഹാർദ്ദതയോടുകൂടി ഒന്നിച്ചുജീവിച്ചുംവന്ന കാലങ്ങളെ ഞങ്ങൾക്കൊരിക്കലും വിസ്മരിക്കാൻ സാധിക്കുന്നതല്ല. അവിടെവച്ചു വിശ്രമവേളകളിൽ സാമുദായികവും മതപരവുമായ സംഗതികളിൽ അഭിപ്രായങ്ങൾ പറഞ്ഞും അവയെപ്പററി അദ്ദേഹവുമായി ചർച്ചകൾ നടത്തിയും പരിപാടികൾ ആലോചിച്ചും ഞങ്ങളുടെ സമയത്തെ വിനിയോഗിച്ചു. യാക്കോബായസഭയുടെ ആ കാലത്തെ കോളിളക്കങ്ങളെ സംബന്ധിച്ചും പരിതാപകരമായ അവസ്ഥയെ സംബന്ധിച്ചും ഞങ്ങൾ കൂടെക്കൂടെ പറഞ്ഞു ദുഃഖിക്കയും തമ്മിൽതമ്മിൽ സഹതപിക്കയും ചിരപ്രതീക്ഷിതമായ സമാധാനത്തിനായി പ്രാർത്ഥിക്കയുംചെയ്തിരുന്നു.

ബ: ഫാദർ ഗീവർഗ്ഗീസ് എം. ഡി. സെമ്മിനാരിയിൽ പഠിച്ചിരുന്നകാലത്തു സമുദായക്കേസുകളിൽ പങ്കെടുത്തിരുന്നതിനാൽ പലേതരത്തിൽ മാനസികവും കായികവുമായ ക്ലേശങ്ങളും അസ്വസ്ഥതകളും അദ്ദേഹത്തിനു നേരിട്ടു. പ്രസ്തുത സാഹചര്യത്തിൽ വിദൂരമായ ഒരു മിഷൻകോളേജിൽ ഉദ്യോഗം ലഭിച്ചതു ഒരു വലിയ ഭാഗ്യമായിരുന്നു. ചുററുപാടുകൾ അദ്ദേഹത്തിനു സ്വസ്ഥതനൽകി. നാനാപ്രകാരത്തിലുള്ള തൻെറ കർത്തവ്യങ്ങളെപ്പററി ചിന്തിക്കുന്നതിനു സമയവും സൗകര്യവും അദ്ദേഹത്തിനു ലഭിച്ചു. മാത്രമല്ല കല്ക്കട്ടായിൽവച്ചു പണ്ഡിതന്മാരായ കത്തോലിക്കാമിഷനറിമാരുമായി ഇടപെടുന്നതിനും അവരുടെ വിദ്യാലയങ്ങൾ, ആശ്രമങ്ങൾ മുതലായ മതസ്ഥാപനങ്ങളുടേയും ധർമ്മസ്ഥാപനങ്ങളുടേയും പ്രവർത്തനരീതികളെ പഠിക്കുന്നതിനും സാധിച്ചു. അനതിവിദൂരമായ ഭാവിയിൽ ഒരു സന്യാസാശ്രമസ്ഥാപനത്തിനു പ്രേരിപ്പിക്കപ്പെടുന്നതിനും അവസാനം കത്തോലിക്കാതിരുസഭയിലേക്കു ആകർഷിക്കപ്പെടുന്നതിനും ഇടയായതു ഈ സമ്പർക്കംകൊണ്ടാണെന്നു അനുമാനിക്കാവുന്നതാണു്.

സെറാമ്പൂർ കോളെജിലെ ഏതാനുംകൊല്ലത്തെ വേദശാസ്ത്രപരമായ അദ്ധ്യയനത്തിൻേറയും പരിശീലനത്തിൻേറയുംശേഷം സ്വദേശത്തു മടങ്ങിയെത്തിയപ്പോൾ മലങ്കരമെത്രാപ്പോലീത്തായുടെ ആജ്ഞയും മലങ്കരമല്പാൻെറ ഉപദേശവുമനുസരിച്ചു് 1921-ൽ എന്നെ കോട്ടയം വൈദികസെമ്മിനാരിയിലെ അദ്ധ്യാപകനായി നിയമിച്ചു. പഴയസെമ്മിനാരിയിലെ ഒരു സംവത്സരത്തെ അദ്ധ്യാപനം കഴിഞ്ഞപ്പോൾ വിദൂരമായ ഒരു സ്ഥലത്തു മിഷൻവേല നടത്താനുള്ള എൻെറ ആഗ്രഹംനിമിത്തം ഒരു ശീശ്മമെത്രാനായ മാർ അൽവാരീസിൻെറ രൂപതയായ ബ്രഹ്മവാർ മിഷനിലെ സ്കൂൾഅദ്ധ്യാപകനായി വാളക്കുഴി ജോസഫ് ശെമ്മാശ്ശ (പിന്നീടു മാർ സെവേരിയോസ് തിരുമേനി) നോടുകൂടി എന്നെ അയച്ചു. ഒരു സംവത്സരത്തെ പ്രവർത്തനത്തിൻെറശേഷം അവധിക്കാലമായപ്പോൾ ഞാൻ സ്വദേശത്തു മടങ്ങിവരികയും പിറേറക്കൊല്ലം (1923-ൽ) കുണ്ടറ സെമ്മിനാരിസ്കൂളിൽ അദ്ധ്യാപകനായി നിയമിതനാവുകയുംചെയ്തു. കോട്ടയത്തും കുണ്ടറയുമുള്ള മെത്രാപ്പോലീത്താമാർ എന്നെ യാക്കോബായയിലെ പുരോഹിതനായിത്തീരുവാൻ ഉപദേശിച്ചും നിർബന്ധിച്ചും വരവെയാണു് ഞാൻ കുണ്ടറ സ്കൂൾജോലികഴിഞ്ഞു് മാവേലിക്കരയ്ക്കുപോയതു്. കോട്ടയത്തും ബ്രഹ്മവാറിലും കുണ്ടറയുമുള്ള ജോലിയും അവിടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനരീതിയും പലേ പ്രായോഗികമായ അറിവുകളേയും സമ്പാദിക്കുന്നതിനു എനിക്കു സഹായകമായി.

കൊച്ചിയിലെ ഭദ്രാസനദേവാലയത്തിലെ ഏതാനുംകൊല്ലത്തെ ഭരണം കഴിഞ്ഞു മാവേലിക്കര കുന്നത്തു വിശ്രമത്തിനായി താമസിച്ചിരുന്ന വെരി റവ. ഫാദർ ജോൺ റെബെയിരോ സി. ഡി. എന്ന കത്തോലിക്കാ പുരോഹിതനെ മാവേലിക്കരവച്ചു കണ്ടു സംസാരിക്കുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചു. യാക്കോബായസഭയുടെ ശോചനീയമായ അലങ്കോലാവസ്ഥയേയും, കത്തോലിക്കാസഭയുടെ നാനാപ്രകാരത്തിലുള്ള മാഹാത്മ്യത്തേയുംപററി സവിസ്തരം അദ്ദേഹവുമായി ഞാൻ ചർച്ചനടത്തി. രക്ഷയ്ക്കു പര്യാപ്തമായ ഏകസഭയാണു കത്തോലിക്കാസഭയെന്നും, യേശുക്രിസ്തു സ്ഥാപിച്ച യഥാർത്ഥസഭ അതുമാത്രമാണെന്നും, മററുള്ളവയെല്ലാം ഓരോ കാലങ്ങളിൽ ഓരോ കാരണങ്ങളാൽ, മനുഷ്യനിർമ്മിതങ്ങളായിട്ടുള്ളതുമാത്രമാണെന്നും എനിക്കു ബോദ്ധ്യമായി. ആയതിനാൽ കൂടുതലായി ആലോചിക്കുന്നതിനോ, ബന്ധുമിത്രാദികളുടെ സമ്മതം വാങ്ങുന്നതിനോ ശ്രമിക്കാതെ, സുവിശേഷത്തിലെ "വയലിൽ നിധി കണ്ടെത്തിയ മനുഷ്യനെപ്പോലെ" എന്നു ത്യാഗം സഹിച്ചും ഉടനെതന്നെ കത്തോലിക്കാ തിരുസഭയെ ആശ്ലേഷിക്കാൻ ഞാൻ നിശ്ചയിച്ചു. യാക്കോബായസഭയിലെ മേലദ്ധ്യക്ഷന്മാരുടെ നിർബന്ധമായ അനുശാസനത്തെ വകവയ്ക്കാഞ്ഞതിനാൽ അവരുടെ അപ്രീതിക്കു ഞാൻ പാത്രീഭൂതനായിത്തീർന്നു. ദൈവാനുഗ്രഹത്താൽ എൻെറ ആഗ്രഹം അനതിവിദൂരഭാവിയിൽ പൂർത്തിയാകയും എൻെറ ശിഷ്ടായുസ്സു് കത്തോലിക്കാസഭയിലെ ഒരു പുരോഹിതനായി വേലചെയ്‌വാനും, അനേകം ആത്മാക്കളെ ദൈവത്തിങ്കലേക്കു ആദായപ്പെടുത്തുവാനും സർവ്വശക്തൻ എന്നെ ഒരായുധമാക്കിത്തീർത്തതിനാൽ എന്നേക്കും അങ്ങേ ഞാൻ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

എന്നാൽ എൻെറ പുനരൈക്യത്തിനുമുമ്പുതന്നെ എൻെറ ഗുരുവായ ഫാദർ ഗീവർഗ്ഗീസിനെ കണ്ടു് അനുമതി വാങ്ങിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. അന്നു അദ്ദേഹവും അനുചരന്മാരും "ബഥനി" പ്രസ്ഥാനത്തെപ്പററി തിരുവല്ലായിൽ പ്രചരണാർത്ഥം സഞ്ചാരപ്രസംഗം നടത്തുകയായിരുന്നു. എന്നെ കണ്ടമാത്രയിൽ അദ്ദേഹത്തിനും എൻെറ സ്നേഹിതന്മാർക്കും വളരെ സന്തോഷമായി. സെറാമ്പൂരിൽനിന്നും വേർപെട്ടശേഷം മൂന്നു നാലു വർഷത്തിനകം അപ്പോഴാണു് സൗകര്യമായി തമ്മിൽ കണ്ടു സംസാരിക്കുന്നതിനു സന്ദർഭമുണ്ടായതു്. ഞാൻ കത്തോലിക്കാസഭയിൽ ചേരാൻ മിക്കവാറും നിശ്ചയിച്ചുകഴിഞ്ഞു എന്നു പറഞ്ഞപ്പോൾ യാതൊരെതിരഭിപ്രായവും അദ്ദേഹം പറഞ്ഞില്ല. അതിനായി ധ്രുതിവയ്ക്കരുതു് എന്നുമാത്രം പറഞ്ഞു.

എൻെറ പുനരൈക്യം ഇനിയും മാററിവയ്ക്കണമെന്നു ഞാൻ വിചാരിച്ചില്ല. അവിടെനിന്നും മാവേലിക്കരവന്നു ഫാദർ റെബെയിരോയുടെ എഴുത്തുസഹിതം കൊല്ലംബിഷപ്പു ഡോക്ടർ ബൻസിഗർ തിരുമേനിയെ ചെന്നുകാണുകയും അതീവമായ സ്നേഹവാത്സല്യത്തോടുകൂടി തിരുമേനി എന്നെ സ്വീകരിക്കയും ചെയ്തു. ഇതു സംഭവിച്ചതു് 1923 ഒക്ടോബറിലാ

(ശേഷം 9-ാം പേജിൽ)



(9-ാംപേജ് തുടർച്ച)

അനന്തസ്നേഹം കാണിക്കുന്ന സ്നേഹചിഹ്നമായിത്തീൎന്നു. തന്നെയുമല്ല, നമ്മുടെ അനുദിനജീവിതത്തിൽ ദുഃഖദുരിതങ്ങളാകുന്ന കുരിശുകൾ പ്രത്യക്ഷപ്പെടുന്നതു് ദൈവം നമ്മെ സ്നേഹിക്കുന്നതുകൊണ്ടാണു്. അക്കാരണത്താലും കുരിശുകൾ സ്നേഹചിഹ്നമാണെന്നു പറയാം. സ്നേഹചിഹ്നത്തെ സ്നേഹിക്കുന്നതു് സ്നേഹിതനെ സ്നേഹിക്കുന്നതിനു് തുല്യമാണു്. അതിനാൽ നമുക്കു കുരിശിനെ സ്നേഹിക്കാം. അങ്ങനെ മനുഷ്യഹൃദയങ്ങളിൽ, അല്ലയോ സ്നേഹചിഹ്നമേ, നീ വിജയിച്ചാലും!

## ഇടവകവാർത്തകൾ

**വടക്കുപുറം:** ഓത്തഡോക്സ് സമുദായാംഗമായിരുന്ന കോയിക്കൽ ശ്രീ ജോൺ വറുഗീസ് അവർകൾ തന്റെ കുടുംബാംഗങ്ങളായ രണ്ടുപേരോടുകൂടി ഫാദർ ശമുവേൽ ശങ്കരത്തിലിന്റെ മുമ്പാകെ സത്യപ്രതിജ്ഞചെയ്തു കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിരിക്കുന്നു.

**ചെങ്ങറ:** പെന്തിക്കോസ്തു സമുദായാംഗമായിരുന്ന കരിപ്പാമ്പിൽ ശ്രീ കെ. ജോസഫ് അവർകൾ തന്റെ കുടുംബാംഗങ്ങളായ ആറുപേരോടുകൂടി ഫാദർ ശമുവേൽ ശങ്കരത്തിലിന്റെ മുമ്പാകെ സത്യപ്രതിജ്ഞചെയ്തു് കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിരിക്കുന്നു.

**കരാഞ്ചിറ:** സ്ഥലം സെൻറ് ജോർജ്ജ് ക്ലാരമഠത്തോടു അനുബന്ധിച്ചു പണിതിരിക്കുന്ന വിശുദ്ധ പത്താംപീയൂസിന്റെ കപ്പേളയിൽ പുണ്യവാന്റെ തിരുനാൾ സെപ്റ്റംബർ 2-ാം തീയതി ഞായറാഴ്ച ആഘോഷിച്ചു. കാലത്തു 6 മണിക്കു് തൃശ്ശൂർമെത്രാൻ റൈറ്റ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു പള്ളിയിൽ ആഘോഷമായ വിശുദ്ധ കുർബാന അൎപ്പിച്ചു. 9 മണിക്കായിരുന്നു തിരുനാൾക്കുർബാനയും, പ്രസംഗം, വാഴ്‌വ്, തിരുശേഷിപ്പുമുത്തിക്കൽ മുതലായ ഇതര തിരുനാൾ പരിപാടികളും.

**മാള:** നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിക്കാനായി സ്ഥലം ഹൈസ്കൂൾമൈതാനത്തു കൂടിയ പൗരമഹായോഗത്തിൽ സാരസ്വതബ്രാഹ്മണ അസോസിയേഷൻ പ്രസിഡണ്ടു് ശ്രീ പി. എ. രങ്കപൈ ആദ്ധ്യക്ഷം വഹിച്ചു. ഡി. സി. സി. എക്സിക്യൂട്ടീവ് അംഗമായ മി. കെ. എ. കുഞ്ഞുമുഹമ്മദു്, മെ. ഡേവിഡ് പെരേപ്പാടൻ, കെ. കെ. തോമസ്സ് ബി. എ. ബി ടി. എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം പഞ്ചായത്തു പ്രസിഡണ്ടു് മി. എ. സി. ജോസഫ് അവതരിപ്പിച്ചു. സർവ്വസമ്മതമായി പാസ്സാക്കി.

**തൃക്കൊടിത്താനം:** സ്ഥലം സെൻറ് സെബാസ്റ്റ്യൻ കാത്തലിക്ക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നിയോഗിക്കമ്മിററിയുടെ റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി ഒരു പൗരമഹായോഗം സെപ്തംബർ 2-ാംനു ശ്രീ ടി. ഒ. സ്കറിയ തെക്കേക്കര അവർകളുടെ അദ്ധ്യക്ഷതയിൽ ടി അസോസിയേഷൻഹാളിൽ കൂടി. പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കി.

**അമയന്നൂർ:** സ്ഥലം സെൻറ് മേരീസ് കത്തോലിക്കാപ്പള്ളിയിൽ മാതാവിന്റെ ജനനപ്പെരുന്നാൾ സെപ്തംബർ 7, 8 തീയതികളിൽ ഭംഗിയായി നടത്തപ്പെട്ടിരിക്കുന്നു. 7-ാംനു വൈകിട്ടു വെരി റവ. കോർഎപ്പിസ്കോപ്പാ ഗീവറുഗീസ് ബി. എ. കിഴക്കമ്പലം അവർകളാണു് പ്രസംഗം നടത്തിയതു്.

**മുക്കുളം:** നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി മുക്കുളം സെൻറ് ജോർജ്ജ് പ്രൈമറിസ്കൂൾ ഹാളിൽ വച്ചു് സെപ്തംബർ 2-ാംനു ശ്രീ വി. ജെ. ചാക്കോ ബി. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടി. ശ്രീ കെ. എ. ആൻറണി മുതലായവർ പ്രസംഗിച്ചു. നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിച്ചുള്ള പ്രമേയം യോഗം ഐകകണ്ഠ്യേന പാസാക്കി.

**കുമ്പളം:** സ്ഥലത്തെ ലത്തീൻക്രിസ്ത്യാനികൾക്കുവേണ്ടി തെക്കേവേലിക്കകത്തുപറമ്പിൽ പ

## For favours received



Inserted by
Paul Manvettam

ണികഴിപ്പിച്ചിട്ടുള്ള വി. യൗസേപ്പു പിതാവിന്റെ ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം സെപ്തംബർ 3-ാംനു വൈകുന്നേരം ഒട്ടേറെ ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ വെരി റവ. മോൺ. പുളിയിനത്തു അവർകൾ നിർവ്വഹിച്ചിരിക്കുന്നു.

**കരിങ്കുന്നം:** വി. പത്താം പീയൂസിന്റെ തിരുനാൾ സ്ഥലം നെല്ലാപാറ കപ്പേളയിൽ സെപ്തംബർ 3-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. റവ. ഫാദർ മാത്യു ചെറുശേരിലാണു് പ്രസംഗം നടത്തിയതു്.

**തുരുത്തി:** നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി ഒരു പൊതുയോഗം മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 26-ാംനു ഞായറാഴ്ച 3-30 നു് റവ. ഫാദർ ജോൺ കിഴക്കേത്തയ്യിൽ എസ്. ജെ. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ സ്ഥലം പള്ളിയങ്കണത്തിൽ വച്ചു കൂടുകയുണ്ടായി. ബ്ര. കെ. പി. ഫിലിപ്പ് പ്രസംഗിച്ചു. അദ്ധ്യക്ഷപ്രസംഗാനന്തരം മിഷൻലീഗുപ്രസിഡണ്ടു് പ്രതിഷേധപ്രമേയം അവതരിപ്പിക്കുകയും ഐകകണ്ഠ്യേന അതു പാസ്സാക്കപ്പെടുകയുംചെയ്തു.

**പാലയൂർ:** മദ്ധ്യപ്രദേശ് ഗവമ്മെൻറിന്റെ നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിച്ചു് സ്ഥലം പള്ളിസ്കൂൾഹാളിൽ അഡ്വക്കേററ് ശ്രീ സി. ഐ. പോൾ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേരുകയും ശ്രീ എം. ടി. ചാക്കൊ പ്രതിഷേധപ്രമേയം അവതരിപ്പിക്കുകയും യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയുംചെയ്തു.

## നിര്യാതനായി

### ബ. മേക്കുന്നേൽ പൗലോസച്ചൻ



പാറപ്പുഴ ഇടവക മേക്കുന്നേൽ ബ: പൗലോസച്ചൻ സെപ്തംബർ 6-ാം തീയതി രാവിലെ അഞ്ചരമണിക്കു് അദ്ദേഹത്തിന്റെ അനന്തിരവൻ ബ: മാത്യു അച്ചനിൽനിന്നു അന്ത്യശുശ്രൂഷാകർമ്മങ്ങൾ സ്വീകരിച്ചു് മരണംപ്രാപിച്ചിരിക്കുന്നു. ബ: കൊച്ചുമുട്ടത്തു യൗസേപ്പച്ചനും ബ: ചുണ്ടാട്ടു് സേവ്യറച്ചനും ബന്ധുമിത്രാദികളും അന്ത്യനിമിഷങ്ങളിൽ പരേതനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

പരേതൻ 1883-ാമാണ്ടു് നവമ്പർ 4-ാംനു ജനിച്ചു. 1911 ഡിസമ്പർ 26-ാംനു വൈദികപട്ടം സ്വീകരിക്കുകയും 28-ാംനു നവപൂജ അൎപ്പിക്കുകയുംചെയ്തു. അനന്തരം വാഴക്കുളംപള്ളി അസിസ്റ്റന്റായും നാഗപ്പുഴ, തെന്നംകുന്നു്, ചുങ്കം, മൊതലക്കോടം, കലയന്താനി, പെരിങ്ങൊഴ, മാറിക, നെടിയശാല, വൈററില, നടവക്കാട്, കല്ലൂർക്കാട്, നെയ്യശ്ശേരി, ഈ പള്ളികളിലും, കോതമംഗലം, മൈലക്കൊമ്പ്, തൃപ്പൂണിത്തുറ, ഇടപ്പള്ളി, ആരക്കുഴ, അങ്കമാലി എന്നീ ഫൊറോനാപ്പള്ളികളിലും വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ടു്. ജോലിയിൽനിന്നു വിരമിച്ചശേഷം പാറപ്പുഴെ താമസമാക്കുകയും പത്രമേനി മുതലായവ സ്വന്തകൈയിൽനിന്നു വച്ചു് വിശുദ്ധ യൗസേപ്പു പിതാവിന്റെ നാമത്തിൽ അശ്രാന്തപരിശ്രമംമൂലം ഒരു ദേവാലയം സ്ഥാപിക്കുകയും, ആറുകൊല്ലം അവിടെ വികാരിയായി ജോലിനോക്കുകയും ചെയ്തിട്ടുണ്ടു്. തദവസരത്തിൽ അവിടെ ഒരു ആരാധനാമഠവും പ്രൈമറിസ്കൂളും സ്ഥാപിച്ചുവെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ. 1955 മേയ്മാസത്തിൽ രോഗബാധിതനായി അദ്ദേഹം ഇടപ്പള്ളി, എറണാകുളം, വെല്ലൂർ, മദ്രാസ് എന്നീ ആശുപത്രികളിൽ ചികിത്സകൾ നടത്തിയെങ്കിലും സുഖപ്രാപ്തിയുണ്ടാകാതെ പാറപ്പുഴെവന്നു് താമസിക്കവെയാണു് മരണം സംഭവിച്ചതു്.

ശവസംസ്കാരം വെള്ളിയാഴ്ച മൂന്നുമണിക്കു് എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിലും കോതമംഗലം നവരൂപതാ നിയുക്തമെത്രാൻ റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി തിരുമേനിയുടെ സഹകരണത്തിലും നടത്തപ്പെട്ടു. രാവിലെ പല റാസകൾക്കുശേഷം ബ: മാത്യുഅച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ വലിയ ഒപ്പീസ് ആരംഭിച്ചു. റവ. ഫാദർ ജോസഫ് മണവാളൻ ബി എ. ബി. ടി. യാണു് ചരമപ്രസംഗം നടത്തിയതു്. വിവിധ ഇടവകകളിൽനിന്നും കൊണ്ടുവന്നിരുന്ന പൊൻവെള്ളിക്കുരിശുകളുടേയും മുത്തുക്കുടകളുടേയും അകമ്പടിയോടുകൂടി വിലാപയാത്ര നടത്തപ്പെട്ടു. കൈമുത്തലിനുശേഷം നിയുക്തമെത്രാൻതിരുമേനി പരേതന്റെ അപദാനങ്ങളെ പ്രകീർത്തിച്ചു് ഒരു ലഘുപ്രസംഗം ചെയ്തു. പിന്നീടു് എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ ചെറിയഒപ്പീസ് നടത്തുകയും തുടർന്നു പള്ളിയകത്തു് പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ മൃതദേഹം സംസ്കരിക്കപ്പെടുകയുംചെയ്തു. ഉദ്ദേശം 50 തോളം ബ: വൈദികരും 40 തോളം ബ: കന്യാസ്ത്രീകളും, നാനാഭാഗങ്ങളിൽനിന്നും വന്ന നാനാജാതിമതസ്ഥരായ അയ്യായിരത്തോളം ജനങ്ങളും ചടങ്ങുകളിൽ പങ്കുകൊണ്ടു. സാധുക്കൾക്കുള്ള അന്നദാനത്തോടെ ചടങ്ങുകൾ അവസാനിച്ചു.

R. I. P

## CATHOLIC ART CENTRE

(Very near to the Catholic Archbishops' Palaces)

***Broadway—Ernakulam***

—സന്ദർശിക്കുക—

കുർബാനക്കുപ്പായം, കൊത്തുരൂപങ്ങൾ, ഐവറി കൊന്തകൾ മുതലായവ.


പള്ളി ഉപകരണങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഇലക്ട്രോപ്ലേററു ചെയ്തുകൊടുക്കുന്നതാണു്

## ചരമവാർത്തകൾ

**തിരുമുടിക്കുന്നു്:** ഈ ഇടവക കണ്ണമ്പുഴ പൗലോ പൈലോതു വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 75-ാമത്തെ വയസ്സിൽ ആഗസ്റ്റ് 31-ാംനു വെളുപ്പിനു 6 മണിക്കു് കത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരകർമ്മങ്ങൾ പിറേറദിവസം പത്തുമണിക്കു് പല ബ: വൈദികരുടേയും വലിയ ജനാവലിയുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ തിരുമുടിക്കുന്നു ചെറുപുഷ്പദേവാലയസിമിററിയിൽ റവ. ഫാദർ പോൾ വാലിയക്കോടത്തു അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. റവ. ഫാദർ ജോസഫ് മണവാളൻ ബി. എ. ബി ടി. അവർകളാണു് ചരമപ്രസംഗം നടത്തിയതു്.

**അയർക്കുന്നം:** നരിവേലിപ്പള്ളി ഇടവക കുടകശ്ശേരിൽ കുടുംബാംഗമായ പടിഞ്ഞാറേക്കര പോത്തൻ ജോസഫ് (കൊച്ചൗസേപ്പ്) ആഗസ്റ്റ് 31-ാംനു 50-ാമത്തെ വയസ്സിൽ കത്താവിൽ നി

## Thanksgiving





For recovery from
Seriovs illness
Mrs. Thandamma

ദ്രപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം ബ: തോമസ് തൊട്ടിലിന്റെ കാർമ്മികത്വത്തിലും പരേതന്റെ സഹോദരൻ ഫാദർ ജോസഫ് പടിഞ്ഞാറേക്കരയുടെ സാന്നിദ്ധ്യത്തിലും നരിവേലിപ്പള്ളി സിമിററിയിൽ നടത്തപ്പെട്ടു.

**ആലപ്പുഴ:** സ്ഥലത്തെ ഒരു പുരാതനകുടുംബാംഗമായ ശ്രീ അഗസ്റ്റിൻ ഹെർട്ടിസ് ആഗസ്റ്റ് 27-ാംനു കാലത്തു 11 മണിക്കു് 79-ാമത്തെ വയസ്സിൽ നിര്യാതനായി. ശവസംസ്കാരം പിറേറദിവസം വെരി റവ. മോൺ. ജോസഫ് തെക്കേപാലക്കൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടെ സഹകരണത്തിലും കത്തീഡ്രൽപള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

R. I. P.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 SEPTEMBER 12 || No. 5.


# ഭാരതത്തിലെ ക്ഷേമരാഷ്ട്രനിർമ്മാണം

സ്വാതന്ത്ര്യം പ്രാപിച്ച നവഭാരതം ചുരുങ്ങിയ ഒമ്പതുവർഷം കൊണ്ടു ലോകരാഷ്ട്രങ്ങളുടെ ഇടയിൽ അഭ്യസൂയാവഹമായ ഒരു സ്ഥാനം കരസ്ഥമാക്കിക്കഴിഞ്ഞു എന്നുള്ളതു് ഏതൊരു ഭാരതീയനേയും അഭിമാനംകൊള്ളിക്കുന്ന ഒരു വസ്തുതയാണു്. എന്നാൽ നാമിനിയും നമ്മുടെ രാഷ്ട്രനിർമ്മാണസോപാനത്തിന്റെ പ്രാരംഭപടികളിൽ മാത്രമാണു് നിലകൊള്ളുന്നതു്. തുടർന്നുള്ള ദീർഘമായ കഠിനപ്രയത്നംകൊണ്ടു മാത്രമേ നമ്മെ തുറിച്ചുനോക്കുന്ന നിരവധി പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുവാൻ സാദ്ധ്യമാവുകയുള്ളു. അതുകൊണ്ടാണു് നമ്മുടെ നേതാക്കന്മാരായ ജവഹർപ്രഭൃതികൾ അനുസ്യൂതം ഓരോ ഭാരതീയപൗരനേയും ആഹ്വാനം ചെയ്തുപോരുന്നതു്, കൈയോടു കൈകോർത്തു പിടിച്ചു്, തോളോടുതോൾചേർന്നു നിന്നു രാജ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനും ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ ആത്മാർത്ഥമായി സഹകരിക്കുന്നതിനും. മുതലാളിയും തൊഴിലാളിയും, രാഷ്ട്രമീമാംസകനും ശാസ്ത്രപണ്ഡിതനും, സ്ത്രീയും പുരുഷനും ഏകയോഗമായി രാജ്യശ്രേയസ്സിനുവേണ്ടി കഠിനാദ്ധ്വാനം നിർവ്വഹിച്ചേതീരൂ ലക്ഷ്യത്തിലെത്തിച്ചേരുന്നതിനു്.

ക്ഷേമരാഷ്ട്ര സംവിധാനത്തിലെ ഓരോ പടികളാണു് ഓരോ പഞ്ചവത്സരപദ്ധതികൾവഴി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതു്. ഒന്നാംപഞ്ചവത്സരപദ്ധതി ശുഭപ്രതീക്ഷയ്ക്കൊത്തവിധത്തിൽതന്നെ വിജയം കൈവരിച്ചു എന്നു തെളിവായിക്കഴിഞ്ഞു. അതിനെ നിശിതമായി വിമർശിക്കുകയും കണ്ടമാനം അധിക്ഷേപിക്കുകയും ചെയ്തുകൊണ്ടിരുന്ന ഇടതുപക്ഷങ്ങൾപോലും ഇന്നു നിശ്ശബ്ദരായിക്കഴിഞ്ഞിരിക്കുകയാണു്. പോരാ അവർ കളമൊന്നു മാറിക്കഴിഞ്ഞിരിക്കുന്നു; അടവൊന്നു മാറിയിരിക്കുന്നു. രണ്ടാംപഞ്ചവത്സരപദ്ധതി വിജയിപ്പിക്കുന്നതിനുള്ള സഹകരണവാഗ്ദാനങ്ങളുമായി അവർ പരക്കംപാഞ്ഞു നടക്കുകയാണിന്നു്. രാജ്യനന്മയേയും ജനക്ഷേമത്തേയുമാണു് അവർ ആത്മാർത്ഥമായി ലക്ഷ്യമാക്കുന്നതെങ്കിൽ ഈ സംരംഭം സ്വാഗതാർഹംതന്നെ. പക്ഷെ അകത്തുകടന്നു പാളയത്തിൽ പടയുണ്ടാക്കി പരാജയം വരുത്തിവയ്ക്കുന്നതിനാണെങ്കിൽ അതു സശ്രദ്ധം സൂക്ഷിക്കപ്പെടണം. രക്തപങ്കിലമായ വിപ്ലവാദർശത്തെ മൂലപ്രമാണമായി സ്വീകരിച്ചിട്ടുള്ള ഒരു പാർട്ടിക്കു് സമാധാനപരമായ സംവിധാനപദ്ധതിയിൽ എങ്ങിനെയാണു് സഹകരിക്കുവാൻ സാധിക്കുക എന്നുള്ള ചിന്തയാണു് ഈ ആശങ്കയ്ക്കു നിദാനം. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ ആവഡിപ്രമേയമാണു് ഇടതുപക്ഷങ്ങളുടെ സഹകരണത്തിനുള്ള തുറുപ്പുചീട്ടായി പൊക്കിക്കാണിക്കപ്പെടുന്നതു്. ഭാരതം അതുവഴി അംഗീകരിച്ച സോഷ്യലിസ്റ്റിക്കു്മാതൃക എന്താണർത്ഥമാക്കുന്നതെന്നു ഇനിയും പൂർണ്ണമായി നിർവ്വചിക്കപ്പെട്ടിട്ടില്ല. ഇടതുപക്ഷങ്ങൾ അതു മററീരിയലിസ്റ്റിക്കു് സോഷ്യലിസം അഥവാ കമ്മ്യൂണിസം വരെ വലിച്ചുനീട്ടാനാണു് സാഹസപ്പെടുന്നതു്. കോൺഗ്രസ്സിന്റെ വ്യവസ്ഥാപിതമായ തത്വങ്ങളിൽ അതു സാദ്ധ്യമല്ല എന്നു തീർച്ചതന്നെ. പക്ഷെ സോഷ്യലിസ്റ്റ് സിദ്ധാന്തത്തിന്റെ നൂലാമാലകൾ ഏതെല്ലാം വിധത്തിൽ ഭാരതരാഷ്ട്രത്തിന്റെ സംവിധാനപദ്ധതികളെ വരിഞ്ഞുമുറുക്കുമെന്നുള്ളതാണു് ശ്രദ്ധിക്കേണ്ടിയിരിക്കുന്നതു്. തികഞ്ഞ ഈശ്വരാസ്തിക്യബോധമുള്ള ഭാരതീയലക്ഷങ്ങളിൽ നിരീശ്വരപരമായ മററീരിയലിസം അടിച്ചേല്പിക്കുവാനുള്ള ഔദ്ധത്യം നേതാക്കന്മാർക്കോ, അങ്ങിനെ ഒരു സംരംഭം നടന്നാൽതന്നെ അതിനെ താലോലിച്ചു നാശം വരിക്കുവാനുള്ള വിഭ്രാന്തി പൗരാവലിക്കോ ഉണ്ടാവുകയില്ല എന്നു വിശ്വസിക്കാം. എങ്കിലും ഇപ്പോൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള രണ്ടാം പഞ്ചവത്സരപദ്ധതിയിലെ ചില പരിപാടികൾ സംശയാസ്പദങ്ങളാണെന്നു പറയാതെ തരമില്ല.

ഒരു ക്ഷേമരാഷ്ട്രത്തിന്റെ സ്വഭാവം നാം ശരിയായി ഗ്രഹിച്ചുവച്ചിരുന്നാൽ മാത്രമേ അതിന്റെ സംവിധാനത്തിലും പ്രായോഗികപദ്ധതികളിലും ഫലവത്തായി സഹകരിക്കുവാൻ സാധിക്കുകയുള്ളു. രാഷ്ട്രീയാദർശങ്ങളെ സ്വാർത്ഥമോഹത്തിനൊത്തവണ്ണം വ്യവഹരിക്കുന്നതിനുശ്രമപ്പെടുത്തുന്നതിനും തല്പരകക്ഷികൾ കിണഞ്ഞുപരിശ്രമിച്ചുപോരുന്ന ഇക്കാലത്തു ഇതു അവശ്യം ആവശ്യമാണു്. ക്ഷേമരാഷ്ട്രത്തിന്റെ ലക്ഷ്യം എല്ലാ പൗരന്മാർക്കും സുഭഗമായ ഒരു ജീവിതത്തിനു ഉറപ്പുവരുത്തുകയും അതിനുള്ള മാർഗ്ഗങ്ങൾ സജ്ജീകരിച്ചുകൊടുക്കുകയുമാണു്. ധനേശ്വരന്മാരായ വമ്പിച്ച വ്യവസായികളും അനുദിനകാലക്ഷേപത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികളും, വമ്പിച്ച ഭൂവിഭാഗങ്ങൾ കൈവശമുള്ള ജന്മിമാരും കിടപ്പാടംപോലുമില്ലാത്ത കുടിയാന്മാരും എന്നുവേണ്ട അശക്തരായ വൃദ്ധരും ക്ലേശിതരായ ആതുരരും, അനാഥരായ കുഞ്ഞുങ്ങളും എല്ലാം സുഖമായി കഴിയുന്നതും ഒരു നല്ല നാളെയെ ഉദ്ദേശിച്ചു അതിലേക്കു മുന്നേറുന്നതുമായ പരിതസ്ഥിതികളാണു് അതിൽ ഉണ്ടായിരിക്കേണ്ടതു് കേവലമായ സാമ്പത്തികസമത്വം ലോകത്തിൽ അപ്രാപ്യമാണെങ്കിലും അവസരസമത്വംമൂലം അവശതകളെ പരിഹരിക്കുന്നതിനും അഭിവൃദ്ധി പ്രാപിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ എല്ലാവർക്കും കരഗതമാകണം. ക്ഷേമരാഷ്ട്രത്തെ വിഭാവനംചെയ്യുന്ന എല്ലാ രാഷ്ട്രങ്ങളും പാർട്ടികളും ഈ ആദർശത്തെ ഇന്നു സ്വാഗതം ചെയ്യുന്നു. ഓരോ രാജ്യത്തിന്റേയും ജനവിഭാഗങ്ങളുടേയും പ്രത്യേക പരിതസ്ഥിതികളനുസരിച്ചു അതതിനു ഏററവും പററുന്ന മാർഗ്ഗങ്ങളെ കണ്ടുപിടിച്ചു പ്രായോഗികമാക്കുന്നതിലാണു് വിജയം അടങ്ങിയിരിക്കുന്നതു്. ഏതു മാർഗ്ഗം സ്വീകരിച്ചാലും അതിൽ മനുഷ്യനെ മനുഷ്യോചിതമായി പരിഗണിക്കുന്നതിനും, അവന്റെ മൗലികാവകാശങ്ങൾക്കുറപ്പുവരുത്തുന്നതിനും സർവ്വോപരി ശ്രദ്ധിക്കേണ്ടതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അപ്രതിരോദ്ധ്യമായ അധികാരകേന്ദ്രീകരണം നടമാടുന്ന രാഷ്ട്രസർവ്വാധിപത്യമായാലും, വ്യക്തികളുടെ നീതിവിരുദ്ധമായ സ്വേച്ഛാധിപത്യം തടയപ്പെടാത്ത സ്വാതന്ത്ര്യമായാലും അതിൽ പൊതുനന്മ ദീക്ഷിക്കപ്പെടാവുന്നതല്ല. അതീതകാലങ്ങളിലെ ലിബറലിസവും ആധുനികകാലത്തെ സ്വേച്ഛാധിപത്യങ്ങളും ഇതിനുദാഹരണങ്ങളാണു്. ക്ഷേമരാഷ്ട്രാദർശത്തിൽ അവ പരിവർജ്ജ്യങ്ങളുമാണു്.

ക്ഷേമരാഷ്ട്രസംവിധാനത്തിൽ പററിക്കൂടാവുന്ന ചില അപകടങ്ങളുണ്ടു്. വ്യക്തികളുടെ പ്രവർത്തനസ്വാതന്ത്ര്യത്തെയും സഹകരണാവകാശത്തെയും അമിതമായി നിയന്ത്രിക്കുന്നു എന്നതാണു് സർവ്വസാധാരണമായും സർവ്വപ്രധാനമായും കാണാറുള്ള ഒരപകടം. "സ്വകാര്യവ്യക്തികളുടെ പരിശ്രമംകൊണ്ടും വ്യാവസായികപ്രവർത്തനങ്ങൾകൊണ്ടും സാധിക്കാവുന്ന കാര്യങ്ങൾ അവരിൽനിന്നും എടുത്തു ഒരു പൊതുസമൂഹത്തിൽ നിക്ഷേപിക്കുന്നതു തെററാണു്; അപ്രകാരംതന്നെ വിപുലവും പ്രബലവുമായ സംഘടനകൾ, ചെറു സംഘടനകൾക്കു കാര്യക്ഷമമായി നിർവ്വഹിക്കാവുന്ന പ്രസ്ഥാനങ്ങളെ കൈയടക്കുന്നതു് അനീതിയും ഗുരുതരമായ അപരാധവും, ശരിയായ ക്രമത്തിൽനിന്നുള്ള വ്യതിയാനവുമാകുന്നു. സാമൂഹികതത്വശാസ്ത്രത്തിലെ ഇളക്കംവരാത്തതും മാററപ്പെടുവാൻ പാടില്ലാത്തതുമായ ഒരടിസ്ഥാനസിദ്ധാന്തമാണിതു്" എന്നത്രെ ഈ വിഷയത്തെപ്പററി 1931-ൽ പരി. മാർപ്പാപ്പാ 11-ാംപീയൂസ് തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചിട്ടുള്ളതു്. നമ്മുടെ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പ്രൈവററു സെക്ടറും പബ്ളിക്കു് സെക്ടറും തമ്മിലുള്ള ബന്ധങ്ങൾ ഇവിടെ പരിഗണനാർഹങ്ങളാണു്. സാമ്പത്തികരംഗത്തും വ്യാവസായികപ്രവർത്തനങ്ങളിലും വ്യക്തികളുടെയും ചെറുകിടസംഘടനകളുടേയും ന്യായമായ സ്വാതന്ത്ര്യത്തെ ഭഞ്ജിക്കുന്നതായ സമ്മർദ്ദങ്ങളും അധികാരകേന്ദ്രീകരണശ്രമങ്ങളും വർജ്ജിക്കപ്പെടണം. ഭരണച്ചെങ്കോൽ കൈയിലേന്തുന്നവർക്കു സ്വേച്ഛാധികാരം കൈയടക്കുന്നതിനുള്ള പ്രലോഭനമുണ്ടാകാവുന്നതാണു്. അതു നിയന്ത്രിക്കപ്പെടണം. പൗരന്മാരുടെ നിരന്തരമായ ശ്രദ്ധ ഭരണകാര്യങ്ങളിലും പ്രത്യേകിച്ചു തിരഞ്ഞെടുപ്പുകളിലും ഉണ്ടാകണം. ജനകീയഭരണത്തിൽ നമ്മുടെ വോട്ടുകൾ പെട്ടിയിൽ ഇട്ടുകഴിയുമ്പോൾ നാം തിരഞ്ഞെടുക്കുന്ന ഏതാനും വ്യക്തികളിലാണു് ഭരണാധികാരം നിക്ഷേപിക്കപ്പെടുന്നതു്. അതുകൊണ്ടു ഏതുപെട്ടിയിലാണു് നമ്മുടെ ബാലററുപേപ്പറുകൾ വീഴുന്നതെന്നതിനെ ആശ്രയിച്ചാണു ഭരണാദർശങ്ങൾ പ്രായോഗികമാകുവാൻ പോകുന്നതു്. ആദർശയോഗ്യമായ ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനു നാം അഭിലഷിക്കുന്നു എങ്കിൽ അതിനു യോജിക്കുന്ന പരിപാടികളോടുകൂടിയ പാർട്ടികൾക്കു നാം വോട്ടുചെയ്യേണ്ടിയിരിക്കുന്നു. അതിനു പററുന്ന വ്യക്തികളെ ഓരോ സ്ഥാനങ്ങളിലും സ്ഥാനാർത്ഥികളായി നിർത്തുവാനും കാലേക്കൂട്ടി ശ്രമിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ ഒരു പൊതുതിരഞ്ഞെടുപ്പു സമാഗതമാകുവാൻ പോകുന്നു എന്നതുകൊണ്ടു് രാഷ്ട്രീയമണ്ഡലത്തിൽ പാർട്ടികളുടെ ചൂതുകളി ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണു്. പൊതുജനങ്ങളെ വഞ്ചിച്ചു സ്വാർത്ഥം നേടുന്നതിനും, രാജ്യത്തിന്റെ പൊതുതാല്പര്യങ്ങളേയും ഭാവിയിലെ സുസ്ഥിതിയേയും ഒററിക്കൊടുത്തു തന്നിഷ്ടം നിറവേററുന്നതിനും അടുത്തുകൂടുന്ന വഞ്ചകന്മാരുടെ പഞ്ചസാരവാക്കുകളിൽഭ്രമിച്ചു പോകാതിരിക്കുവാൻ എല്ലാവരും പൗരബോധത്തോടുകൂടി വർത്തിക്കുവിൻ. ഭാരതത്തിൽ ആദർശയോഗ്യമായ ഒരു ക്ഷേമരാഷ്ട്രം പ്രയോഗത്തിൽ വരുന്നതിനു ഗവർമ്മെണ്ടിന്റെ പ്രശസ്തമായ നിയന്ത്രണവും പൗരസഞ്ചയത്തിന്റെ പ്രബുദ്ധമായ സഹകരണവും ഉണ്ടാകാതെ തരമില്ല. അതാണു് ഇന്നത്തെ അടിയന്തിരമായ ആവശ്യം.

## പ്രസാധകക്കുറിപ്പുകൾ

## നിയോഗിക്കമ്മിററി റിപ്പോർട്ടിനെപ്പററി

### അഖിലേന്ത്യാബിഷപ്പ്സ് കോൺഫെറൻസ് സ്റ്റാൻഡിംഗ്കമ്മിററിയുടെ പ്രസ്താവന

കാത്തലിക്കു് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ സ്റ്റാൻഡിംഗ്കമ്മിററി മദ്ധ്യപ്രദേശ് നിയോഗി കമ്മററി റിപ്പോർട്ടിനെപ്പററി പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയുടെ വിശദരൂപമാണു് താഴെ ചേർക്കുന്നതു്:-

"മദ്ധ്യപ്രദേശ്ഗവമ്മെൻറു് നിയോഗിച്ച ക്രിസ്ത്യൻമിഷനറി പ്രവർത്തനാന്വേഷണക്കമ്മിററി പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ, കാത്തലിക്കു് ബിഷപ്പ്സ് കോൺഫറൻസ് സ്റ്റാൻഡിംഗ്കമ്മിററിക്കുണ്ടായിരുന്ന അങ്ങേയററത്തെ ആശങ്കകളെല്ലാം യഥാർത്ഥവത്കരിക്കപ്പെട്ടിരിക്കുന്നുവെന്ന വസ്തുത കമ്മിററി അത്യഗാധമായ ഖേദത്തോടുകൂടി നോട്ടുചെയ്യുന്നു. മദ്ധ്യപ്രദേശത്തെ സ്ഥിതിഗതികളെപ്പററി കഴിഞ്ഞ രണ്ടുവർഷങ്ങളായി ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ കമ്മിററി നിവേദനം നടത്തിയിട്ടുള്ളതാണു്. മദ്ധ്യപ്രദേശത്തെ പ്രാദേശികപരിധിക്കുള്ളിൽ ഒതുങ്ങിനില്ക്കുന്ന പരാതികൾ പർവ്വതീകരിക്കുന്നതു്, ഒരന്വേഷണക്കമ്മിററിയെ നിയമിക്കുന്നതുകൊണ്ടു്, ദേശവ്യാപകമായി അനാശാസ്യപ്രത്യാഘാതങ്ങൾ ഉളവാക്കിയേക്കുമെന്നു ഭയന്നു്, അന്വേഷണവിഷയവുമായി ബന്ധമില്ലാത്ത ബാഹ്യമായ കാര്യങ്ങൾ റിപ്പോർട്ടിൽ കടന്നുകൂടുവാൻ അനുവദിക്കപ്പെടത്തക്കവിധം അവ്യക്തമായ, കമ്മിററിയുടെ പരാമർശനവിഷയങ്ങളെപ്പററി സ്റ്റാൻഡിംഗ്കമ്മിററി പ്രതിഷേധിച്ചിരുന്നു. കമ്മിററിയിലെ ചില മെമ്പർമാർ ക്രിസ്തുമതത്തിനെതിരായി അങ്ങേയററത്തെ മുൻവിധിയോടുകൂടിയവരാണെന്നു് അറിവായിരുന്നതിനാൽ കമ്മിററിയുടെ ഘടനയെപ്പററിയും, കമ്മിററി പുറപ്പെടുവിച്ചിരുന്ന പ്രശ്നാവലിയെപ്പററിയും—അതിന്റെ പിന്നിലുള്ള മുൻവിധി വ്യക്തമായി സൂചിപ്പിക്കുന്നവയായിരുന്നു അവയെന്നതിനാൽ—സ്റ്റാൻഡിംഗ്കമ്മിററി പ്രതിഷേധിച്ചിരുന്നു. ഈ പ്രതിഷേധങ്ങളെയെല്ലാം മദ്ധ്യപ്രദേശ് ഗവമ്മെൻറു വിഗണിച്ചതു് വ്യഥാകരമായിരിക്കുന്നു.

ക്രിസ്ത്യൻമിഷനറിമാർക്കെതിരായുള്ള ഖണ്ഡിതമായ പരാതികളെപ്പററിയും, മദ്ധ്യപ്രദേശത്തെ ഉദ്യോഗസ്ഥന്മാരെപ്പററിയും ക്രൈസ്തവേതരരെപ്പററിയും ക്രിസ്ത്യൻസമുദായത്തിനുള്ള പരാതികളെപ്പററിയും അന്വേഷിക്കുന്നതിനായിരുന്നു നിയോഗിക്കമ്മിററി പ്രത്യക്ഷമായും നിയമിതമായതു്. കമ്മിററി അതിന്റെ റിപ്പോർട്ടിൽ അന്വേഷണത്തിന്റെ രണ്ടാമത്തെ ഉദ്ദേശ്യത്തെ, ക്രിസ്ത്യാനികളുടെ പരാതികളൊന്നും സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നുപറഞ്ഞു നിരാകരിച്ചുകൊണ്ടു് തിടുക്കത്തിൽ കൈകാര്യംചെയ്യുകയും ക്രിസ്ത്യാനികൾക്കെതിരായ ഒരു നിലപാടു സ്വീകരിക്കുകയുംചെയ്തു. കമ്മിററിമുൻപാകെ വരുന്ന തെളിവെന്നു പറയപ്പെടുന്നതിന്റെ പരിധിക്കുള്ളിൽ അന്വേഷണം ഒതുക്കിനിർത്തുന്നതിനുപകരം മതസ്വാതന്ത്ര്യം ക്രിസ്തുമതത്തിന്റെ ആവിർഭാവംമുതൽ ആധുനികകാലംവരെ, ലോകമെങ്ങുമുള്ള ക്രൈസ്തവവിഭാഗങ്ങളുടെ നയങ്ങൾ മുതലായ കാര്യങ്ങളെപ്പററി, അധികൃതക്രൈസ്തവപ്രവർത്തനത്തെപ്പററി പ്രസ്താവിക്കുവാൻ യാതൊരർഹതയുമില്ലാത്ത എഴുത്തുകാരുടെ കൃതികളിൽനിന്നും തെളിവുകൾ സ്വീകരിച്ചും, ക്രിസ്തീയവിശ്വാസത്തിന്റെ പ്രഖ്യാപിതവിരോധികളിൽനിന്നും ഉദ്ധരണികളെടുത്തും വാചകങ്ങളെ അവയുടെ സന്ദർഭത്തിൽനിന്നും യഥാർത്ഥമായ അർത്ഥവ്യാപ്തിയിൽനിന്നും ചീന്തിയെടുത്തും തങ്ങൾ ലിസ്റ്റ്ചെയ്ത പുസ്തകവിവരണങ്ങളിൽ കൈവയ്ക്കുവാൻ സാധിക്കാത്ത ഓരോ ആരോപണവും ക്രിസ്തുസഭയുടെമേൽ കുന്നുകൂട്ടിയും ഉപന്യസിക്കുന്നതിനാണു് കമ്മിററി ഉദ്യമിച്ചതു്. ശത്രുക്കളുടേയും അനഭിജ്ഞരുടേയും അറിവു വർദ്ധിപ്പിക്കുവാൻവേണ്ടി ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിൽ ഉൾക്കൊള്ളുന്ന പരിമിതികളെ സംബന്ധിച്ച നൈയ്യാമികമായ നില സുദീർഘം വിശദീകരിക്കുവാനും അവർ മടിച്ചിട്ടില്ല. ക്രിസ്ത്യാനികൾക്കെതിരായുള്ള വിദ്വേഷം ഇത്ര വ്യക്തമായിരിക്കുകയും, റിപ്പോർട്ടിനെ ഉടനീളം ആവരണംചെയ്യുകയും ചെയ്യുമ്പോൾ, കമ്മിററി നിഷ്പക്ഷമായ ഒരന്വേഷണം നടത്തുവാനാണു പുറപ്പെട്ടതെന്നു് കമ്മിററി അവകാശപ്പെടുന്നതുപോലെ, "നിലവിലുണ്ടായിരിക്കാവുന്ന സംശയങ്ങളും തർക്കങ്ങളും തീർക്കുവാനും ജനങ്ങളിലെ വിവിധ വിഭാഗങ്ങളുടെ ഇടയിൽ സൗമനസ്യവും സമാധാനവും പുരോഗമിപ്പിക്കുവാനും"വേണ്ടിയാണു് അതു ശ്രമിച്ചതെന്നു വിശ്വസിക്കുക തികച്ചും ദുഷ്കരമായിരിക്കുന്നു.

കമ്മിററിയുടെ പരാതി (Gravamen) വിദേശമിഷനറിമാരുടെ പ്രവർത്തനവും രാജ്യത്തിന്റെ ഐക്യം ശിഥിലീകരിക്കുവാനായി അവർ നടത്തുന്നതായി ആരോപിക്കപ്പെടുന്ന ശ്രമവുമാണെങ്കിൽ അതിൽ കത്തോലിക്കാസഭയെ ഉൾപ്പെടുത്തുവാൻ സാധിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കുക വിഷമമായിരിക്കുന്നു. കമ്മിററിയുടെ സൂക്ഷ്മദൃഷ്ടിത്വത്തിന്റെ ഒരു സാമ്പിളാണു് താഴെ ചേർക്കുന്നതു്: ഉദയപ്പൂർ പ്രദേശത്തെ കത്തോലിക്കരുടെ മതപരമായ ആവശ്യങ്ങൾക്കായി കത്തോലിക്കാ വൈദികരെ ഉദയപ്പൂരിൽ താമസിക്കാൻ അനുവദിക്കണമെന്നു മൂന്നു കത്തോലിക്കാ നേതാക്കന്മാരും റാഞ്ചി ബിഷപ്പും ഗവമ്മെൻറിനോടഭ്യർത്ഥിച്ചതുകൊണ്ടും, കത്തോലിക്കാ വൈദികർക്കു് രാഷ്ട്രീയകാര്യങ്ങളുമായോ ഗോത്രപ്രദേശങ്ങളിലെ ഝാർഖണ്ഡു് പ്രസ്ഥാനവുമായോ കഴിഞ്ഞകാലങ്ങളിൽ യാതൊരു ബന്ധവുമില്ലായിരുന്നുവെന്നും ഭാവിയിൽ ഉണ്ടായിരിക്കുകയില്ലെന്നും പ്രഖ്യാപിച്ചതുകൊണ്ടും കമ്മിററിയുടെ അനുമാനം ഇതാണു്: "മതത്തിനു പുറത്തുള്ള കാര്യങ്ങളിൽ റോമൻകത്തോലിക്കാ വൈദികർ വഹിക്കുന്ന നിയന്ത്രണത്തേയും പുതുതായി ലയിപ്പിക്കപ്പെട്ട ജഷ്പൂർ, ഉദയപ്പൂർ, സുർഗ്ഗുജാ ഈ സംസ്ഥാനങ്ങളിൽ ലയനത്തിനുശേഷം നിലവിലിരിക്കുന്ന രാഷ്ട്രീയപ്രക്ഷോഭണത്തെപ്പററിയും ശ്രദ്ധാർഹമായ ഏററുപറച്ചിലാണിതു്." റി


പ്പോർട്ടിൽ ആരോപിക്കുന്നതുപോലെ 1947-നുശേഷം ആ പ്രദേശത്തു "വിദേശമിഷനറിമാരുടെ വലിയ പ്രവാഹം" എവിടെയാണു ഉണ്ടായിട്ടുള്ളതു്? മതപരവും ഭൂതദയാപരവുമായ പ്രവർത്തനങ്ങൾക്കായി സ്വയം അർപ്പണംചെയ്തിട്ടുള്ള കൈവിരലിൽ എണ്ണാൻ മാത്രമുള്ള മിഷനറിമാർ—അവരിൽ മിക്കവരും ചെറുപിന്നോക്ക ഗ്രാമങ്ങളിലാണു് പ്രവർത്തിക്കുന്നതു്—രാജ്യത്തിന്റെ ശിഥിലീകരണാർത്ഥമുള്ള ഒരു രാഷ്ട്രീയപ്രസ്ഥാനം ആരംഭിക്കാൻ സാധിക്കുമെന്നു് കമ്മിററി ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടോ? അതോ ഓരോ ഇന്ത്യൻകത്തോലിക്കനും മാതൃരാജ്യത്തോടു ഒരു ദ്രോഹിയായിരിക്കുവാനിടയുണ്ടെന്നാണോ കമ്മിററിയുടെ വാദം?

"മിഷനറിമാരുടെ മാത്രമല്ല കത്തോലിക്കാ സമുദായം മുഴുവന്റേയും കൂറിനെ നിന്ദിക്കുവാൻ റിപ്പോർട്ടു ശ്രമിക്കുന്നു. ഇവിടെയുള്ള ചുരുക്കം വിദേശമിഷനറിമാരുടെനേക്കു മാത്രമല്ല കത്തോലിക്കാസഭയുടെമേൽ ഒരു കേസ് സൃഷ്ടിക്കുവാൻ അതുദ്യമിക്കുന്നു. രാജ്യത്തെ ഏററവും വലിയ ക്രിസ്ത്യൻവിഭാഗത്തിന്റെ നേക്കുള്ള അവിഹിതമായ ഈ ആക്ഷേപവർഷത്തിനു പൂർണ്ണമായ ഉത്തരവാദിത്വം അന്വേഷണക്കമ്മിററി വഹിക്കേണ്ടതാകുന്നു. ആധുനികകാലത്തു ഭാരതീയജീവിതത്തിന്റെ രൂപീകരണത്തിൽ ക്രിസ്ത്യൻമിഷനറിമാർ, പ്രോട്ടസ്റ്റൻറുകാരായ മിഷനറിമാരും, നൽകിയിട്ടുള്ള ശ്രദ്ധാർഹമായ സംഭാവനയെപ്പററി അരപേജ്‌വരുന്ന പരാമർശനവും ഇന്ത്യയിൽ യേശുക്രിസ്തുവിനോടുള്ള ബഹുമാനത്തെപ്പററി ലഘുവായ ഒരംഗീകരണവും ഒഴിച്ചാൽ, കത്തോലിക്കാ മിഷനറിമാരുടെനേക്കു മിക്കവാറും സാർവ്വത്രികമായി പ്രദർശിപ്പിക്കപ്പെടുന്ന ആദരാഭിനന്ദനങ്ങളെപ്പററി ഒററവാക്കുപോലും പറയുവാൻ കമ്മിററിക്കു യുക്തമായിത്തോന്നിയില്ല. സ്വന്തം ജന്മനാടുകളിലെ കുടുംബജീവിതവും ധനവും പദവിയും ബഹുമാനവുമെല്ലാം ബലികഴിച്ചു് അവർ കഴിഞ്ഞ അനേകം നൂററാണ്ടുകളായി തങ്ങളുടെ ജീവിതം ഇന്ത്യയിലെ ജനങ്ങൾക്കുവേണ്ടി അർപ്പിക്കുകയും അവരുടെ ഇടയിൽ പ്രവർത്തനം നടത്തുകയും ഇന്ത്യൻരാഷ്ട്രത്തെ ലോകദൃഷ്ടിയിൽ ആത്മാഭിമാനത്തോടുകൂടിയ സ്വാതന്ത്ര്യത്തിലേക്കും അഭിമാനപദവിയിലേക്കും ഉയർത്തുന്നതിനു സഹായകമാകത്തക്കവിധം ഇന്ത്യൻ സാഹിത്യത്തിനും ശാസ്ത്രത്തിനും സംസ്കാരത്തിനും സാമൂഹ്യോന്നമനത്തിനും അവർ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ടു്. ഒരു ദുർഭൂതമോ പ്ലേഗോ ആയി കമ്മിററി കരുതുന്ന മതപരിവർത്തനത്തെപ്പററിയുള്ള അപലപനത്തിൽ, അധുനാതന ഇന്ത്യയും പ്രാചീന ഇന്ത്യയും പൂർവ്വദിക്കിലേക്കും ഉത്തരദിക്കിലേക്കും പശ്ചിമദിക്കിലേക്കും സ്വയം നടത്തിയിട്ടുള്ള മഹത്തായ മതപരവും സാംസ്കാരികവുമായ മിഷനുകളിൽ അഭിമാനം കൊള്ളുന്നുവെന്ന വസ്തുതയുടെ മുൻപിൽ അവർ കണ്ണടയ്ക്കുകയാണു ചെയ്യുന്നതു്.

"ഐക്യം അടിയന്തിരാവശ്യമായിരിക്കുന്ന ഒരു സന്ദർഭത്തിൽ ക്രിസ്ത്യാനികളും ഇന്ത്യയിലെ ഇതരജനങ്ങളും തമ്മിൽ ഒരു വിടവുണ്ടാക്കണമെന്നു് കമ്മിററി ആഗ്രഹിച്ചുവെങ്കിൽ അതിലേക്കു പൊതുജനങ്ങളുടെ മുൻപാകെ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന ഈ റിപ്പോർട്ടിനെക്കാൾ കൂടുതൽ ഫലപ്രദമായ ഒരുപാധി കമ്മിററിക്കു സ്വീകരിക്കുവാൻ സാദ്ധ്യമാകുമായിരുന്നില്ല. ഈ റിപ്പോർട്ടുമൂലം വിദേശത്തു ഇന്ത്യയുടെ അഭിമാനത്തിനു നേരിടാവുന്ന ക്ഷതത്തെപ്പററി ചിന്തിക്കുവാൻപോലും ഞങ്ങൾ ഭയപ്പെടുന്നു.

"ക്രിസ്തുമതം ഈന്നാട്ടിലെ പുരാതനവും ബഹുമാനിക്കപ്പെടുന്നതുമായ ഒരു മതമാണെന്നും ക്രിസ്ത്യൻ സമുദായവും അതിന്റെ സംസ്കാരവും ഇന്ത്യൻ പിന്തുടർച്ചയുടെ ഒരവിഭാജ്യഘടകമാണെന്നും നമ്മുടെ ദേശീയനേതാക്കന്മാർ പലപ്പോഴും പ്രഖ്യാപിച്ചിരിക്കെ രാജ്യത്തെ ഓരോ സമുദായത്തിനും ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന നടപടികൾ കമ്മിററി നിർദ്ദേശിച്ചതു ഉചിതമായില്ല. "തെററായിട്ടുള്ളതും നാം യാതൊന്നിനുവേണ്ടി നിലകൊള്ളുന്നുവോ അതിനു് എതിരായിട്ടുള്ളതുമായ മനോഭാവം മനസ്സറിയാതെപോലും സ്വീകരിക്കരുതു്" എന്നു പ്രദേശ്‌കോൺഗ്രസ് കമ്മിററികൾക്കു പ്രധാനമന്ത്രി നൽകിയ ഡയറക്ടീവിലെ വചസ്സുകൾ അവർ വിസ്മരിച്ചുകളഞ്ഞുവോ?"

സ്റ്റാൻഡിംഗ് കമ്മിററിയുടെ ഈ പ്രസ്താവന ഏതൽക്കാര്യത്തിൽ ഏററവും പരിഗണനാർഹമായ ഒരു ഔദ്യോഗികരേഖയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.
വടക്കഞ്ചേരി ഇട്ട്യൂപ്പ്
ഭാര്യ കത്രീന
എടനാട്

x x x

## ദത്താറിന്റെ പ്രസ്താവന

മധ്യപ്രദേശ്ഗവൺമെന്റിന്റെ നിയോഗിക്കമ്മിററി റിപ്പോർട്ടിലെ നിഗമനങ്ങൾ എല്ലാംതന്നെ തെററാണെന്നു് — മിഷനറിമാർ അവിഹിതമായ മാർഗ്ഗങ്ങളിലൂടെ മതപരിവർത്തനം നടത്തുകയോ ഇന്ത്യാവിരുദ്ധയത്നങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നില്ലെന്നു്— ഇന്ത്യാഗവൺമെന്റിന്റെ ആഭ്യന്തരകാര്യമന്ത്രി മി. ബി. എൻ. ദത്താർ ലോക്‌സഭയിൽ പ്രസ്താവിച്ചിരിക്കുന്നു. മിഷനറിമാർ ചില പ്രദേശങ്ങളിൽ നിർബന്ധിച്ചു മതപരിവർത്തനം നടത്തുന്നുവെന്നു ഗവൺമെന്റിനു റിപ്പോർട്ടു കിട്ടിയിട്ടുണ്ടോയെന്നു പാർലമെന്റു മെംബർ മി. ബി. എസ്. മൂർത്തി ചോദിച്ചതിനു ആഭ്യന്തരകാര്യമന്ത്രി ഇങ്ങനെ മറുപടി പറഞ്ഞു: "രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ജനങ്ങളെ നിർബന്ധിച്ചു ക്രിസ്തുമതത്തിൽ ചേർക്കുന്നു എന്ന ആരോപണം, ഗവൺമെന്റിന്റെ അന്വേഷണത്തിൽ അടിസ്ഥാനരഹിതങ്ങളാണെന്നു തെളിഞ്ഞിരിക്കുന്നു." രാജസ്ഥാനിലെ മതപരിവർത്തനത്തെപ്പററി അന്വേഷിക്കാൻ ഒരു കമ്മിററിയെ നിയമിക്കണമെന്നു രാജസ്ഥാൻ ഗവൺമെന്റിനു നിവേദനം കിട്ടിയിട്ടുണ്ടോയെന്നുള്ള മി. ദീക്ഷാഭായിയുടെ ചോദ്യത്തിനു് "ആ രാജ്യത്തിൽ നിർബന്ധിച്ചുള്ള യാതൊരു മതപരിവർത്തനവും നടക്കുന്നില്ലെന്നു രാജസ്ഥാൻ ഗവൺമെന്റിനു ബോദ്ധ്യമായിരിക്കുന്നു" എന്നാണു ആഭ്യന്തരകാര്യമന്ത്രി മറുപടി പറഞ്ഞതു്. ഇൻഡ്യയിലെ വിദേശമിഷ്യനറിമാരുടെ ഇടയിൽ ഇന്ത്യാവിരുദ്ധപ്രവർത്തനങ്ങൾ വർദ്ധിച്ചിരിക്കുന്നുവെന്നതു ഒരു വസ്തുതയല്ലേയെന്നുള്ള മി. കൃഷ്ണാചാര്യജോഷിയുടെ ചോദ്യത്തിനു മി. ദത്താർ ഇങ്ങനെ മറുപടി നൽകി. "ചോദ്യത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അഭ്യൂഹത്തിനു് ഗവർമെൻറിന്റെ മുൻപാകെയുള്ള അറിവുകൾ വെച്ചുനോക്കുമ്പോൾ വസ്തുതാപരമായ യാതൊരു അടിസ്ഥാനവുമില്ല. ആകയാൽ ഇതിനെ തടയാൻ ഗവൺമെന്റു നടപടിയെടുക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല." മധ്യപ്രദേശ് ഗവൺമെന്റിന്റെ കമ്മിററിയുടെ റിപ്പോർട്ട് കേന്ദ്രഗവൺമെന്റ് കണ്ടിട്ടുണ്ടെന്നും, ആ റിപ്പോർട്ട് പരിശോധിക്കേണ്ട ആദ്യബാദ്ധ്യത സ്റ്റേററു ഗവൺമെന്റിനാണെന്നും ദത്താർ പറഞ്ഞു. മധ്യഭാരത് ഗവൺമെന്റു നിയോഗിച്ച റീഗ് കമ്മിററിയും, മിഷ്യനറിമാർ ഇന്ത്യാവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ലെന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ അനുസ്മരണീയമാണു്. ഇതിൽനിന്നു നിയോഗി കമ്മിററി റിപ്പോർട്ട് എത്രമാത്രം അടിസ്ഥാനരഹിതവും സാങ്കല്പികവുമാണെന്നു മനസ്സിലാക്കാമല്ലോ. മിഷ്യനറിമാർക്കു പുറദേശങ്ങളിൽനിന്നു് ഒരു കൊല്ലത്തിലും 9.13 കോടി ക. യിൽ കവിഞ്ഞ ഒരു സംഖ്യ കിട്ടിയിട്ടില്ലെന്നും, മിഷ്യനറിപ്രവർത്തനപരമായ കാര്യങ്ങൾക്കാണു് ഈ സംഖ്യ വിനിയോഗിച്ചിട്ടുള്ളതെന്നുംകൂടി ആഭ്യന്തരകാര്യമന്ത്രി പറഞ്ഞു. ഇക്കാര്യത്തിലും നിയോഗിക്കമ്മിററിയുടെ നിഗമനങ്ങൾ വസ്തുതകൾക്കെതിരായിരിക്കുന്നു.

x x x

## മാർക്സിന്റെ സോഷ്യലിസം


കാറൽമാർക്സിന്റെ സോഷ്യലിസം ഇന്നത്തെ കാലത്തിനു തീരെ യോജിച്ചതല്ലെന്നും, നൂറോ, നൂററമ്പതോ വർഷങ്ങൾക്കു മുൻപു മാർക്സ് ഇംഗ്ലണ്ടിനെപ്പററി പറഞ്ഞ വസ്തുതകൾ ഇന്നു ഇൻഡ്യയ്ക്കോ മറേറതെങ്കിലും രാജ്യത്തിനോ സ്വീകാര്യമല്ലെന്നും, പഞ്ചവത്സരപദ്ധതിയെപ്പററി നടന്ന ചർച്ചകൾക്കിടയിൽ പ്രധാനമന്ത്രി നെഹ്റു രാജ്യസഭയിൽ പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം തുടർന്നു: വ്യവസായവിപ്ലവത്തിന്റെ ആവിർഭാവത്തോടുകൂടിയാണു സോഷ്യലിസം എന്ന ശബ്ദമുയർന്നതു്. പത്തൊൻപതാം നൂററാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലണ്ടിൽ വ്യവസായവിപ്ലവത്തിനുണ്ടായ പുരോഗതിയെപ്പററിയാണു മാർക്സ് എഴുതിയതു്. കൂടുതൽ ഉല്പാദിപ്പിക്കുവാനുള്ള മനുഷ്യന്റെ കഴിവിനോടുകൂടിയാണു അതു നടപ്പിൽ വന്നതു്. നൂറോ നൂററമ്പതോ കൊല്ലങ്ങൾക്കു മുൻപുള്ള ഇംഗ്ലണ്ടിനെപ്പററി മാർക്സ് പറഞ്ഞതു ഇന്നു ഇൻഡ്യയിലോ മറേറതെങ്കിലും രാജ്യത്തിലോ പ്രസക്തമല്ലെന്നു എരന്ന ആരും പറഞ്ഞുമനസ്സിലാക്കേണ്ടതില്ല. അതു ഭ്രാന്താണു്. അതു മാർക്സിനോടുതന്നെ തീർത്തും അനീതികാണിക്കുകയാണു്. "മാർക്സിസ്ററുകളിൽനിന്നു എന്നെ രക്ഷിക്കുക" എന്നു മാർക്സ്തന്നെ ഒരിക്കൽ പറഞ്ഞതായി റിപ്പോർട്ടുചെയ്യപ്പെടുന്നുണ്ടു്. മാർക്സിന്റെ സോഷ്യലിസം ഇന്നത്തെ കാലത്തിനു തീരെ യോജിച്ചതല്ല. ടെക്നോളജിക്കു അതിഭീമമായ മാററങ്ങൾ സംഭവിച്ചിരിക്കുന്നതിനാൽ, മാർക്സി



എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയെ കോതമംഗലം രൂപതയുടെ നിയുക്തമെത്രാൻ തിരുമേനി അരമനയിൽ വന്നു സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.



മൂവാററുപുഴപള്ളിക്കു സമീപം നവീനരീതിയിൽ നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്ന മൂന്നുനിലയിലുള്ള ക്രിസ്തുരാജ് കപ്പേളയുടെ ശിലാസ്ഥാപനകർമ്മം കോതമംഗലം രൂപതയുടെ നിയുക്തമെത്രാൻ റൈററു് റവ. ഡോക്ടർ മാത്യു പോത്തനാമൂഴി തിരുമേനി നിർവ്വഹിച്ചു. മൂവാററുപുഴപള്ളി വികാരി ഫാദർ ആൻറണി പുതുശ്ശേരിയാണു് തിരുമേനിയുടെ വലതുവശത്തു്.



തിരുവനന്തപുരത്തുവച്ചു നടന്ന സന്തോഷ്ട്രോഫി മത്സരത്തിൽ വിജയംവരിച്ച ഹൈദ്രബാദു് ടീമിനു് രാജപ്രമുഖൻ തിരുമേനി കപ്പു സമ്മാനിക്കുന്നു.

# "വളർന്നുവരുന്ന കേരളക്രൈസ്തവസഭയെ സ്വയംപര്യാപ്തമാക്കുവാൻ എല്ലാ കഴിവുകളും നിസ്വാർത്ഥമായി പ്രയോഗിക്കുകയും ഒരേമനസ്സോടും താല്പര്യത്തോടുംകൂടി മുന്നേറുവാൻ സന്നദ്ധരാവുകയും ചെയ്യുവിൻ"

(മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ ഇടയലേഖനം)

കഴിഞ്ഞ ജനുവരിമാസം 10-ാം തീയതി നമ്മുടെ വന്ദ്യപിതാവ് കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു കാലംചെയ്തതിനെത്തുടന്ന് ഈ അതിരൂപത ദുഃഖപൂരിതയായിരുന്നല്ലോ. എന്നാൽ ഇപ്പോൾ ദൈവാനുഗ്രഹത്താൽ നമ്മുടെ അതിരൂപതയുടെ ഭാവി നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇതുവരെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക എന്ന നിലയിൽ ഈ അതിരൂപത ഭരിച്ചിരുന്ന ഈ എളിയവനെ, തിരുസിംഹാസനത്തിൽനിന്നും, അതിരൂപതയുടെ മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തിരിക്കുന്നു എന്ന വിവരം ഏവരും ഇതിനകം അറിഞ്ഞിരിക്കുമല്ലോ.

മാത്രമല്ല, നമ്മുടെ അതിരൂപതയിലെ കിഴക്കുള്ള ഏതാനും ഭാഗം തിരിച്ചു കോതമംഗലം കേന്ദ്രമാക്കി ഒരു പുതിയ സാമന്തരൂപതയും തിരുസിംഹാസനത്തിൽനിന്നും കല്പിച്ചനുവദിച്ചിരിക്കുന്നു. കാലംചെയ്ത മെത്രാപ്പോലീത്താ തിരുമേനിയുടെ വികാരിജനറാളായി അതിരൂപതാഭരണം പ്രശസ്തമായി നടത്തിയിട്ടുള്ള എ. പെ. ബ. മോൺസിഞ്ഞോർ മാത്യു പോത്തനാമൂഴി തിരുമേനിയാണു പുതിയ രൂപതയുടെ മെത്രാൻ എ

---

ൻെറ നിഗമനങ്ങൾ ഇന്നത്തെ കാലത്തിനു പററാത്തതായിരിക്കുന്നു. ടെക്നോളജിയുടെയും പൗവറിൻെറയും വികസനം സമൂഹത്തിൽ ഒരു പരിവത്തനമാണ് ഉളവാക്കിയിരിക്കുന്നതു്. ടെക്നോളജിയുടെ പുരോഗതി സംബന്ധിച്ചു അമേരിക്കയെ അനുകരണാർഹമായ ഒരു രാജ്യമായിട്ടാണു സോവ്യററ്യൂണിയൻ വിവക്ഷിക്കുന്നതു്. എന്നാൽ പല സ്നേഹിതന്മാരും സോഷ്യലിസം എന്നുവെച്ചാൽ കൂടുതൽ വ്യവസായങ്ങളുടെ ദേശസാൽക്കരണം എന്നാണു മനസ്സിലാക്കുന്നതു്. സുപ്രധാനവ്യവസായങ്ങൾ രാഷ്ട്രത്തിൻെറകീഴിലാക്കുന്നതു സോഷ്യലിസത്തിനു അനുയോജ്യമാണെന്നുള്ളതിൽ സംശയമില്ല. ധനികരും ദരിദ്രരും തമ്മിലുള്ള വിടവു നികത്തേണ്ടതു അത്യാവശ്യമാണ്. എന്നാൽ അസമത്വദൂരീകരണത്തിൽ ജനങ്ങളുടെ പുരോഗതിയെ തടസ്സപ്പെടുത്തുവാൻ പാടില്ല. ഉല്പാദനത്തിനു അതുമൂലം കോട്ടംതട്ടും. അങ്ങനെയെങ്കിൽ നമ്മൾ തെററായിരിക്കും ചെയ്യുന്നതു്. മാർക്സിൻെറ പഴഞ്ചൻ തത്വങ്ങൾ മുദ്രാവാക്യങ്ങളാക്കിക്കൊണ്ടുനടക്കുന്നവക്കു പ്രധാനമന്ത്രിയുടെ ഈ തജ്ജനം ഇഷ്ടപ്പെട്ടെന്നു വരികയില്ല. എന്നാലും അതൊരു പരമാത്ഥമായിരിക്കുന്നു.

—o—

## അടുത്തയാഴ്ചയിൽ

സെപ്തംബർ

13 വ്യാ: വി. മൗറേലിയൂസ്
14 വെ: വി. കുരിശിൻെറ പുകഴ്ച
15 ശ: വി. നിക്കോമീദിസ്
16 ഞാ: പന്തക്കുസ്ത 17-ാം ഞാ.
17 തി: വി. ഫ്റാൻസിസ് അസീസിയുടെ അഞ്ചു മുറിവുകൾ
18 ചൊ: വി. യൗസേപ്പ് കുപ്പർത്തീനോസ്
19 ബു: വി. യാനുവരിയൂസും കൂട്ടരും

---

ന്നുള്ളതും നമുക്കേവക്കും സന്തോഷകരമത്രെ.

അതുപോലെതന്നെ, നമ്മുടെ അതിരൂപതയുടെ സാമന്തരൂപതയായിരുന്ന ചങ്ങനാശ്ശേരിയെ ഒരതിരൂപതയായി ഉയത്തി, നിതാന്തവന്ദ്യദിവ്യശ്രീ മാർ കാവുകാട്ടു മാത്യു മെത്രാൻ തിരുമേനിയെ അതിൻെറ മെത്രാപ്പോലീത്തായായി നിശ്ചയിച്ചു എന്നതും ചാരിതാത്ഥ്യജനകമാണ്. ഈ തീരുമാനങ്ങളനുസരിച്ചു തൃശ്ശൂർ, തലശ്ശേരി, കോതമംഗലം എന്നീ രൂപതകൾ എറണാകുളം അതിരൂപതയുടേയും, കോട്ടയം, പാലാ, എന്നീ രൂപതകൾ ചങ്ങനാശ്ശേരി അതിരൂപതയുടേയും സാമന്തരൂപതകളായിരിക്കുന്നതാണ്.

ഏതദ്ദേശീയ വൈദികാദ്ധ്യക്ഷന്മാരുടെ ഭരണത്തിൽ സീറോ-മലബാർ റീത്തിനു കൈവന്നിട്ടുള്ള അഭിവൃദ്ധിയിൽ തിരുസിംഹാസനത്തിനുള്ള അഭിനന്ദനത്തിൻെറ ലക്ഷ്യമായിട്ടാണ്, ഈ തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളതു്. എന്നാൽ അതേസമയംതന്നെ തിരുസിംഹാസനത്തിൽനിന്നു നമ്മളെ ഏല്പിക്കുന്ന വലിയ ചുമതലകളെപ്പററി നമുക്കു ബോധമുണ്ടായിരിക്കേണ്ടതാണെന്ന സംഗതിയും നമ്മളനുസ്മരിക്കേണ്ടിയിരിക്കുന്നു. കേരളക്രൈസ്തവസഭ, പ്രായത്തിലും കഴിവിലും ഇങ്ങനെ വളന്നുവരുന്നതോടുകൂടി നമ്മൾ കൂടുതൽ കൂടുതൽ സ്വയംപര്യാപ്തരായിത്തീരുവാൻ പരിശ്രമിക്കയും നമ്മുടെ എല്ലാ കഴിവുകളും തദർത്ഥം നിസ്വാത്ഥമായി വിനിയോഗിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം മുൻനിറുത്തിക്കൊണ്ടു വൈദികരും അൽമേനികളും ഒരേ മനസ്സോടും താല്പര്യത്തോടുംകൂടി മുന്നോട്ടുപോകുവാൻ സന്നദ്ധരാകട്ടെ.

നവമായി രൂപമെടുത്തിരിക്കുന്ന ചങ്ങനാശ്ശേരി അതിരൂപതയുടേയും കോതമംഗലം രൂപതയുടേയും അധിനാഥന്മാരായി നിയമിതരായിരിക്കുന്ന അഭിവന്ദ്യതിരുമേനിമാരെ ഹാദ്ദമായി അനുമോദിക്കുവാനും ഈയവസരം നാം വിനിയോഗിച്ചുകൊള്ളുന്നു. രണ്ടുപേരുടേയും നാമഹേതുകനായ വി. മത്തായി ശ്ലീഹായുടെ തിരുനാൾ ഈ വരുന്ന സെപ്റ്റംബർ 21-ാംതീയതിയാണെന്ന് അറിയാമല്ലോ. തിരുമേനിമാർ ഇരുവക്കും എല്ലാവരുടേയും പേക്കു നാം തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നതോടൊപ്പം അവക്കുവേണ്ടി ഏവരും അന്നേദിവസം പ്രാർത്ഥിക്കുകയും നിവൃത്തിയുള്ളവരെല്ലാം ദിവ്യകാരുണ്യം സ്വീകരിച്ചു കാഴ്ചവയ്ക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

ഇതു കൃതജ്ഞതാപ്രകാശനത്തിനുള്ള ഒരവസരമാണെന്ന സംഗതി വ്യക്തമാണല്ലോ. ആകയാൽ കേരളക്രൈസ്തവസഭയ്ക്കു പൊതുവിലും നമ്മുടെ അതിരൂപതയ്ക്കു പ്രത്യേകമായും ദൈവത്തിൽനിന്നു ലഭിച്ചുകൊണ്ടിരിക്കുന്ന നിരവധി അനുഗ്രഹങ്ങൾക്കു നന്ദിപറയുവാനായി അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും പരിശുദ്ധകുർബാനയുടെ വാഴ്‌വിൻെറ സമയത്തു "ലാക് ആലാഹാ" എന്ന സ്തോത്രഗീതം പാടുകയും, ഈശോയുടെ തിരുഹൃദയത്തിനുള്ള പ്രക്കെ തിഷ്ഠാജപം ചൊല്ലി നമ്മുടെ അതിരൂപതയെ ദിവ്യനാഥനു സമർപ്പിക്കുകയും ചെയ്യണമെന്നു നാം നിർദ്ദേശിക്കുന്നു. ഒരു പുതിയ അദ്ധ്യായം സമാരംഭിക്കുവാൻ പോകുന്ന, രണ്ടായി വിഭജിക്കപ്പെടുവാൻപോകുന്ന നമ്മുടെ അതിരൂപതയെ അവിടുന്നു സമൃദ്ധമായി അനുഗ്രഹിക്കുന്നതിനും, ഈ സംഭവവികാസങ്ങളെല്ലാം അവിടുത്തെ ഉപരിമഹത്വത്തിനു നിദാനമായി ഭവിക്കുന്നതിനുംവേണ്ടി തദവസരത്തിൽ ഉള്ളഴിഞ്ഞു പ്രാത്ഥിക്കുവിൻ. ഒരതിരൂപതയുടെ, വിശിഷ്യ കാലംചെയ്ത കണ്ടത്തിൽ മാർ ആഗുസ്തീനോസു മെത്രാപ്പോലീത്താ തിരുമേനി വിദഗ്ദ്ധമായി ഭരിച്ചുവന്ന ഒരതിരൂപതയുടെ ഭരണഭാരം കൈയേല്ക്കുന്ന അയോഗ്യനായ നമുക്കു വേണ്ട ദൈവാനുഗ്രഹങ്ങൾ ലഭിക്കുവാനായി നിങ്ങൾ ഏവരും പ്രാത്ഥിക്കണമെന്നു നിങ്ങളെ അനുസ്മരിപ്പിക്കേണ്ട ആവശ്യമില്ലെന്നു കരുതുന്നു. പുതിയ കോതമംഗലംരൂപതയുടെ നിയുക്തമെത്രാൻ തിരുമേനി പട്ടാഭിഷേകം സ്വീകരിക്കുവാനായി നിത്യനഗരമായ റോമയിലേക്കു പോകുവാൻ തീരുമാനിച്ചിരിക്കുകയാണ്. തിരുമേനിയുടെ അഭിഷേകച്ചടങ്ങുകളെല്ലാം മംഗളകരമായി നടക്കുന്നതിനും തിരുമേനി സസുഖം തിരിച്ചെത്തുന്നതിനുംവേണ്ടി തിരുമേനി മടങ്ങിവന്നു ഔദ്യോഗികമായി രൂപതാഭരണം കൈയേല്ക്കുന്നതുവരെ നമ്മുടെ അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും ഓരോ കുർബാനയ്ക്കുശേഷം "എത്രയും ദയയുള്ള മാതാവേ" എന്ന ജപം ചൊല്ലേണ്ടതാണ്.

ഏവംവിധം നമ്മുടെ അതിരൂപതയുടെ ഭാവിയെ സംബന്ധിക്കുന്ന അനിശ്ചിതാവസ്ഥ മാറിക്കിട്ടിയതിനു ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

—o—


## ചോദിച്ചാൽ പറയാം

13. ചോ: ഫ്റീമേസണിക്കു ലോഡ്ജിൽ കത്തോലിക്കർ അംഗങ്ങളായി ചേരാമോ? തങ്ങളുടേതു സൃഷ്ടിപരമായ പ്രവത്തനങ്ങൾക്കുള്ള ഒരു സംഘടനയാണെന്നാണു അവർ അവകാശപ്പെടുന്നതു്. അങ്ങനെയെങ്കിൽ കത്തോലിക്കർ ചേരുന്നതുകൊണ്ടു് എന്താണു ദോഷം? (ജെ. ജെ. എം.)

ഉ: ഫ്റീമേസണിക്ക് ലോഡ്ജിൽ കത്തോലിക്കർ അംഗങ്ങളായിച്ചേരുവാൻ പാടില്ല. 12-ാം ക്ലമൻറ് (1736), 14-ാം ബനഡിക്ട് (1751), 6-ാം പീയൂസ് (1821), 12-ാം ലെയോ (1836), 9-ാം പീയൂസ് (1869), 13-ാം ലെയോ (1884) എന്നീ മാപ്പാപ്പാമാർ അതിശക്തിയായി നിരോധിച്ചിട്ടുള്ളതാണിതു്. ലോകരക്ഷകനായ ക്രിസ്തുവിനെ അവഗണിക്കുന്നതും, പ്രകൃതിമതത്തെ ആശ്ലേഷിക്കുന്നതും, തത്വത്തിൽ അധാമ്മികമായ സത്യപ്രതിജ്ഞ ചെയ്യുവാൻ ബാദ്ധ്യസ്ഥമായതുമായ ഒരു രഹസ്യസംഘടനയാണ് ഫ്റീമേസണറി. ചില രാജ്യങ്ങളിൽ—ഉദാഹരണമായി തെക്കെ അമേരിക്കയിൽ—അതു ദൈവാസ്തികൃത്തെപ്പോലും നിഷേധിച്ചിട്ടുണ്ടു്. എല്ലാ രാജ്യങ്ങളിലെയും ഫ്റീമേസണറി സംഘടനകൾ ആരംഭം മുതൽ ഒരു കാര്യത്തിൽ യോജിക്കുന്നുണ്ടു്; കത്തോലിക്കാസഭയെ തങ്ങളുടെ പരമ ശത്രുവായി പരിഗണിക്കുന്നതിൽ.

1717-ൽ ഒരു രാഷ്ട്രീയ സംഘടനയായി, ലണ്ടനിലാണു ആദ്യത്തെ ഗ്രാൻറ് ലോഡ്ജ് സ്ഥാപിതമായതു്. അന്നത്തെ വെയിൽസു രാജകുമാരൻെറ ചാപ്ലനും സ്കോട്ട്ലണ്ടിലെ ഒരു പ്രസ്ബിറേററിയൻ പാതിരിയും കൂടിയാണു ഇതിൻെറ ഭരണഘടനയും നടപടിക്രമങ്ങളും എഴുതി ഉണ്ടാക്കിയതു്. പരസ്പരസഹായമാണു ലക്ഷ്യമായി ചേത്തിരുന്നതു്. യൂദന്മാക്കും, ക്രിസ്ത്യാനികൾക്കും, മുഹമ്മദീയക്കും ഒന്നുപോലെ ചേരാവുന്നതും, "പ്രപഞ്ചത്തിൻെറ മഹാശില്പി"യെ ആരാധിക്കുന്നതുമായ ഒരു സംഘടനയായി അതിൻെറ ആരംഭകന്മാർ അവകാശപ്പെട്ടിരുന്നു. അങ്ങനെയുള്ള ആ സംഘടന ദൈവത്തത്തന്നെ നിഷേധിക്കുകയും, തങ്ങളുടേതല്ലാത്ത എല്ലാ അധികാരങ്ങളെയും അവഗണിക്കുകയും ചെയ്തു. അവിടെ നിന്നും അതു യൂറോപ്യൻ രാജ്യങ്ങളിലേക്കും അമേരിക്കയിലേക്കും പ്രചരിച്ചു.

Thanksgiving




For Favours Received
M. S.

1723-ലെ "ഓൾഡ് ചാർജസ്" എന്ന അവരുടെ പ്രമാണഗ്രന്ഥത്തിൽ, "എല്ലാ മനുഷ്യക്കും സ്വീകരിക്കാവുന്ന മതത്തി"ലാണ് അതിനു വിശ്വാസമെന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഇതാണു "ഏററം പ്രാചീനമായ കത്തോലിക്കാമത"മെന്ന് അവർ അവകാശപ്പെടുകയും ചെയ്തു. ഇത്തരം ചിന്താഗതി കത്തോലിക്കർക്കു സ്വീകരിക്കാവുന്നതല്ലല്ലോ. യൂദന്മാരും, മുസ്ലീമിങ്ങളും ഹിന്ദുക്കളുമുൾപ്പെടെയുള്ള എല്ലാ മനുഷ്യക്കും സ്വീകാര്യമായ ഒരു മതത്തിൽ ക്രിസ്തുവിൻെറ ദൈവത്വത്തിനോ, അവിടുത്തെ മനുഷ്യവർഗ്ഗോദ്ധാരണത്തിനോ സ്ഥാനമില്ലെന്നുള്ളതു സ്പഷ്ടമാണ്. അവരുടെ വിശ്വാസവും രഹസ്യചെയ്തികളും നേരിട്ടറിഞ്ഞതിനു ശേഷമാണു ക്ലെമെൻറു മാപ്പാപ്പാ നിരോധനഉത്തരവു പുറപ്പെടുവിച്ചതു്.

ഫ്റീമേസൺകാർ സൃഷ്ടിപരമായ പ്രവത്തനങ്ങളിൽ ഏപ്പെട്ടുന്നുവെന്നതുകൊണ്ടു് ആ സംഘടനയുടെ ദൈവവിരുദ്ധമോ മതവിരുദ്ധമോ ആയ സ്വഭാവം ഇല്ലാതാകുന്നില്ലല്ലോ. സ്വയം സൃഷ്ടിപരമായ പ്രവത്തനങ്ങളിലേപ്പെടുകയും, അത്തരം പ്രവത്തനങ്ങളെ എവിടെയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന കത്തോലിക്കാ സഭ, സൃഷ്ടിപരമായ പ്രവത്തനങ്ങളെ നിവൃത്തിയുണ്ടെങ്കിൽ എതിക്കുകയില്ലെന്നുള്ളതു സ്പഷ്ടമാണല്ലോ.

ഈ വിഷയത്തെപ്പററി കൂടുതൽ അറിയണമെന്നുള്ളവർ ഫാദർ ഹള്ളിൻെറ Two Articles on Freemasonry (By Ernest R. Hull, Examiner Press, Bombay) എന്ന പുസ്തകം വായിക്കുന്നതു നല്ലതാണ്.

14. ചോ: വേദപുസ്തകത്തിലെ "പഴയ നിയമം" വായിക്കുവാൻ കത്തോലിക്കർക്ക് അനുവാദമുണ്ടോ? (എൽ. സി. സി. ചാവക്കാട്)

ഉ: ഇല്ലെന്നാരുപറഞ്ഞു. വേദപുസ്തകം വായിക്കുന്നതിനെ സഭ നിരോധിച്ചിട്ടില്ലെന്നല്ലാ, മറിച്ച് പ്രോൽസാഹിപ്പിക്കുകയാണു ചെയ്യുന്നതു്. ആറാം പീയൂസ് മാപ്പാപ്പാ ഫ്ളോറൻസ് മെത്രാപ്പോലീത്തായ്ക്കും; ഏഴാം പീയൂസ് മാപ്പാപ്പാ ഇംഗ്ലണ്ടിലെ വികാരി അപ്പസ്തോലിക്കമാക്കും എഴുതിയിട്ടുള്ള കത്തുകൾ സുപ്രസിദ്ധങ്ങളാണ്. വേദപുസ്തകം വായിക്കുവാൻ കത്തോലിക്കരെ പ്രോൽസാഹിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യണമെന്നാണ് അവയിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. പതിമൂന്നാം ലെയൊ മാപ്പാപ്പാ 1893 നവംബർ 18-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള Providentissimus Deus എന്നാരംഭിക്കുന്ന ചാക്രികലേഖനത്തിലും, പന്ത്രണ്ടാം പീയൂസ് മാപ്പാപ്പാ തിരുമേനി 1943 സെപ്തംബർ 30-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള Divino Afflante Spiritu എന്നാരംഭിക്കുന്ന ചാക്രികലേഖനത്തിലും കത്തോലിക്കർ വേദപുസ്തകം വായിക്കുകയും പഠിക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യകതയും അതിൻെറ പ്രയോജനവും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പത്താം പീയൂസു മാപ്പാപ്പാ, പതിനൊന്നാം പീയൂസ് മാപ്പാപ്പാ എന്നീ തിരുമേനിമാർ, വേദപുസ്തകപാനത്തിൽ ബിരുദങ്ങൾതന്നെ ഏപ്പെടുത്തി.

കത്തോലിക്കർ വേദപുസ്തകം വായിക്കാമെന്നു മാത്രമല്ല, സുവിശേഷങ്ങൾ നിയമേന വായിക്കുന്നവക്കു ഒരു പൂണ്ണദണ്ഡവിമോചനം തന്നെ 13-ാം ലെയോ മാപ്പാപ്പാ കല്പിച്ചനുവദിച്ചിട്ടുണ്ടു്. എന്നാൽ, കത്തോലിക്കാസഭയുടെ അംഗീകാരത്തോടുകൂടി പ്രസിദ്ധം ചെയ്തിട്ടുള്ള വേദപുസ്തകപ്രതികൾ മാത്രമേ ദൈവനിവേശിതഗ്രന്ഥങ്ങളായി കത്തോലിക്കർ അംഗീകരിക്കുകയും വായിക്കുകയും ചെയ്യാവൂ. മററു പലതിലുമെന്നപോലെ ഇതിലും കൃത്രിമത്വം ധാരാളമാകാവുന്നതാകയാൽ ഇങ്ങനെ രക്ഷാമാർഗ്ഗം ആവശ്യമായിരിക്കുന്നു.

പഴയനിയമത്തെപ്പററിയാണെങ്കിൽ, അവ നമ്മുടേതിൽനിന്നു തീരേ ഭിന്നവും, പ്രത്യേകവുമായ സംസ്കാരത്തോടുകൂടിയ ഒരു ജനതയെ ഉദ്ദേശിച്ചാണ് ആദ്യം എഴുതിയിട്ടുള്ളതു്. ആകയാൽ ആ പശ്ചാത്തലത്തിൽനിന്നു വേണം അവയെ മനസ്സിലാക്കുവാൻ. പഴയനിയമം വായിക്കുമ്പോൾ പ്രത്യക്ഷത്തിൽ നമുക്കു ദുർഗ്രഹങ്ങളായി തോന്നുന്ന പല ഭാഗങ്ങളും കണ്ടേക്കാം. അവയെ സ്വേച്ഛ അനുസരിച്ചു വ്യാഖ്യാനിക്കുന്നപക്ഷം സാധാരണ വായനക്കാർ വഴിതെററിപ്പോയി എന്നുവരും. തൻമൂലം സഭയുടെ അധികൃതമായ വ്യാഖ്യാനങ്ങളോടുകൂടി വായിക്കേണ്ടതു് കാര്യഗ്രഹണത്തിന് അത്യന്താപേക്ഷിതമാകുന്നു.

—o—

(4-ാംപേജ് തുടർച്ച)

ണ്. ധീരതയോടുകൂടി കത്തോലിക്കാതിരുസഭയെ ആശ്ലേഷിച്ചതിൽ തിരുമേനി ഹാർദ്ദമായി എന്നെ അനുമോദിക്കയും കത്തോലിക്കാ പട്ടക്കാർക്കാവശ്യമുള്ള വിജ്ഞാനദായകമായ ശാസ്ത്രങ്ങൾ പഠിച്ചു പാണ്ഡിത്യം സമ്പാദിക്കാനായി എന്നെ സെൻറു് തെരേസാസ് മേജർ സെമ്മിനാരിയിലേക്കു അയക്കയും ചെയ്തു. ആറുസംവത്സരത്തെ നിരന്തരമായ പരിശ്രമത്തിൻെറ ഫലമായി പഠിത്തവും പരിശീലനവും പൂർത്തിയാക്കി എൻെറ സതീർത്ഥ്യന്മാരായ മറേറഴു ശെമ്മാശന്മാരോടുകൂടി 1929 മാർച്ചു 16-ാംനു- പാവനസ്മരണാർഹനായ ബെൻസിഗർ തിരുമേനിയിൽനിന്നു ഞാൻ പൗരോഹിത്യം സ്വീകരിച്ചു. അങ്ങനെ അനേകവർഷങ്ങളുടെശേഷം, ഒരു കത്തോലിക്കാപുരോഹിതനായിത്തീരണമെന്നുള്ളഎൻെറ അഭിവാഞ്ഛ സാധിതപ്രായമായി.

ഫാദർ ഗീവർഗീസ് എം. ഏ. യാക്കോബായ സഭയിൽ സമാരംഭിച്ചു ബഥനി പ്രസ്ഥാനത്തെ സംബന്ധിച്ചും കത്തോലിക്കാസഭയിലേക്കുള്ള അദ്ദേഹത്തിൻെറ ചായ്‌വിനെ സംബന്ധിച്ചും മററും കൊല്ലം ബിഷപ്പു തിരുമേനിയോടും മററും അക്കാലത്തു ഞാൻ പറയാറുണ്ടായിരുന്നു. അവരെല്ലാം അപ്പോൾ പറഞ്ഞതു, അദ്ദേഹവും അദ്ദേഹത്തിൻെറ അനുചരന്മാരും നിശ്ചയമായും കത്തോലിക്കാ തിരുസഭയെ ആശ്ലേഷിക്കുമെന്നാണ്. അവരുടെ മാനസാന്തരത്തിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഉപദേശിച്ചു. പരിശുദ്ധമായ ഉദ്ദേശത്തോടുകൂടി മതപരമായ സംഗതികളിൽ പ്രവർത്തിച്ചവരും സന്യാസാശ്രമങ്ങൾ സ്ഥാപിച്ചവരുമായ പലരും യൂറോപ്പിലും മററു രാജ്യങ്ങളിലും കത്തോലിക്കാസഭയിൽ ചേരുകയാണുണ്ടായിട്ടുള്ളതെന്നു പ്രസ്താവിച്ചു. ആ പ്രവചനം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു.

1929 മേയ് 18-ാംനു-പുനലൂർ ഡിസ്ത്രിക്റ്റിലെ അസിസ്റ്റൻറു വികാരിയായി ഞാൻ നിയമിക്കപ്പെട്ടു. പത്തനാപുരം, കൊട്ടാരക്കര, മീൻകുളം, അഞ്ചൽ മുതലായ ആറേഴു സ്ഥലങ്ങളുണ്ടായിരുന്നു ആ ഡിസ്ത്രിക്റ്റിൽ. ഒരു കൊല്ലത്തിനു ശേഷം എന്നെ പത്തനാപുരത്തെ മിഷ്യനറിയായി സ്ഥലം മാററി. ഇവിടെ എൻെറ മിഷ്യൻജോലി നിർവ്വഹണത്തിനിടയിൽ 1930-ൽ ബെൻസിഗർ തിരുമേനി ഒരു ദിവസം എന്നെ കൊല്ലം അരമനയിലേക്കു വിളിച്ചു.

യാക്കോബായ സഭയെപ്പററി അസംതൃപ്തനായി ബഥനിത്തിരുമേനി, കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുവാൻ പരിശ്രമിച്ചു കൊണ്ടിരിക്കയായിരുന്നു. കൊല്ലം ബിഷപ്പിൻെറ പേക്കു അദ്ദേഹം എഴുത്തുകുത്തുകൾ ചെയ്തുകൊണ്ടിരുന്നു. ബിഷപ്പു തിരുമേനി ഈ വിവരങ്ങളെല്ലാം റോമയിലേക്കു എഴുതി അറിയിച്ചു. ഏതാനും മാസങ്ങൾക്കകം അനുകൂലമായ മറുപടി അദ്ദേഹത്തിനു ലഭിച്ചു. വിവരം രഹസ്യമായി അറിയുന്നതിനും മറുപടി അയക്കുന്നതിനും വളരെ ഉൽക്കണ്ഠയോടുകൂടെ കാത്തിരിക്കയായിരുന്നു ബഥനിത്തിരുമേനി. ഇതിനകം ബഥനിമെത്രാൻ കത്തോലിക്കാസഭയിൽ ചേരാൻ പോകുന്നു എന്നുള്ള ശ്രുതി യാക്കോബായക്കാരുടെ ഇടയിൽ പ്രചരിച്ചിരുന്നു. കൊല്ലത്തുനിന്നുള്ള വിവരം അറിവാൻ ഉൽക്കണ്ഠയോടുകൂടി ബഥനിക്കാർ കാത്തിരിക്കുമ്പോഴാണു ബെൻസിഗർ മെത്രാൻ തിരുമേനി മാർ ഈവാനിയോസ് തിരുമേനിക്കു കൊടുപ്പാൻ ഒരെഴുത്തു എൻെറ പക്കൽ തന്നയച്ചതു്. ഏഴു വർഷത്തെ വേർപാടിനുശേഷം ഈ എഴുത്തുസഹിതം ഞാൻ അവിടെ ചെന്നപ്പോൾ, തിരുമേനിക്കും മാർ തിയോഫിലോസിനും അവിടെ ഉണ്ടായിരുന്നവർക്കെല്ലാവർക്കും വലിയ സന്തോഷവും ആഹ്ളാദവുമായി. സ്വർഗ്ഗത്തിൽ നിന്നും ഒരു മാലാഖാ പ്രത്യക്ഷപ്പെട്ടതുപോലെയാണു് ഞാൻ അവിടെ ചെന്നതു എന്നാണു മാർ ഈവാനിയോസു് തിരുമേനി അവരോടു അപ്പോൾ പറഞ്ഞതു്. കുറെ സമയം വിശ്രമിച്ചതിൻെറ ശേഷം, മാർ ഈവാനിയോസ് തിരുമേനി ബെൻസിഗർ തിരുമേനിയുടെ പേക്കു തന്നയച്ചു മറുപടി ഉടൻതന്നെ കൊല്ലത്തു കൊണ്ടുപോയി കൊടുക്കുവാൻ ഞാൻ മടങ്ങുകയും ചെയ്തു. ഇങ്ങനെ പുനരൈക്യം സംബന്ധിച്ചു്, സുപ്രധാനമായ അറിവു് മാർ ഈവാനിയോസ് തിരുമേനിക്കും തിരിച്ചു മറുപടി ബെൻസിഗർ തിരുമേനിക്കും കൈമാറുന്നതിൽ ഒരു സന്ദേശവാഹിയായിത്തീരുവാൻ എനിക്കു ഭാഗ്യം സിദ്ധിച്ചു.

ഞാൻ പുനലൂർ, പത്തനാപുരം, കടക്കൽ മുതലായ സ്ഥലങ്ങളിൽ മൂന്നാലു വർഷം മിഷ്യൻ പ്രവർത്തനം ചെയ്തു ശേഷം, ശാസ്താംകോട്ട, കടമ്പനാടു്, ശൂരനാടു്, തഴവാ മുതലായ സ്ഥലങ്ങളിൽ പത്തു വർഷവും പിന്നീടു മീൻകുളം, വടക്കുന്തല, മരുതൂർകുളങ്ങര, തങ്കശ്ശേരി, അരനല്ലൂർ, കോയിവിള മുതലായ സ്ഥലങ്ങളിൽ 13 വർഷങ്ങളും വേല ചെയ്തു. അനേകരെ കത്തോലിക്കാസഭയിൽ ചേർക്കുന്നതിനും മററു വൈദികസേവനങ്ങൾ അനുഷ്ഠിക്കുന്നതിനും ദൈവം എന്നെ അനുഗ്രഹിച്ചു. അങ്ങനെ ഇപ്പോൾ ഞാൻ കത്തോലിക്കാ തിരുസഭയിൽ ചേർന്നിട്ടു മുപ്പത്തിമൂന്നു വർഷങ്ങളും, വികാരിയായിട്ടും മിഷ്യനറിയായിട്ടും സഭാസേവനം ചെയ്തിട്ടു 27 വർഷങ്ങളും ആയിരിക്കുന്നു. ദൈവാനുഗ്രഹത്താൽ മേലിലും വൈദികജോലിയും സഭാസേവനവും ചെയ്യാൻ തക്ക ശക്തിയും ആരോഗ്യവും തരുന്നതിനായി ദൈവത്തോടു ഹാർദ്ദമായി പ്രാർത്ഥിക്കുകയാണു്.

---

(12-ാംപേജ് തുടർച്ച)

ഡോക്കുട്ടിയോടു പറഞ്ഞു, "നീ ചെയ്യേണ്ടതു ചെയ്തു. എന്നാൽ നിന്നെ എല്ലാവരും കളിയാക്കിയപ്പോൾ കരയേണ്ട ആവശ്യമില്ലായിരുന്നു. ഉണ്ണീശോയ്ക്കുവേണ്ടി സന്തോഷത്തോടെ സഹിക്കാമായിരുന്നല്ലോ. ഇനിയും ഇങ്ങനെയുള്ള അനുഭവങ്ങളുണ്ടാകുമ്പോൾ അവ സന്തോഷപൂർവ്വം ഈശോയ്ക്കു അർപ്പിക്കുക."

അന്നു രാത്രി അത്താഴത്തിനു ശേഷം മഠത്തിലെ അമ്മമാർ അവരുടെ ഉല്ലാസമുറിയിൽ സമ്മേളിച്ചു. സിസിലിയാമ്മയുടെ പ്രധാന സംസാരവിഷയം ഡോക്കുട്ടിയായിരുന്നു. പരിഷ്കാരത്തിൻെറ അത്യുച്ചകോടിയിൽ എത്തിയിരിക്കുന്നുവെന്നഭിമാനിക്കുന്ന ഈ കാലത്തുപോലും സാധാരണ ഒരുത്തരും തന്നെ ചെയ്യുവാൻ ധൈര്യപ്പെടാത്ത ഒരു പ്രവൃത്തി ഡോക്കുട്ടി വളരെ സന്തോഷത്തോടുകൂടിചെയ്തു. അന്നുണ്ടായ സംഭവവികാസങ്ങളെല്ലാം തന്മയത്വത്തോടും വാഗ്‌വിലാസത്തോടുംകൂടി അവർ വിവരിച്ചു. കേട്ടുനിന്ന വൃദ്ധയായ മത്തീനാമ്മ ഉപസംഹരിച്ചു: "ആ തള്ളയുടെ ഗുണമാ. പണ്ടു ക്ലാരമാത്തിലായിരുന്നപ്പോൾ ഞാൻ അവളെ പഠിപ്പിച്ചിട്ടുള്ളതാ. ദൈവത്തിനുവേണ്ടി മക്കളെ വളർത്തുവാൻ അവൾക്കറിയാം. അങ്ങനെയുള്ള മാതാക്കളാണു തിരുസഭയ്ക്കു കൊച്ചുപുണ്യവാന്മാരേയും പുണ്യവതികളേയും പ്രദാനംചെയ്യുന്നതു്."

"ശരിയാ മത്തീനാമ്മേ" സിസിലിയാമ്മ ആ അഭിപ്രായത്തെ തലകുനിച്ചു പിന്താങ്ങി.

---

Book Review

## Short Meditations For Priests

(By Rev. John J. Doyle, C. SS. R., translated and adapted from the French original of Rev. A. M. Meley, C. SS. R. Publishers are M. H. Gill & Son Ltd. 50 Upper O'Connel Street, Dublin Pages 360—Price 15 s.)

This is a handy book of 196 short meditations arranged in five parts, mainly intended for the daily use of priests. Its first part comprises of 87 meditations on the virtues, duties and failings of Priestly Life; second part 27 meditations on the Great Truths of Catholic Belief; third part, 25 meditations on Jesus Christ as the Eternal Priest; fourth part, 34 meditations on Mary, the Mother of the Priest; and the last Part, 2 meditations on different Priests' Models. On the average, each meditation covers only two pages of the book. A short preparatory prayer and thanks-giving is given at the beginning and at the end of every meditation a reflectory prayer too is added. The book being handy, every priest may find it very convenient to carry it with him wherever he goes, along with his Breviary.

As for the contents, the meditations are doctrinal and at the same time well arranged with practical applications and spiritual affections so that the exercitant will feel it inspiring and full of unction. The book comes from the talented and erudite pen of Rev. Fr. Doyle who is well known in his spiritual works. He was, so to say, persuaded to take up this work owing to the incessant requests of the Rev. Fathers who were in the know of the meditation book he had written for the use of the Redemptorist Fathers. This eminent work speaks of its merits by itself and any one who uses it will realise them by his own experience. I have much pleasure to recommend this conveniently got up meditation book to priests of all classes and climes. Busy Parish Priests, lonely Missionaries and even Religious may use this book with much fruit and realise in themselves its noble aim in view, i. e. to form Christ in the Priest, who is A'lter Christus'. (J. P. V.)

---

# സ്നേഹചിഹ്നം വിജയിക്കുന്നു

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ)

മതമർദ്ദനത്തെപ്പേടിച്ചു് റോമ്മാപ്പട്ടണത്തിൽനിന്നു പുറത്തുപോകുന്ന പത്രോസിനെതിരേ, കുരിശും വഹിച്ചുകൊണ്ടു് ദിവ്യരക്ഷകൻ വരുന്നു. അതുകണ്ടു് വിഷണ്ഡനായ പത്രോസ്, ചോദിച്ചു: "Quo Vadis Domine" നാഥാ! അവിടുന്നു എവിടെ പോകുന്നു? "ഭീരുവായ പത്രോസിനുവേണ്ടി വീണ്ടും ക്രൂശിക്കപ്പെടുവാൻ, റോമാ നഗരിയിലേക്കു്" എന്നു് കർത്താവു് പ്രതിവചിച്ചു. ലജ്ജാഭരിതനായ ശിഷ്യസത്തമൻ റോമിലേക്കു തിരിച്ചുപോയി, രക്തസാക്ഷിമകുടം ചൂടി. കർത്താവിൻെറ കുരിശു് പത്രോസിൻെറ ഭീരുത്വത്തെ കീഴടക്കിക്കൊടുത്തു; വിജയിച്ചു.

ഏ. ഡി. 317-ൽ മാക്സെൻസിയൂസ്സിനെതിരായി യുദ്ധം ചെയ്യാനൊരുങ്ങിയ കോൺസ്റ്റൻറയിൻ ചക്രവർത്തി ആകാശത്തിൽ പ്രകാശിക്കുന്നൊരു കുരിശു ഉയർത്തപ്പെട്ടിരിക്കുന്നതായിക്കണ്ടു. അതിനു താഴെ ഇപ്രകാരം എഴുതിയിരുന്നു:- "In hoc Signo Vincis" "ഈ അടയാളത്തിൽ നീ വിജയിക്കും." അപ്രകാരം കുരിശുമൂലം അദ്ദേഹം യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു.

സ്പെയിനിലെ ആഭ്യന്തര വിപ്ലവകാലത്തു് എതിർകക്ഷികളുടെ ഭടന്മാർ ഒരു തെരുവീഥിയിൽകൂടി മാർച്ചു് ചെയ്യുകയായിരുന്നു. കുരിശുരൂപം ധരിച്ച ഒരു കൊച്ചു പെൺകുട്ടിയെ വഴിമദ്ധ്യേ അവർ കണ്ടുമുട്ടി. കുപിതരായ പട്ടാളക്കാർ ആ കുട്ടിയുടെ കഴുത്തിൽനിന്നും കുരിശുരൂപം വലിച്ചുപറിച്ചു് ദൂരെ എറിഞ്ഞു കളഞ്ഞു. ബുദ്ധിമതിയും ഭക്തയുമായ ആ ബാലിക ഉടൻതന്നെ തൻെറ ശിരസ്സുയർത്തിപ്പിടിച്ചു് നെററിയിലും നെഞ്ചിലും കുരിശു വരച്ചശേഷം ധൈര്യപൂർവ്വം ഇപ്രകാരം വെല്ലുവിളിച്ചു:- "ഞാൻ ഈ വരച്ച കുരിശ് ഒന്നു എടുത്തു കളയൂ സാധിക്കുമെങ്കിൽ!" സുധീരമായ ആ പ്രവൃത്തിയും വെല്ലുവിളിയും കേട്ട പട്ടാളക്കാർ ലജ്ജിച്ചുപോയി. നോക്കുക കുരിശിൻെറ നാനാവിധത്തിലുള്ള വിജയം!!

അന്നുവരെ നിന്ദാപാത്രമായിരുന്ന കുരിശു കർത്താവിൻെറ ബലിപീഠമായിത്തീർന്നതു മുതൽ മേല്പറഞ്ഞവിധം മഹത്വമുള്ളതായെങ്കിലും പിൽക്കാലത്തു് അതിനെ പഴയ രീതിയിൽ താഴ്ത്തുവാൻ അവിശ്വാസികൾ അശ്രാന്തപരിശ്രമംചെയ്തു. അവർ കർത്താവിൻെറശവക്കല്ലറയിൽചപ്പുംചവറും നിറച്ചുകളഞ്ഞു.പിന്നീടു് ഹഡ്റിയൻ (Hadrian) വീനസ് എന്ന ദേവതയ്ക്കായി ഒരു ആലയം അവിടെ പണികഴിപ്പിക്കുകയും ചെയ്തു. എന്നാൽ റോമൻ സമ്രാട്ടായിരുന്ന കോൺസ്റ്റൻറയിൽ ചക്രവർത്തിയുടെ മാതാവു്—ഹെലേനാ രാജ്ഞി—A. D. 326-ൽ വിശുദ്ധ കുരിശു കണ്ടുപിടിക്കുവാൻ ഒരു ശ്രമം നടത്തി. തൽഫലമായി ആണി തറയ്ക്കപ്പെട്ട മൂന്നു കുരിശുകൾ കണ്ടെടുത്തു. വി. കുരിശിൻെറ മേൽ എഴുതി ഒട്ടിച്ചിരുന്ന ആ പലക വേർപെട്ടു കിടന്നിരുന്നതിനാൽ ഏതു കുരിശിലാണു് കർത്താവു മരിച്ചതെന്നു് തിരിച്ചറിയുവാൻ നിവൃത്തിയില്ലാതായി. അതിനാൽ അവിടെ സന്നിഹിതരായിരുന്ന ജറൂസലം മെത്രാൻ —മക്കാറിയൂസ്—തദർത്ഥം ഒരു പരീക്ഷണം നടത്തി. ഒന്നിനുശേഷം ഒന്നായി മൂന്നു കുരിശുകൊണ്ടും ഒരു രോഗിയെ സ്പർശിച്ചു. മൂന്നാമത്തെ കുരിശിൻെറ സ്പർശനമാത്രയിൽ രോഗി സുഖം പ്രാപിച്ചു. അത്ഭുതം കൊണ്ടു തെളിഞ്ഞ ആ വി. കുരിശിൻെറ ഒരു ഭാഗവും, അതിൽ കർത്താവിനെ തറച്ച ആണികളും ഹെലേനാ രാജ്ഞി സ്വപുത്രൻ കോൺസ്റ്റൻറയിൻ ചക്രവർത്തിക്കു് അയച്ചുകൊടുത്തു. ബാക്കിഭാഗം ജറൂസലത്തുതന്നെ വളരെ പൂജ്യമായ രീതിയിൽ ഒരു രജതപേടകത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നു. ആണ്ടുവട്ടത്തിൽ ദുഃഖവെള്ളിയാഴ്ചമാത്രം വിശ്വാസികളുടെ ഭക്തിക്കായി അതു പ്രദർശിപ്പിക്കപ്പെട്ടുവന്നിരുന്നു. ഇങ്ങനെ കുരിശു കണ്ടെടുത്തതിൻെറ ഓർമ്മ നിലനിറുത്തുവാനാണു് മേയ് 3-ാംനു- കുരിശിൻെറ കണ്ടെത്തൽ (Finding of the Holy Cross) എന്ന തിരുനാൾ തിരുസഭയിൽ നിശ്ചയിച്ചിരിക്കുന്നതു്.

കുരിശിൻെറ പുകഴ്ച (Exaltation of the Holy Cross) എന്ന മററൊരു തിരുനാൾ സെപ്റ്റംബർ 14-ാംനു-യും നാം ആഘോഷിക്കുന്നുണ്ടു്.317-ൽ മാക്സെൻസിയൂസിനെതിരായി കോൺസ്റ്റൻറയിൻ യുദ്ധം ചെയ്യാൻ ഒരുങ്ങിയപ്പോൾ സംഭവിച്ച മേൽ വിവരിച്ച സംഭവത്തെ സ്മരിക്കുവാനാണു് ഈ തിരുനാൾ സ്ഥാപിതമായതെന്നു് പണ്ഡിതന്മാരുടെ ഇടയിൽ ഒരഭിപ്രായമുണ്ടു്. പ്രസ്തുത സംഭവം എവുസേബിയസിനോടു് കോൺസ്റ്റൻറയിൻതന്നെ പറഞ്ഞിട്ടുള്ളതാണു്. ഇപ്രകാരം അവിശ്വാസികളുടെ ശ്രമത്തിനെതിരായി കുരിശു പുകഴ്ച പ്രാപിച്ചു. ഇന്നു് അതു് ചക്രവർത്തിമാരുടെ കിരീടങ്ങളേയും അംബരചുംബികളായ മണിമാളികകളേയും അലങ്കരിക്കുന്ന ഒരു രക്ഷാകര ചിഹ്നമായി വിരാജിക്കുന്നു.

ആലോചിച്ചു നോക്കിയാൽ സ്നേഹചിഹ്നം കൂടിയാണു് ഈ കുരിശു്. മനുഷ്യസ്നേഹിയായ യേശുനാഥൻ മനുഷ്യരോടുള്ള തൻെറ സ്നേഹം കാണിക്കുവാനാണല്ലോ ക്രൂശാരോഹിതനായതു്. അങ്ങനെ അതു ദൈവത്തിൻെറ

(ശേഷം 5-ാംപേജിൽ)



വസ്ത്രങ്ങളുടെ മോടിയിൽ

എല്ലാവർക്കും അഭിമാനമാണ്

പണക്കാരൻേറയും പണിക്കാരൻേറയും മടിശീലയ്ക്കൊത്ത തുണിത്തരങ്ങൾക്ക് ഞങ്ങളെ സമീപിക്കുക.

ഫാഷൻ ഫാബ്രിക്സ്

മൻസിപ്പൽ ഓഫീസ് റോഡ്, തൃശ്ശൂർ

വിമർശനപംക്തി

# ലൂർദ്ദിലെ പ്രത്യേകതകൾ

3. ലൂർദ്ദിൽ രോഗശാന്തികൾ സംഭവിക്കുന്നുണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. അതിനെ നിഷേധിക്കുവാൻ ബുദ്ധിയുള്ള ഒരു മനുഷ്യനും സാദ്ധ്യമല്ല. എന്നാൽ "ഏററവും വിദഗ്ദ്ധനായ വൈദ്യശാസ്ത്രജ്ഞനുപോലും അജ്ഞാതമായ ശാരീരികകാരണങ്ങളാൽ" ആണു് ഈ രോഗശാന്തിയെന്നാണു് ലൂർദ്ദ കണ്ടിട്ടില്ലാത്ത ഇരിഞ്ഞാലക്കുടയിലെ "യുക്തിവാദി" സമത്ഥിക്കുന്നതു്. വൈദ്യശാസ്ത്രജ്ഞനുപോലും അജ്ഞാതമായ ശാരീരികകാരണങ്ങൾ ലൂർദ്ദിൽമാത്രം പ്രവൎത്തിക്കുന്നതെന്താണെന്നും, എന്തുകൊണ്ടാണു മററു സ്ഥലങ്ങളിൽ പ്രവൎത്തിക്കാതിരിക്കുന്നതെന്നും യുക്തിവാദി വ്യക്തമാക്കുന്നില്ല. ആ ശാരീരികകാരണങ്ങൾ ലൂർദ്ദിൽമാത്രമേ പ്രാവൎത്തികമാകുകയുള്ളുവെങ്കിൽ, അവിടത്തെ അന്തരീക്ഷത്തിനോ, വെള്ളത്തിനോ യാതൊരു പ്രത്യേകതയുമില്ലെങ്കിൽ, അതുതന്നെ ഒരു അത്ഭുതമാണല്ലോ.

രോഗശാന്തിക്കു കാരണം ലൂർദ്ദിലെ അന്തരീക്ഷവും അവിടത്തെ വെള്ളത്തിൻെറ രോഗശമനൗഷധശക്തിയുമാണെന്നായിരുന്നു വളരെക്കാലത്തേക്കു യുക്തിവാദികളുടേയും നിരീശ്വരന്മാരുടേയും വാദം. തന്മൂലം ലൂർദ്ദിലെ അന്തരീക്ഷത്തെപ്പററിയും അവിടത്തെ ജലത്തെപ്പററിയും ശാസ്ത്രീയമായ അനേകം നിരീക്ഷണപരീക്ഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ടു്. ഈ ശാസ്ത്രീയപരീക്ഷണങ്ങളുടെ ഫലമായി അവിടത്തെ അന്തരീക്ഷത്തിനോ ജലത്തിനോ യാതൊരു പ്രത്യേകതയുമില്ലെന്നും, ജലത്തിനു യാതൊരു ഔഷധശക്തിയുമില്ലെന്നും പ്രഖ്യാപിക്കുവാൻ യുക്തിവാദികളായ ശാസ്ത്രജ്ഞന്മാർപോലും നിർബന്ധിതരായിട്ടുണ്ടു്.

ലൂർദ്ദ സന്ദർശിച്ചു് അവിടത്തെ സ്ഥിതിഗതികൾ നേരിട്ടുകാണുകയും രേഖകൾ പഠിക്കുകയും ചെയ്ത മിസ്സസ് രൂത്തു ക്രാൻസ്റ്റൺതന്നെ പറയുന്നതു നോക്കുക:-

"ലൂർദ്ദിൽ നടക്കുന്ന രോഗശാന്തിക്കു കാരണം അവിടത്തെ അസാധാരണ വികാരപരമായ കാലാവസ്ഥയാണെന്നു വിചാരിക്കുന്ന നിരീക്ഷകന്മാർ പലരുമുണ്ടു്. എന്തെന്നാൽ ആ തീർത്ഥസങ്കേതത്തിലെ അന്തരീക്ഷം മുഴുവൻ വിശ്വാസത്തെ തീക്ഷ്ണതരമാക്കുന്നതരത്തിലുള്ളതാണു്.

"ലൂർദ്ദിനെപ്പററിയുള്ള ആശ്ചര്യാവഹമായ വസ്തുതകളിലൊന്നു് ആ പട്ടണത്തിൽ ഒരിക്കലും ഒരു സാംക്രമികരോഗം ഉണ്ടായിട്ടില്ലെന്നുള്ളതാണു്. പ്രതിവർഷം 20 ലക്ഷം യാത്രക്കാരും 30,000 രോഗികളും അവിടെക്കൂടി കടന്നുപോകുന്നുണ്ടു്. പ്രതിദിനം ശതക്കണക്കിനു് ആളുകളെ അവിടെ കുളിപ്പിക്കുന്നുണ്ടു്. എല്ലാത്തരം രോഗങ്ങളും ബാധിച്ച അനേകമാളുകളെ ഒരേ വെള്ളത്തിൽ കുളിപ്പിക്കുന്നു. എന്നിട്ടും പ്രത്യക്ഷമായ യാതൊരു രോഗസംക്രമണവും ഇതേവരെ ഉണ്ടായിട്ടില്ല.

"ലൂർദ്ദിലെ വെള്ളം ആശ്ചര്യാവഹമായ ഒരു പ്രതിഭാസമാകുന്നു. ആദ്യകാലങ്ങളിൽ, അവിടത്തെ ഉറവയെ ചൂഷണം ചെയ്യുന്നതിനും, ആ പട്ടണത്തെ എയിലെ ബേയിൻ, വിഷി എന്നിവയെപ്പോലെ ആഭിവൃദ്ധകമായ ഒരു ഗ്രീഷ്മകാലസങ്കേതമായി രൂപാന്തരപ്പെടുത്തുന്നതിനും കുശാഗ്രബുദ്ധികളായ ചില ലൂർദ്ദപൗരന്മാർ ഭാവനചെയ്തിരുന്നു. എന്നാൽ അവിടത്തെ വെള്ളം അപഗ്രഥിച്ചുനോക്കിയതിൽ, അതിനു ഔഷധപരമോ രോഗശമനപരമോ ആയ യാതൊരു ഗുണവിശേഷങ്ങളുമില്ലെന്നു തെളിഞ്ഞപ്പോൾ അവർ അത്യന്തം നിരാശരായിത്തീൎന്നു. "മണ്ണിൽ കാൽസിയം അധികമുള്ള ഏതു മലമ്പ്രദേശങ്ങളിലും കാണപ്പെടുന്ന വെള്ളത്തിനു തുല്യ"മായിരുന്നു അതു്.

"എന്നാൽ കുളിക്കടവിലേ വെള്ളത്തെപ്പററി അണുശാസ്ത്രപരമായി നടത്തിയ പഠനം ആശ്ചര്യാവഹമായ ഒരു കണ്ടുപിടിത്തത്തിനു കാരണമായി. രോഗബാധിതരായ രോഗികളെ തുടരെത്തുടരെ ഒരേ വെള്ളത്തിൽതന്നെ കുളിപ്പിച്ചിട്ടും എന്തുകൊണ്ടു രോഗം പകരുന്നില്ലായെന്നതു് അറിയാൻ ജിജ്ഞാസുവായ മെഡിക്കൽബ്യൂറോ ആ കുളിക്കടവിലെ വെള്ളത്തിൻെറ സാമ്പിളുകളെടുത്തു ശാസ്ത്രീയമായി അപഗ്രഥിച്ചുനോക്കുകയുണ്ടായി. വെള്ളം അങ്ങേ അററം അശുദ്ധമാണെന്നു്— Streptococcus, Staphylococcus, colibacillus തുടങ്ങിയ എല്ലാത്തരം രോഗാണുക്കളുമടങ്ങിയതാണെന്നു്—റിപ്പോർട്ടുകൾ തെളിയിച്ചു. എന്നാൽ അത്ഭുതമെന്നേ പറയേണ്ടു, ഈ അശുദ്ധമായ ജലം ഗിനിയാപന്നികളിൽ കുത്തിവെച്ചിട്ടും അവ പരിപൂൎണ്ണാരോഗ്യത്തിൽതന്നെ നിലനിന്നു. അതേസമയം, ഇതേ രോഗാണുക്കളുള്ള സീൻനദിയിലെ വെള്ളം കുത്തിവെച്ച ഗിനിയാപന്നികളിൽ മൂന്നിൽ രണ്ടുഭാഗവും ചത്തുപോകുകയാണുണ്ടായതു്.




"ആകയാൽ ഈ തീൎത്ഥസങ്കേതത്തിൻെറ ഭക്തന്മാൎക്കു ലൂർദ്ദിലെ വെള്ളത്തെപ്പററി അനന്യസാധാരണമായ ഒരു ആദരവാണുള്ളതു്. താഴെപ്പറയുന്ന നാടകീയമായ സംഗതി ഈ വസ്തുതയെ തെളിയിക്കുകയാണു ചെയ്യുന്നതു്. ഓരോ ദിവസത്തേയും ജോലികളുടെ അവസാനത്തിൽ, മഞ്ചൽവാഹകന്മാരും പരിചാരികമാരും ആ കുളിക്കടവുകളിൽനിന്നും ഓരോ ഗ്ലാസ് വെള്ളമെടുത്തു് ഒരു വിശ്വാസപ്രകടനമെന്ന നിലയിൽ കുടിക്കുക സാധാരണമാണു്.

"ഈ സ്വമേധയാ ജോലിക്കാരുടെ സേവനം മുക്തഹസ്തവും അക്ഷീണവുമായിരിക്കുന്നു. അവരിൽ പലരുംതന്നെ, മുൻകൊല്ലങ്ങളിൽ ഇവിടെ രോഗശാന്തി പ്രാപിച്ചിട്ടുള്ളവരാണു്. അവരുടെ കേവലസാന്നിദ്ധ്യംതന്നെ—അവർ ഇപ്പോൾ പ്രകടമായവിധം ശക്തരും ആരോഗ്യസമ്പുഷ്ടരുമാണെന്നുള്ള വസ്തുതതന്നെ—രോഗികൾക്കു അതിബൃഹത്തായ നിവേശനവും പ്രത്യാശയും നൽകുന്നുണ്ടു്.

"ബ്രൻകാർഡിയേഴ്സ്—മഞ്ചൽവാഹകന്മാരെ അങ്ങനെയാണു വിളിക്കുന്നതു്—എല്ലാത്തരം ജീവിതരീതികളിലും പെട്ടവരാണു്. സൈനികജനറൽമാർ, യന്ത്രവിജ്ഞാനികൾ, ജഡ്ജിമാർ, ക്ലാൎക്കന്മാർ, ബാങ്കർമാർ, സിവിൽ ഉദ്യോഗസ്ഥന്മാർ മുതലായവരെല്ലാമുണ്ടു്. സ്ഥിരം അസോസിയേഷനിൽ അത്തരക്കാർ രണ്ടായിരത്തിലധികമുണ്ടു്. പ്രതിവർഷം ഏതാനും സമയം ഈ ജോലിക്കു വിനിയോഗിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്തിട്ടുള്ളവരാണവർ. പ്രഭാതംമുതൽ അർദ്ധരാത്രിവരെ, ചിലപ്പോൾ അതിൽ കൂടുതൽ സമയവും അവർ ജോലിചെയ്യുന്നു. അവരുടെ ജോലി ദുർഭരമായിട്ടുള്ളതു്; ഭക്ഷണമോ അനിശ്ചിതം; വിശ്രമം അത്യല്പം; അടിയന്തിരാഹ്വാനങ്ങളാൽ അതുതന്നേയും ഭഞ്ജിക്കപ്പെട്ടെന്നുവരും. തിരക്കുള്ള കാലഘട്ടങ്ങളിൽ ദിവസത്തിൽ 22 തീവണ്ടികളിൽ വരുന്ന രോഗികളെ പരിചരിക്കേണ്ട ഭാരം അവൎക്കു നേരിടാറുണ്ടു്.

"എല്ലാ ബ്രൻകാർഡിയൎക്കും ചട്ടങ്ങളടങ്ങിയ ഒരു ചെറിയ ഹാൻഡുബുക്കു കൊടുക്കാറുണ്ടു്. അതിലെ അവസാനത്തെ ചട്ടം ഇങ്ങനെയാണു്: "നിരന്തരമായി പ്രാൎത്ഥിക്കണം." സേവിക്കുന്നതിനുള്ള അവകാശമല്ലാതെ, ബ്രൻകാർഡിയർ മററു യാതൊരു പ്രതിഫലവും ഇച്ഛിക്കുന്നില്ല. അവരുടെ സംഘത്തിൻെറ പ്രസിഡൻറു് അഭിമാനപൂൎവ്വം എന്നോടു പറഞ്ഞു: "കഴിഞ്ഞ മുപ്പതുകൊല്ലത്തെ സേവനത്തിനിടയിൽ, ദിവസത്തിലെ ക്ലേശകരമായ ജോലിക്കുശേഷം, വീണ്ടും ക്ലേശകരമായ ഒരു ജോലികൂടി ചെയ്യുവാൻ ഞാൻ ആവശ്യപ്പെട്ടിട്ടു് ഒരു ബ്രൻകാർഡിയർ സഹോദരനെങ്കിലും അതിനെ നിഷേധിക്കുകയോ, അതേപ്പററി ഒരിക്കലെങ്കിലും മറുമുറുക്കുകയോ ചെയ്തതായ ഒരനുഭവം ഉണ്ടായിട്ടില്ല."

"സ്വമേധയാ പരിചരണവൃത്തിയിലേൎപ്പെട്ടിരിക്കുന്ന നേഴ്സുമാരുടെ സംഖ്യയും രണ്ടായിരത്തോളംവരും. എല്ലാത്തരം സാമൂഹ്യനിലവാരങ്ങളിലും പെട്ടവരാണിവർ. അവരും അവിശ്രമമായവിധം ജോലിചെയ്യുന്നു. അവർ വലിയ ഗോവണികളിലൂടെ തെരുതെരെ കേറുകയും ഇറങ്ങുകയും, ശുശ്രൂഷണോപകരണങ്ങൾ വഹിച്ചുകൊണ്ടു നടക്കുകയും, മലിനങ്ങളായ വസ്ത്രങ്ങൾ നീക്കംചെയ്യുകയും, ദുർഗന്ധപൂരിതങ്ങളായ വ്രണങ്ങൾ തേച്ചുകഴുകുകയുംചെയ്യുന്നു. അവർ ഉല്ലാസത്തോടും സന്തോഷത്തോടും നിരന്തരമായ പ്രാൎത്ഥനയോടുംകൂടി ഇതു ചെയ്യുന്നു.

4. "ആ സ്ഥലം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഭക്തി, ആത്മസമൎപ്പണത്തിൻേറയും സ്വാർത്ഥപരിത്യാഗത്തിൻേറയും ചൈതന്യം, ലൂർദ്ദു് അന്തരീക്ഷത്തിലെ ശക്തിമത്തായ ഒരു ഘടകമായിരിക്കുന്നു. പ്രതിവർഷം ശതക്കണക്കിനാളുകൾ തങ്ങളുടെ വിശ്രമകാലം ഈ ജോലിക്കു വിനിയോഗിക്കുവാൻ പാൎത്തിരിക്കുന്നു. എൻെറ ഹോട്ടലിലെ സ്മാരകങ്ങൾ വില്ക്കുന്ന ഷാപ്പിലെ പെൺകുട്ടി എല്ലാക്കൊല്ലവും ഇംഗ്ലണ്ടിൽനിന്നു് ഇവിടെ വരികയും, രാവിലെ ഷാപ്പിൽ ജോലിചെയ്യുകയും ഉച്ചകഴിഞ്ഞു് കുളിക്കടവിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. കുക്കിൻെറ ട്രാവൽഏജൻസിയിൽ ജോലിചെയ്യുന്ന പെൺകുട്ടി ദിവസംമുഴുവൻ പണിയെടുത്തശേഷം എല്ലാദിവസവും സന്ധ്യമുതൽ പാതിരാവരെ ഗ്രോട്ടോയിൽപോയി സേവനമനുഷ്ഠിക്കുന്നു.

"ഈ ജനങ്ങളെല്ലാം അത്തരം സേവനങ്ങളിൽ അവാച്യമായ ആനന്ദമാണു് അനുഭവിക്കുന്നതു്. ഒരു മഞ്ചൽവാഹകൻ പറയുകയുണ്ടായി: "എല്ലാ ആഗസ്റ്റുമാസത്തിലും ലൂർദ്ദിൽ ചെലവഴിക്കുന്ന ഈ ചുരുങ്ങിയ ദിവസങ്ങൾ, ആണ്ടുവട്ടം മുഴുവനിലേക്കും എനിക്കു പ്രയോജനകരമായിരിക്കുന്നു. ഈ ഒരാഴ്ച എനിക്കു ഇവിടെ കിട്ടുന്നതിന്മേലാണു 12 മാസവും ഞാൻ ജീവിച്ചുപോരുന്നതു്."

"എല്ലാ പ്രഭാതത്തിലും, ദിവ്യപൂജ കാണുവാൻ പോകുന്ന അവരെ നിങ്ങൾ തെരുവീഥിയിൽവച്ചു കണ്ടുമുട്ടുന്നു. തുകൽവാർ അണിഞ്ഞിട്ടുള്ള മഞ്ചൽവാഹകന്മാർ മഞ്ചലുകൾ വഹിച്ചും ഉന്തുവണ്ടികൾ ഉന്തിയും പോകുന്നതുകാണാം. രോഗം മൂർദ്ധന്യത്തിലെത്തിയവരുടെ —Grands malades— കൂട്ടത്തിൽ ഹൃദയത്തെ ശകലിതമാക്കുന്ന കാഴ്ചകളുമുണ്ടു്. ആപാദമസ്തകം പ്ലാസ്റ്റർ ഇട്ടിരിക്കുന്ന അതിസുന്ദരിയായ ഒരു പെൺകുട്ടി; ക്ഷയരോഗത്തിൻെറ അന്ത്യഘട്ടത്തിലെത്തി വെളുത്തുമെലിഞ്ഞ ഒരു വൈദികൻ; മുഖമാസകലം വ്യാപിച്ചിരിക്കുന്ന വ്രണങ്ങൾ, തലയിലിട്ടിരിക്കുന്ന കറുപ്പുവസ്ത്രത്തിൽ ഗോപനംചെയ്യുവാൻ ശ്രമിക്കുന്ന ഒരു സ്ത്രീ; ബന്ധുക്കളുടെ സഹായത്തോടെ മുടന്തിനടക്കുന്ന ഒരു വൃദ്ധൻ; ഇതെല്ലാം കരളലിയിപ്പിക്കുന്ന കാഴ്ചകളാണു്. പക്ഷെ അവർ കടന്നുപോകുമ്പോൾ അവരുടെ അധരങ്ങൾ പ്രാൎത്ഥനകൾക്കായി ചലിക്കുന്നതു നിങ്ങൾക്കു കാണാം; മഞ്ചൽവാഹകരും നേഴ്സുകളും മന്ദസ്വരത്തിൽ "ആവേ മരിയാ" പാടുന്നതു നിങ്ങൾക്കു കേൾക്കാം.



ഭൎത്താവിൻെറ ഓപ്പറേഷൻ സുഖമായി കഴിഞ്ഞതിനു് നന്ദി. താമസിച്ചതിനു ക്ഷമാപണം.

Mrs. C. L. Antony. Trichur

"രോഗികൾ ദിവ്യപൂജകണ്ടു മടങ്ങിവന്നാൽ, കുളിക്കടവിലേക്കുള്ള യാത്ര തുടങ്ങുന്നു. വോളൻററിയർ നേഴ്സുമാർ രോഗികളെ ഓരോരുത്തരെയായി കുളിപ്പിക്കുന്നു. വെള്ളത്തിൽ മുക്കുവാൻ പാടില്ലാത്തവണ്ണം രോഗമൂർച്ഛയിലെത്തിയവരുടെമേൽ വെള്ളം തളിക്കുന്നു. വെള്ളം നേരിട്ടു വീഴത്തക്കവണ്ണം എല്ലാ വച്ചുകെട്ടുകളും ശ്രദ്ധാപൂൎവ്വം അഴിച്ചുമാററിയതിനുശേഷമാണു് ഇങ്ങനെ ചെയ്യുന്നതു്. രാവിലെ മുഴുവനും ഉച്ചകഴിഞ്ഞു 2 മുതൽ 4 വരെയും ഉറവയിലേക്കും അവിടെനിന്നും മഞ്ചലുകളും ഉന്തുവണ്ടികളും അണിയണിയായി പോകുന്നതു കാണാം. രോഗിക്കു പിന്നിൽ ബന്ധുക്കളും സുഹൃത്തുക്കളും തിങ്ങിക്കൂടിനില്ക്കുന്നു. അവരെല്ലാവരും ആത്മാൎത്ഥമായി പ്രാൎത്ഥിക്കുകയാണു്. പ്രാൎത്ഥനയും വിശ്വാസവും, ഒരേസ്വരത്തിലെന്നപോലെ നിരന്തരം സ്വൎഗ്ഗത്തിലേക്കുയരുന്നുകൊണ്ടിരിക്കുന്നു. ഇതു് ഒരു സജീവശക്തിപോലെയായിത്തീരുന്നു; അതിൻെറ ലയം രക്തത്തിലേക്കുതന്നെ കടക്കുന്നുണ്ടു്. അതുകൊണ്ടു ഒരുവൻ ചലിക്കാതിരിക്കണമെങ്കിൽ, അവൻ ശിലാനിൎമ്മിതനായിരിക്കണം.

"കൃത്യം നാലുമണിക്കു ഘണ്ടാനാദം മുഴങ്ങുന്നു; അതോടെ ഗ്രോട്ടോയിൽ ദിവ്യകാരുണ്യപ്രദക്ഷിണം ആരംഭിക്കുന്നു. ഉച്ചഭാഷിണികളിൽക്കൂടി ഒരു മഹത്തായ ഗാനം ഒഴുകിവരുന്നു; ആ വിപുലമായ ജനക്കൂട്ടം മുഴുവൻ ഏകസ്വരത്തിൽ അതിൽ പങ്കെടുക്കുന്നു. സുദീർഘവും അത്യാകർഷകവുമായ ഘോഷയാത്ര അനന്തരം തെരുവീഥിയിൽക്കൂടി മുന്നോട്ടുനീങ്ങുന്നു. ഓരോ തീർത്ഥസംഘവും (ഘോഷയാത്രയിൽ) സ്വന്തം പതാകകൾ വഹിച്ചിരിക്കും. അങ്കണത്തിൽ, രോഗികളെ രണ്ടു് അണിയായി കിടത്തിയിരിക്കും. പരിശുദ്ധപരമദിവ്യകാരുണ്യം അടുത്തുവരുന്നതോടുകൂടി, അവരുടെ പ്രാൎത്ഥനയുടെ തീക്ഷ്ണത വർദ്ധിക്കുന്നു. ശ്വേത, സൗവൎണ്ണാംശുകങ്ങളണിഞ്ഞ കാൎമ്മികനായ മെത്രാൻ, സൗവൎണ്ണപാലികയുടെകീഴിൽനിന്നും, അതുളിക്കയും വഹിച്ചുകൊണ്ടു മുന്നോട്ടുനീങ്ങുന്നു. ദിവ്യകാരുണ്യാശീർവാദത്തിനായി രോഗികൾ അവരുടെ ഭീകരവദനങ്ങൾ ഉയൎത്തുന്നു; മഹാജനക്കൂട്ടം മുട്ടുകുത്തുന്നു; തിരുവോസ്തി ഉയൎത്തി ആശീർവദിക്കുന്നു. തൽക്ഷണം രോഗിയായ ഒരുവൻ ചിലപ്പോൾ എഴുന്നേററു് വിളറിയവനെങ്കിലും വിജിഗീഷുവായി, ഘോഷയാത്രയെ അനുഗമിച്ചേക്കാവുന്ന മുഹൂൎത്തമാണിതു്. ശാന്തമെങ്കിലും വിജയദ്യോതകമായ കാലടികൾവെച്ചു് അവൻ ദേവാലയത്തിനുള്ളിലേക്കു പോകുന്നു.

"എല്ലാ ദിവസവും രാത്രി എട്ടുമണിക്കു് കത്തിച്ച മെഴുകുതിരിയും പിടിച്ചുള്ള ഘോഷയാത്ര ആരംഭിക്കുന്നു. തദവസരത്തിൽ ആ സങ്കേതം—Domaine— ഉജ്ജ്വലമായ ദീപയഷ്ടികളുടെ ഒരു പ്രളയമായി രൂപാന്തരപ്പെടുന്നു. കടലാസുകൊണ്ടു മറച്ച ഒരു മെഴുകുതിരി എല്ലാവരും ഗ്രോട്ടോയിലേക്കു സംവഹിക്കുന്നു. പ്രകാശമാനങ്ങളായ പതാകകളുടെ കീഴിൽ വിവിധ തീർത്ഥയാത്രാസംഘങ്ങൾ സമ്മേളിക്കുന്നതവിടെയാണു്. ആ കൊച്ചുമെഴുകുതിരിവെളിച്ചം വലിയ വലിയ പ്രകാശസമൂഹങ്ങളായിത്തീൎന്നു ഒടുവിൽ ഗ്രോട്ടോയ്ക്കു മുൻപിൽ ബൃഹത്തായ ഒരു അഗ്നിമണ്ഡലമായിത്തീരുന്നു. അനന്തരം ഘോഷയാത്ര, ചുററുമുള്ള അന്ധകാരത്തിലൂടെ, ചരിക്കുന്ന ഒരു അഗ്നിസൎപ്പത്തെപ്പോലെ, മുന്നോട്ടുനീങ്ങുന്നു. താഴോട്ടുള്ള പാതയിലൂടെ അതു ചുററിവളഞ്ഞു പോകുമ്പോൾ, ഗാനാലാപത്തിൻെറ മഹത്തായ ഒരു സ്ഫോടനം നക്ഷത്രങ്ങൾക്കു കീഴെ ശ്രാവ്യമാകുന്നു. അതു "ബെൎണ്ണദീത്തായുടെ ഗീത"മാണു്—ആവേ, ആവേ മരിയാ. കുതിരലാടാകൃതിയിലുള്ള ആ പാതയിലൂടെ ഘോഷയാത്ര മുമ്പോട്ടു നീങ്ങുമ്പോൾ ഒരു ഭാഗത്തു അതു കീഴോട്ടിറങ്ങുകയാണെങ്കിൽ മറുഭാഗത്തു മുകളിലേക്കു കയറുകയായിരിക്കും. തെരുവീഥിയിലുള്ള ലൂർദ്ദുനാഥയുടെ നാമത്തിലുള്ള ആശുപത്രിയുടെ കവാടങ്ങൾ തുറക്കപ്പെടുന്നു; അവിടെ നിരനിരയായുള്ള കിടക്കകളിലെ രോഗികൾ തങ്ങളുടെ മാതൃഭാഷകളിൽ ഈ സംഗീതത്തിൽ ചേൎന്നു പാടുന്നു.

"രണ്ടു മണിക്കൂർ നേരത്തേക്കു ഈ ഘോഷയാത്രയും ഗാനാലാപവും ഉണ്ടായിരിക്കും. അനന്തരം ഘോഷയാത്രക്കാർ ജപമാലദേവാലയത്തിൻെറ മുൻപിലുള്ള അങ്കണത്തിൽ തടിച്ചുകൂടും. മെത്രാനിൽനിന്നു് ഒരു അടയാളം ലഭിക്കുമ്പോൾ ഗാനാലാപം പെട്ടെന്നു നിലയ്ക്കുന്നു. അനന്തരം ദൈവത്തിലുള്ള തങ്ങളുടെ വിശ്വാസം പ്രഖ്യാപിച്ചുകൊണ്ടു്, റോമൻകത്തോലിക്കാസഭയുടെ സാൎവ്വത്രികഭാഷയായ ലത്തീനിൽ, എല്ലാവരും വിശ്വാസപ്രമാണം ഹൃദയദ്രവീകൃതമായ രീതിയിൽ പാടുന്നു. അതിൽ ഭാഗഭാക്കാകുന്ന ആരും ഒരിക്കലും വിസ്മരിക്കാത്ത ഒരു അനുഭവമാണിതു്."

—o—

ആഖ്യായിക




## അദ്ധ്യായം 18 (തുടർച്ച)
## ചതുരമായ ഒരുപായം

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

ഉന്നതാചാര്യൻ കയ്യഫാസ് ഇരിപ്പിടത്തിൽ അല്പം ഇളകിയിട്ട് ഉറച്ചിരുന്നു. തന്റെ ഉദ്യോഗജീവിതത്തിന്റെ ആ ഘട്ടത്തിൽ ശത്രുവിന്റെ ക്രമാതീതമായ സ്വാധീനബലത്തെപ്പറ്റി കയ്യഫാസ് സൂക്ഷ്മചേതനനായി കഴിയുകയായിരുന്നു. തന്റെ ഉദ്യോഗം ആജീവനാന്തം നിലനില്ക്കത്തക്കതല്ലായിരുന്നു. പ്രൊക്കുറയിറ്റർക്കിഷ്ടമുള്ളപ്പോൾ തന്നെ ഉദ്യോഗത്തിൽനിന്നു മാറുകയും ചെയ്യാമായിരുന്നു. ഈ സംഗതികൾ ആലോചിച്ചു കുറേക്കാലമായി കയ്യഫാസ് അടങ്ങിയൊതുങ്ങി വൻകാര്യങ്ങളിലൊന്നും ഇടപെടാതെ ഒഴിഞ്ഞുമാറിയിരുന്നു. എന്നാൽ ശത്രുരൻ നാശകരമായ ഒരു കളിയിൽ ഏർപ്പെട്ടിരിക്കുകയാണെന്നും താൻ വെറും നാമമാത്രസ്ഥാനിയുടെ നിലയിൽ എത്തിക്കഴിഞ്ഞുവെന്നുമുള്ള ബോധം ക്രമേണ കയ്യഫാസിൽ വേരുറച്ചുവന്നു. ഏതായാലും കാര്യങ്ങൾ തുറന്നുപറയുന്നതിനു് ഈ അവസരം ഉപയോഗിക്കുവാൻതന്നെ അദ്ദേഹം നിശ്ചയിച്ചു. "നമ്മുടെ ഇഷ്ടംപോലെ പ്രൊക്കുറയിറ്റർ ചെയ്യുമെന്നു് ഞാൻ കരുതുന്നില്ല. ക്രീഡാരംഗത്തു നടത്തുന്ന ഈ പ്രകടനത്തിന്റെ സാരവും എനിക്കു മനസ്സിലാകുന്നില്ല. യൂദാബെൻയാക്കോബ് ജറുസലേമിൽ ഇല്ലെന്നാണു് എന്റെ അറിവു്. അയാളെ പ്രൊക്കുറയിററുടെ ആളുകൾ ബന്ധിച്ചതായും വാർത്തയില്ല. പ്രൊക്കുറയിറ്റർക്കു പതിവുള്ള ചില്ലറ തമാശുകളിൽ പെട്ടതാണു് ക്രീഡാരംഗത്തിലെ പ്രസ്തുത ദ്വന്ദ്വയുദ്ധമെന്നു വന്നേക്കാം. അങ്ങനെയെങ്കിൽ നാം കല്പിക്കുന്ന വധശിക്ഷ റോമൻനിയമംസംബന്ധിച്ച വല്ല സാങ്കേതികതടസ്സവും പറഞ്ഞു് പീലാത്തോസ് സ്ഥിരീകരിക്കാതിരിക്കുകയില്ലെന്നെന്താണുറപ്പ്? സ്ഥിരീകരിക്കാതെ വരുന്നപക്ഷം ബറാബാസുമായുള്ള ഇടപാടിൽ പററിയ പരാജയത്തിന്റെകൂടെ വേറൊന്നും നമ്മൾ പേറേണ്ടിവരും. ഇങ്ങനെയുള്ള ഇരട്ടത്തോൽവി നമുക്കൊരുവിധത്തിലും ഗുണകരമാകുകയില്ല" കയ്യഫാസ് പ്രസ്താവിച്ചു.

ബറാബാസുമായുള്ള ഇടപാടിലുണ്ടായ തോൽവിയെപ്പററി സൂചിപ്പിച്ചതു് തനിക്കെതിരായ ഒരിരുട്ടടിയാണെന്നു അന്നാസറിയുകതന്നെചെയ്തു. ആ സഖ്യം മുന്നോട്ടുകൊണ്ടുപോയതിൽ പ്രധാനപ്രോത്സാഹകൻ അന്നാസുതന്നെ ആയിരുന്നല്ലോ. ദുർഗ്രഹമായ ഒരു ഭാവഭേദത്തോടുകൂടി ജാമാതാവിന്റെനേരെ തിരിഞ്ഞുകൊണ്ടു് അന്നാസ്പറഞ്ഞു: "ബറാബാസുമായുണ്ടായ നമ്മുടെ സഖ്യം പരാജയത്തിൽ കലാശിച്ചോ ഇല്ലയോ എന്നുള്ള പ്രശ്നം ഇപ്പോൾ തീരുമാനിക്കാതെ നീട്ടിവെക്കേണ്ടതാണെന്നാണെന്റെ പക്ഷം. ആ കാര്യത്തിൽ ഞാൻ നിങ്ങളിൽ ചിലർ കരുതുന്നതുപോലെ വിചാരശൂന്യനായിട്ടല്ലാ പ്രവർത്തിച്ചതെന്നു പറയുവാൻ ധാരാളം ന്യായങ്ങളുണ്ടു്. കൂടുതൽ പ്രാധാന്യമുള്ള നസ്രായന്റെ സംഗതിയിൽ പ്രൊക്കുറയിററർ നമ്മുടെ ഉദ്ദേശ്യം വിഫലമാക്കുകയില്ലെന്നുറപ്പുവരുത്തുവാൻ നാം എന്തു ചെയ്യണമെന്നാണാലോചിപ്പാനുള്ളതു്. ഞാൻ പറഞ്ഞതുപോലെ അദ്ദേഹം നമുക്കെതിരായി പ്രവർത്തിക്കുകയില്ലെന്നാണു എനിക്കു തോന്നുന്നതു്. മററുവിധത്തിൽ വരികയില്ലെന്നുറപ്പില്ലതാനും."

"ഇങ്ങനെയുള്ള സംഗതികളിൽ നാം സാധാരണ ചെയ്യാറുള്ളതുപോലെ ചെയ്യണം. അദ്ദേഹത്തെ നേരിട്ടുകണ്ടു് കാര്യം പറയണം. അങ്ങേക്കു പ്രൊക്കുറയിററെ സ്വാധീനപ്പെടുത്താവുന്നവിധത്തിൽ മററാക്കും സാദ്ധ്യമല്ല" കയ്യഫാസ് അഭിപ്രായപ്പെട്ടു.

"ഏതുവിധമായാലും പ്രൊക്കുറയിററെ ഞാൻ കാണേണ്ടതാവശ്യമാണെന്നെനിക്കു തോന്നുന്നുണ്ടു്. എങ്കിലും അതേക്ഷണത്തിൽതന്നെ ഇനിയും നാം ബന്ധനത്തിലാക്കിയിട്ടില്ലാത്ത ഒരു പാതകിയുടെ വധത്തിനു റോമൻഅധികാരിയോടു അനുവാദം ആവശ്യപ്പെടുക അവ്യക്തമല്ലയോയെന്നും ഞാൻ സംശയിക്കുന്നു. നസ്രായന്റെ കുററം ഒരു യഹൂദേതരന്റെ ദൃഷ്ടിയിൽ വിശങ്ക്യമാകാനേയിടയുള്ളു."

ശിമയോൻപുരോഹിതൻ അഭിപ്രായപ്രകടനത്തിനു മുതിർന്നു. "ഗവർണ്ണരുടെ സഹകരണം ആവശ്യമാണോയെന്നുതന്നെ ആലോചിക്കുക. ദൈവദൂഷകനും ദേവാലയധർഷകനുമായ ഒരാളുടെ കുററവിസ്താരം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ, കാണികളായികൂടുന്നവരുടെ കോപാഗ്നി കത്തിക്കാളി, നമ്മുടെ പൂർവ്വികന്മാരുടെ കാലത്തു നടക്കമായിരുന്നതുപോലെ റോമൻനാഥന്മാരോടു യാതൊരനുവാദവും ആവശ്യപ്പെടാതെ അവർ പാതകിയെ പിടിച്ചുകൊണ്ടുപോയി കല്ലെറിഞ്ഞു കൊന്നുകളയും, സംശയമില്ല."

അന്നാസ് അവജ്ഞാപൂർവ്വം മന്ദഹസിച്ചുകൊണ്ടു സംസാരിച്ചു: "ശിമയോൻ റാബി, കാണികളുടെ കോപവായ്പിനെപ്പററി അങ്ങു വാഗ്ധാടിയോടുകൂടി പ്രസ്താവിച്ചു. ആവശ്യമുണ്ടെങ്കിൽ അതു അങ്ങു പറയുന്നവിധത്തിൽ പ്രയോഗിക്കപ്പെടാമെന്നും ഞാൻ സമ്മതിക്കുന്നു. കുറെ അധികം ആളുകൾക്കു പണം കൊടുത്തു കോപം ജനിപ്പിച്ചാൽ വേറെ അധികമാളുകൾ അവരെ അനുകരിച്ചു് എന്തും ചെയ്യാനുണ്ടാകും. എന്നാൽ നസ്രായന്റെ അനുയായികളുടെ കാര്യമാലോചിക്കേണ്ടയോ? കല്ലെറിഞ്ഞുകൊല്ലാവുന്നതിൽ വളരെ കവിഞ്ഞതാണവരുടെ സംഖ്യ. അവരുടെ ഗുരുവിനെ നാം വൃഥാ കൊല്ലിച്ചുവെന്ന കുററാരോപണം അവർ ഉന്നയിച്ചാൽ നസ്രായന്റെ വിശ്വാസം അയാളോടുകൂടി ചരമമടയുകയില്ല. ആകയാൽ നാം നിയമപരമായ സാധാരണഗതിതന്നെ അവലംബിക്കണം."

ഉന്നതാചാര്യൻ കയ്യഫാസ് ശത്രുവിന്റെ നേരെ തിരിഞ്ഞു: "അങ്ങനെയെങ്കിൽ ഗവർണ്ണരെ പ്രാരംഭംമുതൽ നാം സ്വാധീനമാക്കണം. അങ്ങു വിനാവിളംബം അദ്ദേഹത്തെ സന്ദർശിക്കുകയും വേണം."

ഒന്നാം ഗണത്തിൽപെട്ട സാദോക്കു് പുരോഹിതൻ അഭിപ്രായം പുറപ്പെടുവിച്ചു: "എനിക്കൊന്നും അറിഞ്ഞുകൂടാ. എങ്കിലും ഈ ആലോചനകൾ എനിക്കു തീരെ ഇഷ്ടപ്പെട്ടിട്ടില്ലെന്നു പറയാതെ കഴിയുകയില്ല. നാം ബറാബാസിന്റെ കാര്യം ചർച്ചചെയ്യുവാനാണിവിടെ സമ്മേളിച്ചതു്. എന്നാൽ ആ നസ്രായന്റെ കാര്യംതന്നെ പറഞ്ഞു സമയം മുഴുവനും കളഞ്ഞു. ആ മനുഷ്യനെപ്പററി കേട്ടിട്ടുള്ളതിൽനിന്നു് ഞാൻ മനസ്സിലാക്കുന്നതു് അയാൾ ഒരു പാതകനിലധികം നിരുപദ്രവിയായ ഒരു മനുഷ്യനാണെന്നാണു്. അന്നാസ്, അങ്ങു് പറയുന്നു അയാൾക്കു് ധാരാളം അനുയായികളുണ്ടെന്നു്. ഒരുപക്ഷെ ഉണ്ടായിരിക്കാം. യോഹന്നാൻ ബെൻ സക്കറിയാക്കു് ഒരു വമ്പിച്ച അനുയായിസംഘം ഉണ്ടായിരുന്നില്ലെ? യോഹന്നാന്റെ ശിരച്ഛേദം ഹെറോദ് നടത്തിക്കഴിഞ്ഞപ്പോഴെ? യോഹന്നാന്റെ അനുയായികളാസകലം അദൃശ്യരായി. അയാൾ ജീവിച്ചിരുന്നെങ്കിൽപോലും അവർ തേഞ്ഞുമാഞ്ഞു് അസ്തമിക്കുമായിരുന്നു. ഇതുപോലെ കഴപ്പം നിറഞ്ഞ കാലങ്ങളിൽ ആവിർഭവിക്കാറുള്ള താൽക്കാലികകലാപങ്ങളാണിവ. റോമന്മാരുടെ പാദസമ്മർദ്ദംമൂലം ജനങ്ങൾ വളരെയധികം കഷ്ടതയനുഭവിക്കുന്നുണ്ടു്. ഇതിന്റെകൂടെ, കാലം പൂർത്തിയിലെത്തിയെന്നും മിശിഹായുടെ ആഗമനം ആസന്നമായിയെന്നുമുള്ള താൽമൂദ്കാരുടെ പ്രഖ്യാപനവും ഉണ്ടായിക്കഴിഞ്ഞു. ജനങ്ങൾ സ്വതന്ത്രരായിരുന്നുവെങ്കിൽ ഈവക മിത്ഥ്യാചിന്തകൾക്കായി അവർ തലപുകയ്ക്കുകയില്ലായിരുന്നു. അതുകൊണ്ടു് എനിക്കു പറയുവാനുള്ള അഭിപ്രായം നാം റോമന്മാരുടെ അധികാരം ആദ്യം തന്നെ തകർക്കണമെന്നാണു്. പി


### Thanksgiving

Thanksgiving to Bl. Martin De Porus, for a special favour received.

K. C. Mary
Trichur


ന്നീട് നസ്രായന്റെ സംഗതി കുററവിസ്താരമോ ഹിംസയോ ഒന്നുംകൂടാതെ താനെ അവസാനിച്ചുകൊള്ളും."

ഹന്നാസ് ഒന്നും സംസാരിക്കാതെ മേശപ്പുറത്തുതന്നെ ദൃഷ്ടിയുറപ്പിച്ചു, കുറേനേരം കഴിച്ചു. അദ്ദേഹം എന്താ പറയേണ്ടതെന്നുള്ളതിനെപ്പററി ഗാഢമായി ചിന്തിക്കുകയായിരുന്നുവെന്നും മററുള്ളവർ ആ അഭിപ്രായം കേൾക്കുവാൻ അക്ഷമരായി പാർത്തിരുന്നുവെന്നും തോന്നി. സാമാന്യം ദീർഘിച്ച മൗനാവസ്ഥയ്ക്കുശേഷം അദ്ദേഹം പറഞ്ഞു: "നിങ്ങൾ നസ്രായന്റെ ഉപദേശങ്ങൾക്കും അവയ്ക്കു പൊതുജനങ്ങളുടെയിടയിൽ ഉള്ള ഫലസിദ്ധിക്കും മതിയായ വിലകല്പിക്കുന്നില്ല. അയാളുടെ ഉപദേശങ്ങൾ നമ്മുടെ ദേവാലയത്തിന്റെയും സാമൂഹ്യവ്യവസ്ഥിതിയുടെയും അടിസ്ഥാനംതന്നെ ഇളക്കിക്കളയുന്നതാണു്. റോമന്മാരിൽനിന്നു് നമുക്കു് മോചനം ലഭിക്കുന്നതിനുമുമ്പേതന്നെ—എപ്പോഴെങ്കിലും മോചനത്തിനു് അവസരം കിട്ടുമെങ്കിൽ—അതിൽനിന്നു് നമുക്കു് യാതൊരു പ്രയോജനവും കൈവരാനില്ലാത്തവണ്ണം നമ്മുടെ പ്രശസ്തി നഷ്ടപ്പെടുകതന്നെ ചെയ്യും. ഇതുകൊണ്ടാണു് നസ്രായന്റെ സംഗതി ഒരു അവിളംബ്യസംഗതിയായി കരുതുന്നതും, അതു് പെട്ടെന്നു അവസാനിപ്പിക്കേണ്ടതായി വരുന്നതും."

"ഈ അവിളംബ്യസംഗതിയെപ്പററി പ്രൊക്കുറയിററരുമായി ചർച്ചനടത്തുവാൻ അങ്ങു് സന്നദ്ധനാണെന്നു് ഞാൻ വിശ്വസിക്കുന്നു." കയ്യഫാസ് പറഞ്ഞു.

അന്നാസ് അവയവകമ്പനത്തോടുകൂടി പ്രസ്താവിച്ചു: "അങ്ങനെ ചെയ്യേണ്ടതവശ്യാവശ്യമായിനിങ്ങൾ കരുതുന്നുവെങ്കിൽ ഞാൻ സന്നദ്ധൻതന്നെ. പക്ഷെ, ആ ചർച്ച നിർണ്ണായകമായ ഒരു ഘട്ടത്തിലെത്തുമെന്നു ഞാൻ കരുതുന്നില്ല."

ഇതോടുകൂടി പുരോഹിതന്മാരുടെ ആലോചനായോഗം അവസാനിച്ചു.

അന്നാസുടൻതന്നെ സ്വന്തം പല്ലക്കു് വരുത്തി അതിലേറി പ്രൊക്കുറയിററരുടെ അരമനയിലെത്തി. ഈ വൃദ്ധപുരോഹിതൻ അരമനയിലെത്തിയാൽ വിനാവിളംബം വിവരം പീലാത്തോസിനെ അറിയിക്കുന്നതും കാത്തുകെട്ടിനില്ക്കുവാനിടവരാതെ ഗവർണ്ണരുമായി സന്ദർശനം നടക്കുന്നതും പതിവായിരുന്നു. പീലാത്തോസ് വിശാലമായ സന്ദർശനശാലയിൽ ആഗതനായി.

ഉന്നതപുരോഹിതൻ നെഞ്ചിന്മേൽ കൈകൾ വിരിച്ചു് പ്രൊക്കുറയിററരുടെ മുമ്പിൽ പ്രണാമം ചെയ്തിട്ടു് ഏതാണ്ടൊരു ഗാനരീതിയിൽ "അവിടുത്തേക്കു സമാധാനം" എന്നു് ഗ്രീക്കുഭാഷയിൽ അഭിവാദ്യം ചെയ്തു.

"സമാധാനം! ഉന്നതാചാര്യനെ കണ്ടതിൽ സന്തോഷമുണ്ടു്. അദ്ദേഹത്തിനു് സ്വാഗതം. അടുത്തുവരാം." പീലാത്തോസിന്റെ സ്വീകരണം ഇങ്ങനെ നടന്നു.

അന്നാസ് അടുത്തുചെന്നു. എങ്കിലും ശുദ്ധം മാറാതിരിക്കുവാൻ ഏഴടി അകലം പാലിച്ചു. പീലാത്തോസ് നാടിന്റെ മുഴുവനും അധിപനായിരുന്നുവെങ്കിലും അന്നാസിന്റെ ദൃഷ്ടിയിൽ വെറും പുറജാതിക്കാരനായിരുന്നല്ലോ. അന്നാസിന്റെ അയിത്താചരണം ശരിക്കു് മനസ്സിലാക്കിയ പീലാത്തോസ് തന്റെ ലോചാധരങ്ങളിൽ കളിയാടിയ അവജ്ഞാസൂചകമായ ചെറുചിരിയോടുകൂടി ഇസ്രായേലിലെ ഉന്നതാചാര്യൻ ഇരിക്കുവാനാംഗ്യം നൽകി. അനന്തരം സംഭാഷണമാരംഭിച്ചു: "ഉന്നതാചാര്യനെ ഇങ്ങോട്ടാനയിച്ച സംഗതിയെന്തായിരിക്കുമോ? ഔപചാരികസന്ദർശനം മാത്രമല്ലെന്നു വിശ്വസിക്കട്ടെയോ?"

ഉന്നതാചാര്യന്റെ അന്തർവ്യാപകമായ നോട്ടം പ്രൊക്കുറയിററരുടെ മുഖം മുഴുവനും പരിശോധിച്ചു. അവിടെ ദർശിച്ച അപൂർവ്വമായ മാധുര്യവും മര്യാദയും അദ്ദേഹത്തിനു പ്രിയംകരമായി തോന്നിയില്ല. "അങ്ങു് ഊഹിച്ചതു് ശരിയാണു്. പ്രൊക്കുറയിററർ, ഞാൻ ഒരു പ്രത്യേകകാര്യം പ്രമാണിച്ചു വന്നതാണു്. റോമായിലുള്ള എന്റെ പുത്രനിൽനിന്നു കിട്ടിയ ഒരു കത്തു് എന്നിൽ അല്പം ആശങ്ക ജനിപ്പിച്ചിരിക്കുന്നു."

ഉന്നതാചാര്യന്റെ ഉള്ളിൽ കുടികൊണ്ട ആശയം എന്തെന്നു് മനസ്സിലാകാതെ പീലാത്തോസ് ചോദിച്ചു: "അവിടുത്തെ സമുന്നതപുത്രൻ എന്താണാവൊ എഴുതിയിരിക്കുന്നതു്?"

"അഗസ്റ്റസ് ചക്രവർത്തിയുടെ അരമനയിൽ താമസിക്കുന്ന എന്റെ പുത്രൻ റോമാസാമ്രാജ്യത്തിന്റെയും സ്വന്തം ജന്മഭൂമിയുടെയും താല്പര്യങ്ങൾ തമ്മിൽ സ്വരൈക്യം വരുത്തുവാൻ ഉററുശ്രമിച്ചുകൊണ്ടിരിക്കുന്നു."

(തുടരും)


## മയ്യഴിത്തിരുനാൾ മഹാമഹം

### ഒക്ടോബർ 14, 15

#### തിരുനാളാരംഭം ഒക്ടോബർ 5

തീർത്ഥകരുടെ സൗകര്യാർത്ഥം 1956 ഒക്ടോബർ 14, 15 തീയതികളിൽ തീവണ്ടിക്കും, ബസ്സിനും പ്രത്യേക ഏർപ്പാടുകൾ ചെയ്യപ്പെടുന്നതാണു്.

നിങ്ങളുടെ എല്ലാ ആവശ്യങ്ങളിലും, മയ്യഴിയിൽ 1736-ൽ സ്ഥാപിച്ചതായ അത്ഭുതകരവും ബഹുമാന്യവുമായ അവിലായിലെ വിശുദ്ധ ത്രേസ്യായുടെ തീർത്ഥകേന്ദ്രത്തിൽ അഭയം തേടുക. നിങ്ങൾക്കു് ഒരിക്കലും ഇച്ഛാഭംഗം വരികയില്ല.



കൊല്ലംതോറും തിരുനാൾ മഹോത്സവവേളയിൽ 25000-ൽ പരം തീർത്ഥയാത്രക്കാർ ഇവിടം സന്ദർശിക്കുകയും ലക്ഷക്കണക്കിൽ മെഴുകുതിരികൾ പ്രാർത്ഥനയായി ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഉള്ളഴിഞ്ഞു് പ്രാർത്ഥിക്കുന്ന ഏവർക്കും ഈ പുണ്യവതിവഴിയായി കാര്യസാഫല്യമുണ്ടാകുന്നതാണെന്നു ഇവിടെ പരക്കെ അനുഭവപ്പെട്ടതായറിയുന്നു. അത്യാശ്ചര്യകരമായ പല അനുഭവങ്ങളും നിരവധി ജനങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടു്.

അപേക്ഷകളും സംഭാവനകളും, പൂജാധർമ്മങ്ങളും താഴെക്കാണുന്ന വിലാസത്തിൽ എത്തിക്കേണ്ടുന്നതാണു്.

**Parish Priest, Mahe, N. Malabar**








സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ" 8—12—0

Wednesday
September 12
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 4




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




വിശുദ്ധ മരിയഗൊരേററിയുടെ ചരിത്രം നിങ്ങൾ അനുസ്മരിച്ചു കാണുമെന്നു വല്യേട്ടൻ വിശ്വസിക്കുന്നു. വിശുദ്ധിയെന്ന മനോഹരപുണ്യത്തെ ജീവൻ ബലികഴിച്ചും പരിരക്ഷിക്കുന്നതിനുള്ള ഒരുത്തേജനമാണ് വിശുദ്ധയുടെ ധീരമാതൃക കുട്ടികൾക്കു പ്രദാനംചെയ്യുന്നതു്. പരിശുദ്ധപുണ്യത്തെ യാതൊരു മാലിന്യവും ഏശാതെ സൂക്ഷിക്കുന്നതിനു നിങ്ങൾക്കാക്കും ദൈവാനുഗ്രഹത്താൽ ആ വിശുദ്ധയെപ്പോലെ ഉഗ്രമായ ഒരു സമരം ചെയ്യുന്നതിനോ ജീവൻ ബലികഴിക്കുന്നതിനോ ഉള്ള അപകടസാഹചര്യങ്ങൾ നേരിടേണ്ടതായിട്ടില്ല. നല്ല പാവനമായ കുടുംബങ്ങളുടെ അന്തരീക്ഷത്തിൽ മാതാപിതാക്കന്മാരുടേയും ആത്മീയപിതാക്കന്മാരുടേയും സംരക്ഷണയിൽ ശത്രുക്കളിൽനിന്നുള്ള ആക്രമണങ്ങൾ ഏൽക്കാതെ പരിരക്ഷിക്കപ്പെടുന്ന ചുററുപാടുകളാണ് ദൈവം നിങ്ങൾക്കു തന്നിരിക്കുന്നതു്. അവിടെ ദുഷ്ടന്മാരായ അലക്സാണ്ടറന്മാർ എത്തിടനാക്കാതിരിക്കത്തക്കവണ്ണമുള്ള ബന്ധവസ്സുകളെല്ലാം അവർ ജാഗ്രതയായി ചെയ്തുവച്ചുന്നുണ്ടു്. അതുകൊണ്ടു് അവരുടെ നിർദ്ദേശങ്ങളെല്ലാം നല്ല അനുസരണയോടുകൂടി നിവ്വഹിക്കുകയും, അമലോത്ഭവയായ പരിശുദ്ധകന്യകമറിയത്തോടും വിശുദ്ധപുണ്യത്തിന്റെ പ്രത്യേകമദ്ധ്യസ്ഥരും മാതൃകകളുമായ വിശുദ്ധന്മാരോടും സഹായമപേക്ഷിക്കുകയും ചെയ്താൽ നിങ്ങൾ സുരക്ഷിതരായിരിക്കും. ഭയപ്പെടേണ്ട. ഈ പരിരക്ഷകളെയെല്ലാം കടന്നു അറിവില്ലാത്ത—ഭോഷന്മാരായ എന്നുതന്നെ പറയട്ടെ!—കുഞ്ഞുങ്ങൾ ദുസ്വാതന്ത്ര്യത്തിനു പുറപ്പെടും. കോഴിക്കുഞ്ഞുങ്ങളെ നിങ്ങൾ കണ്ടിട്ടില്ലേ? അവയെ പരുന്തുകൊണ്ടുപോകാതിരിക്കാൻ തള്ളപ്പിട എന്തുമാത്രം ശ്രദ്ധിക്കുന്നു? തള്ളയുടെ അടുത്തുനിന്നാൽ ഒരു പരുന്തും അവയെ തട്ടിക്കൊണ്ടുപോവുകയില്ല. എന്നാൽ ദുസ്വാതന്ത്ര്യം എടുത്തു തള്ളയിൽനിന്നകന്നു കളിക്കാനും, തമ്മിൽ കൊത്താനും, ഇരപിടിക്കാനും പോയാൽ ഒളിച്ചിരിക്കുന്ന പരുന്തോ എറിയനോ കഥകഴിക്കും. ഇതുതന്നെയാണ് ദുസ്വാതന്ത്ര്യം എടുക്കുന്ന ദൈവത്തിന്റെ ഓമനക്കുഞ്ഞുങ്ങൾക്കും ചിലപ്പോൾ സംഭവിക്കുന്ന അപകടം. അതുകൊണ്ടു വിശുദ്ധ മരിയ ഗൊരേററി, വിശുദ്ധ ഡോമിനിക്കു് സാവിയോ, വിശുദ്ധ ആഗ്നസ് മുതലായ കുഞ്ഞുവിശുദ്ധന്മാരുടെ ചരിത്രങ്ങൾ നിങ്ങൾ മാതൃകകളായി സ്വീകരിച്ചു അവരെ അനുകരിക്കാൻ ശ്രമിക്കുവിൻ. വല്യേട്ടൻ.

നിങ്ങൾ വിശുദ്ധ മരിയഗൊരേത്തിയുടെ കഥ കേട്ടില്ലേ? അതു നിങ്ങൾക്കു ഇഷ്ടപ്പെട്ടു. ആഗ്നസിന്റെ ചരിത്രവും അതുപോലെയുള്ള ഒന്നാണ്. അതു നാലാം നൂററാണ്ടിൽ നടന്നു എന്നുമാത്രം




## 84-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ബറാബാസ്

## പ്രശ്നം നമ്പ്ര് 85

(കെ. പി. പൗലോസ്
Reg. No. 58)

യുവതീയുവാക്കന്മാർക്കു ഏററവും വിലപ്പെട്ട ഒരു സ്നേഹവിഷയമാണ് ഞാൻ. എന്നെ ശുശ്രൂഷിക്കുന്നതിനു അവർ സദാ ജാഗരൂകരാണ്. യുവതികൾ ഈ മത്സരത്തിൽ യുവാക്കന്മാരെ തോല്പിക്കുമോ എന്നു സംശയമുണ്ടു്. എത്രമാത്രം പണവും എത്രമാത്രം സമയവുമാണ് അവർ എനിക്കുവേണ്ടി ചെലവിടുന്നതു്! എന്റെ പേരിനു നാലക്ഷരമുണ്ടു്. ആദ്യത്തെ രണ്ടക്ഷരങ്ങൾ കൂടിയാൽ എന്റെ ഇരിപ്പിടത്തെക്കുറിക്കും. രണ്ടാമത്തെ രണ്ടക്ഷരങ്ങൾ എന്റെ സാക്ഷാൽ പേരും. ആദ്യക്ഷരം മരതകത്തിലുണ്ടു്, മാണിക്യത്തിലില്ല. രണ്ടാമത്തെ അക്ഷരം മലയിലുണ്ടു്, നാട്ടിലില്ല. മൂന്നാമത്തെ അക്ഷരം മുഖദാവിലുണ്ടു്, പുറകിലില്ല. അവസാനഅക്ഷരം കാലടിയിലുണ്ടു്, കൈവയ്പിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടർച്ച)

66. കെ ആർ ജോർജ്ജ് കാഞ്ഞിരത്തിങ്കൽ, പാടൂർ, ചാവക്കാട്
67. കെ വി തോമസ് കൈതാരൻ, ചെറായി.
68. ജോയി ജോർജ് കുളങ്ങര, മൂക്കന്നൂർ.
69. ഇ. എസ്. സഖറിയാസ്, ഇടച്ചേരിപറമ്പത്തു്, പൂവരണി
70. പി. എക്സ്. തോമസ് പടനിലം, ചങ്ങനാശ്ശേരി.

ചെറുകഥ

## ഡോക്കുട്ടി

(കെ. എം ചെറിയാൻ
Reg. No. 37)

ഡോക്കുട്ടി മനോഹരമായ ആ പടത്തിന്റെ ഭംഗിയെപ്പററി വീണ്ടുംവീണ്ടും ചിന്തിച്ചു. അതിന്റെ അർത്ഥസൂചന ആവത്തിച്ചാവത്തിച്ചാസ്വദിച്ചു. ആനന്ദസാഗരത്തിൽ അവൾ ആറാടുകയാണ്. ഉണ്ണിയെ തോളിലിട്ടു ഉറക്കുന്ന പരിശുദ്ധ ജനനിയുടെ ഒരു പടമായിരുന്നു അവൾക്കു അന്നു കിട്ടിയ സമ്മാനം. ഉറങ്ങിക്കിടക്കുന്ന ഉണ്ണിയുടെ മുഖം എത്ര കോമളം! സ്വർഗ്ഗീയമായ ഒരു തേജസ്സു തുളുമ്പുന്നുണ്ടു് ആ മുഖത്തു്. "ഹാ! ഈ ഉണ്ണിഈശോയുടെ മുഖം എന്റെ തോമസ്സുകുഞ്ഞിന്റെ മുഖംപോലിരിക്കുന്നു! എത്ര കോമളം. ഇതു ഞാനെന്റെ തോമസ്സുകുഞ്ഞിനു കൊടുക്കും." അവൾ ആത്മഗതം ചെയ്തു.

x x x

ഡോക്കുട്ടിക്കു പതിനാറിനടുത്ത പ്രായമുണ്ടു്. മററു സഹോദരിമാർക്കു് ഒരുത്തമ മാതൃകയായിട്ടാണ് അവൾ ജീവിക്കുന്നതു്. അവൾ പത്താം സ്റ്റാൻഡേർഡിൽ പഠിക്കുകയാണ്. അവളുടെ കുഞ്ഞാങ്ങളയുടെ പേരാണ് തോമസ്സുകുഞ്ഞു്. അവനു് വയസ്സു മൂന്നേ ആയിട്ടുള്ളു എങ്കിലും ഒരമ്പകാരന്റെ കുസൃതിയും ബുദ്ധിയുമുണ്ടു്. അവന്റെ കുസൃതിത്തരങ്ങളും, സൂത്രപ്പണികളുമൊക്കെ ഡോക്കുട്ടിക്കു് ഹൃദ്യമാണ്. അവളുടെ ജീവനാണവൻ. തോമസ്സുകുഞ്ഞും ഡോക്കുട്ടിയും, ഒരുമിച്ചുതുടിക്കുന്ന രണ്ടു ഹൃദയങ്ങളോടുകൂടിയ നിർമ്മല ജീവികൾ. തോമസ്സുകുഞ്ഞിനെ മടിയിൽ ഇരുത്തി തടവിത്തഴുകിക്കൊണ്ടു് അവൾ ചോദിക്കും, "തോമസ്സു കുഞ്ഞിനു് ആരോടാ ഏററം ഇഷ്ടം?" തോമസ്സുകുഞ്ഞു പറയും "ഡോക്കുത്തിക്കുഞ്ഞേച്ചിയോടു്". "ഏ!" ഡോക്കുട്ടി കുഞ്ഞാങ്ങളയുടെ കൊച്ചു തുടയിൽ സ്നേഹപൂർവ്വം ഒരു കൊച്ചടി കൊടുക്കും. തോമസ്സുകുഞ്ഞു ഉടനെ പറയും, "ആ—ഉണ്ണീശോയേ." ഡോക്കുട്ടിയുടെ നിർമ്മലത നിറഞ്ഞ താമരപ്പൂപോലുള്ള ആ മുഖം വികസിക്കും. ഉത്സാഹപൂർവ്വം വീണ്ടും ചോദിക്കും: "അതു കഴിഞ്ഞാൽപിന്നെആരെയാ?" തോമസ്സു കുഞ്ഞു പറയും, "ഡോക്കുത്തിക്കുഞ്ഞേച്ചിയെ". ഉടൻ തോമസ്സുകുഞ്ഞിന്റെ പിഞ്ചുമുഖകമലത്തിൽ അനേകമനേകം സ്നേഹചുംബനങ്ങൾ അവൾ അർപ്പിക്കയായി.

* * *

അന്നവൾ സ്കൂളിൽനിന്നുമടങ്ങുകയാണ്. വീട്ടിലെത്തുവാൻ പതിവല്ലാത്ത ധൃതി. കാരണം, തോമസ്സുകുഞ്ഞിനു നൽകുവാൻ ഒരു സമ്മാനം അവളുടെ കൈവശമുണ്ടു്. അതു് അവനു സമ്മാനിച്ചേ അവൾക്കു് അടക്കമാകയുള്ളു. അവൾ പൂർവ്വാധികം ധൃതിപ്പെട്ടു നടന്നു. വീടടുക്കുംതോറും അവളുടെ കൊച്ചു നിർമ്മല ഹൃദയം ദ്രുതഗതിയിൽ തുടിച്ചു. മുററത്തെത്തുന്നതിനു മുൻപു് അവൾ ഉച്ചത്തിൽ വിളിച്ചു: "തോമസ്സുകുഞ്ഞേ!"

ചേച്ചിയുടെ സ്വരം കേട്ട മാത്രയിൽ ആ കുസൃതിക്കുട്ടൻ അമ്മയുടെ അടുത്തുനിന്നും അവന്റെ ചേച്ചിയുടെ അടുത്തു് ഓടിയെത്തി.

"തോമസ്സുകുഞ്ഞു് ചേച്ചിക്കൊരുമ്മ താ."

ഡോക്കുട്ടിയുടെ രണ്ടു കവിളിലും അവൻ ഉമ്മ നൽകി.

"ഞാൻ പറയുന്നതൊക്കെ ചെയ്യാമെങ്കിൽ ഒരു സൂത്രം തരാം തോമസ്സുകുട്ടിക്കു്."

"എന്നാ സൂത്രമാ ചേച്ചീ?" അതറിഞ്ഞിട്ടുവേണം പറയുന്നതൊക്കെ കേൾക്കണമോ എന്നു് അവനു തീരുമാനിക്കാൻ.

"ഞാൻ പറയുന്ന മാതിരി ചെയ്യാമെങ്കിൽ തരാം." ഡോക്കുട്ടി പറഞ്ഞു. സൂത്രം എന്താണെന്നു് അറിയുവാൻ അവനു് ജിജ്ഞാസ വർദ്ധിച്ചു. അവൻ ആ സൂത്രം കിട്ടുവാൻ എന്തുതന്നെയും ചെയ്യുവാൻ തയ്യാറായി. അവൻ അവന്റെ കുഞ്ഞു ചേച്ചിക്കു വഴങ്ങിക്കൊടുത്തു. "എന്നാൽ ഞാൻ ചൊല്ലിത്തരുന്നതുപോലെ തെളിച്ചു ചൊല്ലിക്കൊള്ളണം." തോമസ്സുകുഞ്ഞിനെ മടിയിൽ എടുത്തുവച്ചുകൊണ്ടു് അവൾ ഉരുവിട്ടു; അതവൻ ഏററുചൊല്ലി, "എന്റെ ഉണ്ണീശോ, നിന്നെ ഞാൻ ചേയിച്ചുണ്ണു. മാതാവേ, എന്റെ അമ്മേ, ചോമ്മതുകുഞ്ഞിനെ കാത്തുകൊള്ളണമേ"

"സൂത്രം താ ചേച്ചീ" തോമസ്സുകുഞ്ഞിന്റെ ക്ഷമകെട്ടു. ഡോക്കുട്ടി പുസ്തകത്തിന്റെ ഉള്ളിൽനിന്നും രൂപമെടുത്തു. ആ രൂപത്തിൽ ചുംബിച്ചുകൊണ്ടു് തോമസിനുകൊടുത്തു. "മാതാവു ഉണ്ണീശോയെ എടുത്തുകൊണ്ടു് നില്ക്കുന്ന പടമാ ഇതു്. കളയരുതു് കേട്ടോ" ഡോക്കുട്ടി പറഞ്ഞു.

പടത്തിൽ ഒരുമ്മ കൊടുത്തുകൊണ്ടു് അവൻ അമ്മയുടെ അടുക്കലേക്കു കുതിച്ചുപാഞ്ഞു. അവന്റെ സന്തോഷത്തിൽ അമ്മച്ചിയേയും ഭാഗഭാക്കാക്കണം. കൊച്ചു കൈകളിൽ പടം മറച്ചു വച്ചുകൊണ്ടു് അവൻ സന്തോഷത്താൽ മതിമറന്നുപറഞ്ഞു "അമ്മച്ചീ, ചേച്ചി എനിച്ചൊരു സൂത്തരം തന്നു."

"എന്നാ സൂത്രമാ, മോനേ?"

അവൻ പ്രായമായ ആളിന്റെ ഭാവം നടിച്ചു, അമ്മച്ചിയെ കുഞ്ഞായി കരുതിക്കൊണ്ടു് അവന്റെ കുഞ്ഞേച്ചിയെ അനുകരിച്ചു പറയുകയാണ്, "ഞാൻ പറയുന്നതൊക്കെ പറഞ്ഞാൽ സൂത്തരം കാട്ടാം." കുഞ്ഞുമകന്റെ ഇംഗിതത്തിനു ആ സ്നേഹമാതാവു തലകുനിച്ചുകൊടുത്തു. അവൻ അമ്മച്ചിക്കു ചൊല്ലിക്കൊടുത്തു: "എന്റെ ഉണ്ണീശോ, നിന്നെ ഞാ ചേയിച്ചുണ്ണു." അമ്മ അതു ഏററുപറഞ്ഞു. ഉടനെ അവൻ ആ പടം കാണിച്ചു. അമ്മച്ചിയെക്കൊണ്ടു ഉമ്മവെപ്പിച്ചു. ആ പിഞ്ചോമൽക്കിടാവിന്റെ ലീലകളിൽ ആ സ്നേഹാംബികയുടെ ഹൃദയം ആനന്ദസാഗരത്തിലാറാടി.

അപ്പോൾ ഡോക്കുട്ടി അവിടെ സമാഗതയായി.

"എവിടെക്കിട്ടി ഡോക്കുട്ടി ഈ പടം?" അമ്മ ആരാഞ്ഞു.

"ടീച്ചർ തന്നതാ അമ്മച്ചീ."

"എന്തിനാ?"

ഡോക്കുട്ടിക്കു കുറേയേറെ പറയുവാനുണ്ടു്. ഒരു വീരകൃത്യംചെയ്ത ആളിന്റെ സംതൃപ്തിയും സന്തോഷവും അവളുടെ വക്ത്രത്തെ അലങ്കരിച്ചു. "അമ്മച്ചീ," അവൾ പറഞ്ഞുതുടങ്ങി: "ഇന്നു കാലത്തു ഞാൻ സ്കൂളിൽ പോകുന്നവഴി ഒരു കുട്ടി, ഒന്നാംക്ലാസ്സിലാ പഠിക്കുന്നതു്, വീണുകിടക്കുന്നു. കൈയുടെ മുട്ടിൽനിന്നും ചോര പനക്കുന്നുണ്ടായിരുന്നു ......"

"നീ അറിയുമോ ആ കുട്ടിയെ?"

"ആ മൈലൻപുലയന്റെ മകൾ ചിരുതയാണമ്മച്ചീ."

"എന്നിട്ടു നീ എന്തുചെയ്തു?"

"ഞാൻ അവളുടെ സ്ലേററും ചോറും വാങ്ങി. അവളുടെ കൈക്കുപിടിച്ചു കുറേ നടത്തി. എന്നിട്ടു സ്കൂളിനടുത്തുള്ള മുണ്ടുപാലം അവളെ ഞാൻ എടുത്തു കടത്തിവിട്ടു. അന്നേരം എന്റെകൂടെ പഠിക്കുന്ന ലീലയും മേരിയും വേറെ കുറെ കുട്ടികളും പിറകിൽ വരുന്നുണ്ടായിരുന്നു. അവർ കണ്ടു, ഞാൻ ചിരുതയെ എടുക്കുന്നതു്."

"അവർ കണ്ടതിനെന്താ?" അമ്മ ഇടയ്ക്കുകയറി ചോദിച്ചു.

"അവർ പള്ളിക്കൂടത്തിലെത്തിയപ്പോൾ എല്ലാവരോടും പറഞ്ഞു, ഞാൻ ചിരുതയെ എടുത്തുവെന്നു്. എന്നിട്ടു് എല്ലാവരുംകൂടി എന്റെ ചുററുംനിന്നു്, "പെലക്കുഴിച്ചിയെ എടുത്തേ" എന്നു വിളിച്ചുകൂകുകയും മൂക്കുപൊത്തി ഓടുകയുംചെയ്തു ......"

"എന്നിട്ടോ?"

"ക്ലാസ്സിനു മണിയടിച്ചു. എല്ലാവരും ക്ലാസ്സിൽകയറി. എന്നാൽ ഞാനിരുന്ന ബെഞ്ചിൽനിന്നും എല്ലാവരും എണീററു മാറിനിന്നു. ടീച്ചർ ക്ലാസ്സിൽ വന്നപ്പോൾ ഞാൻ തനിയെ ഒരു ബെഞ്ചിലിരുന്നു കരയുകയായിരുന്നു. ടീച്ചർ കാരണമന്വേഷിച്ചു. ലീല ചാടി എണീററു പറഞ്ഞു, ഞാൻ പെലക്കുഴിച്ചിയെ എടുത്തെന്നു്. ടീച്ചറിനോടു ഉണ്ടായ സംഗതികളെല്ലാം ഞാൻ തുറന്നുപറഞ്ഞമ്മച്ചീ."

"ടീച്ചർ എന്തു പറഞ്ഞുമോളേ?" അമ്മ ചോദിച്ചു.

ഡോക്കുട്ടിയുടെ മുഖത്തു സന്തോഷത്തിന്റെ വെള്ളിരേഖകൾ നിരന്നു. അവൾ പറഞ്ഞു, "ടീച്ചറിനു വളരെ സന്തോഷമായി. പുലയരും മനുഷ്യരാണെന്നും ആ കുഞ്ഞിൽ ഈശോയ്ക്കു വാഴുവാനുതകുന്ന ഒരാത്മാവുണ്ടെന്നും അവരേയും നാം സഹോദരതുല്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെന്നും ടീച്ചർ പറഞ്ഞു. ഞാൻ നന്നായി പ്രവർത്തിച്ചുവെന്നു പറഞ്ഞു് സമ്മാനമായി തന്നതാണ് ഈ പടം."

സുകൃതിനിയായ ഓമനമകളുടെ അനുകമ്പാർദ്രമായ പരസ്നേഹപ്രവർത്തനത്തിൽ ആ വത്സലമാതാവു രോമാഞ്ചംപൂണ്ടു. ദൈവത്തിനു ഹൃദയപൂർവ്വം നന്ദിപറഞ്ഞു.

"കൊള്ളാം മകളേ," അമ്മച്ചി

(ശേഷം 9-ാം പേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1